
VOL NO: 06 I ISSUE 52
www.nerpatham.com
mail@nerpatham.com
2022 DECEMBER 24 I ₹10

# നേർപഥം

വാരിക

## അധികാരമോഹവും നേതൃത്വഗുണങ്ങളും

ഏകീകൃത സിവിൽകോഡ് നടപ്പാക്കണമെന്ന ആവശ്യം രാജ്യസഭയിലും ഭൂരിപക്ഷം നേടിയിരിക്കുകയാണ്. നീതിയുടെയും സമത്വത്തിന്റെയും വർണക്കടലാസിൽ പൊതിഞ്ഞ് രാജ്യത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ഹിന്ദുത്വ അജണ്ടയുടെ അവസാനം പുറത്തുവന്ന ഉദാഹരണം മാത്രമാണ് ഏകീകൃത സിവിൽകോഡ്. കൃത്യമായ കർമപദ്ധതികൾ രൂപീകരിച്ച് ഇത്തരം നീക്കങ്ങൾ പ്രതിരോധിച്ചെങ്കിൽ മാത്രമെ മതേതരരാജ്യമെന്ന ഇന്ത്യയുടെ മഹിത പാരമ്പര്യം നിലനിർത്താൻ നമുക്ക് സാധിക്കൂ.



# ഏകീകൃത സിവിൽകോഡ്; ലക്ഷ്യം അത്ര നിഷ്കളങ്കമല്ല

|| ലൈംഗിക വളർച്ചയും സംസ്കരണ വഴികളും
|| പാഠ്യപദ്ധതി പരിഷ്കരണം: ആശങ്കകൾ ഇപ്പോഴും ബാക്കിയാണ്
|| ഐക്യവസ്ത്രരൂപമല്ല; സ്വത്വവസ്ത്ര സ്വാതന്ത്ര്യമാണ് ഭരണഘടനാപരം




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm

0309

# നേർപഥം

വാരിക

2022 ഡിസംബർ 24
1444 ജുമാദുൽ ഊല 29
പുസ്തകം 06 / ലക്കം 52




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



## ഏകീകൃത സിവിൽകോഡ്; ലക്ഷ്യം അത്ര നിഷ്കളങ്കമല്ല

ഉസ്മാൻ പാലക്കാഴി

**05**
മുഖമൊഴി
നിഷിദ്ധങ്ങളെ സൂക്ഷിക്കുക

**06**
ലേഖനം
അധികാരമോഹവും നേതൃത്വഗുണങ്ങളും
ഡോ. ടി. കെ യൂസുഫ്

**09**
നമുക്കുചുറ്റും
പാഠ്യപദ്ധതി പരിഷ്കരണം: ആശങ്കകൾ ഇപ്പോഴും ബാക്കിയാണ്
ടി.കെ അശ്റഫ്

**17**
കാഴ്ച
വിഭിന്നമായ കാരുണ്യം
ഇബ്നു അലി എടത്തനാട്ടുകര

**18**
പാരന്റിംഗ്
ലൈംഗിക വളർച്ചയും സംസ്കരണ വഴികളും
അശ്റഫ് ഏകരൂൽ

**21**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**24**
ക്വുർആൻ ദർശനം
അസ്സുഖ്റുഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ലേഖനം
ഐക്യവസ്ത്രരൂപമല്ല; സ്വത്വവസ്ത്ര സ്വാതന്ത്ര്യമാണ് ഭരണഘടനാപരം
സുഫ്യാൻ അബ്ദുസ്സലാം

**32**
ആരോഗ്യപഥം
വ്യവഹാര പ്രശ്നങ്ങൾ; സംഗ്രഹം
ഡോ.മുനവ്വർ

**34**
ബാലപഥം
ആരു പടച്ചു?
ഖദീജ നാസർ, പെരുമ്പാവൂർ

# ലഹരി; നിയമസഭ പുതിയ നിയമം പാസാക്കണം: വിസ്ഡം ആദർശ സമ്മേളനം

താമരശ്ശേരി: ലഹരിക്കെതിരെ കേരള നിയമസഭ ശക്തമായ ശിക്ഷകൾ ഉറപ്പാക്കുന്ന പുതിയ നിയമം കൊണ്ടുവരാൻ തയ്യാറാകണമെന്ന് താമരശ്ശേരി കോരങ്ങാട്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മുജാഹിദ് ആദർശ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. സമ്മേളനം വിസ്ഡം ഇസ് ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ് ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം മുഖ്യ രക്ഷാധികാരി സി.പി.അബ്ദുല്ല അധ്യക്ഷത വഹിച്ചു.

1985ലെ മയക്കുമരുന്ന് കേസുകൾക്ക് ശിക്ഷകൾ നിർദേശിക്കുന്ന എൻ.ഡി.പി.എസ് ആക്ട് (Narcotic Drugs and Psychiatric Substance Act) പരിഷ്കരിച്ച് ശക്തമായ ശിക്ഷാനടപടികൾ ഉറപ്പാക്കാൻ സമയം അതിക്രമിച്ചെന്നും പ്രമേയം തുടർന്നു.

ലഹരിക്കെതിരെ ബോധവൽക്കരണം, ഡി അഡിക്ഷൻ എന്നിവ ലക്ഷ്യംവെച്ച് പ്രാദേശിക കൂട്ടായ്മകൾ രൂപീകൃതമാവണം. സ്കൂൾ പി.ടി.എ, രാഷ്ട്രീയ പാർട്ടികൾ, മഹല്ല്, ക്ഷേത്ര, ചർച്ച് കമ്മിറ്റികൾ സ്ഥിരം അജണ്ടയായി ഇവ്വിഷയം എടുക്കണം. ആത്മീയ ചൂഷണങ്ങൾ വ്യാപകമാക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ ആത്മീയ ചൂഷണ പ്രദേശങ്ങൾ കേന്ദ്രീകരിച്ചു പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന് സമ്മേളനം പ്രഖ്യാപിച്ചു. വിശുദ്ധ ക്വുർആനും പ്രവാചക ചര്യയും പഠിക്കുന്നതിൽ നിന്ന് സമുദായത്തെ പുരോഹിതന്മാർ തടഞ്ഞതാണ് ഇസ്‌ലാമിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർധിക്കാൻ കാരണം. സ്ത്രീകൾക്കെതിരെ പരസ്യമായിത്തന്നെ ആക്രമണങ്ങളും കൊലപാതകങ്ങളും വർധിച്ച് വരുന്ന സാഹചര്യത്തിൽ ശിക്ഷാനിയമങ്ങളിലെ പഴുതുകളടച്ച് കർശനമായി ശിക്ഷ നടപ്പാക്കണം.

സോഷ്യൽ മീഡിയകളിൽ ചതിക്കെണികളൊരുക്കി കാത്തിരിക്കുന്ന സാഹചര്യം കൗമാരക്കാരും കുടുംബിനികളും ജാഗ്രതയോടെ കാണണം. പരലോകവിശ്വാസവും ആദർശ പ്രതിബദ്ധതയും പഠിപ്പിക്കുന്ന സംവിധാനങ്ങളിൽ മക്കളെ പങ്കെടുപ്പിച്ച് വിശുദ്ധിയുള്ളവരാകാൻ അവരെ പ്രാപ്തരാക്കുന്ന കാര്യത്തിൽ മാതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

വേഷത്തിന്റെ പേരിൽ ഇസ്‌ലാമിനെതിരെയുണ്ടാവുന്ന വിമർശനങ്ങൾ മതദർശനത്തെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടാക്കാനുള്ള ആസൂത്രിത ശ്രമമാണെന്ന് തിരിച്ചറിഞ്ഞ് ക്വുർആനും പ്രവാചക ചര്യയും മുൻധാരണകളില്ലാതെ വിശ്വസ്തമായ സംവിധാനങ്ങളിലൂടെ പഠിക്കുകയാണ് വേണ്ടതെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

'വിസ്ഡം ബുക്സ്' പുതുതായി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ വിസ്ഡം സംസ്ഥാന സെക്രട്ടറി ഹുസൈൻ കാവനൂർ കോരങ്ങാട് അശ്റഫ് മാസ്റ്റർക്ക് നൽകി പ്രകാശനം ചെയ്തു. പീസ് റേഡിയോ സി.ഇ.ഒ പ്രൊഫ. ഹാരിസ്ബ്നു സലീം, ഹുസൈൻ സലഫി ഷാർജ പ്രഭാഷണം നടത്തി.

ജനറൽ കൺവീനർ ടി.പി.അബ്ദുല്ലത്തീഫ്, ചെയർമാൻ ഉമർ അത്തോളി, വി.കെ.ഉനൈസ് സ്വലാഹി, സി.പി.സാജിദ്, സംസം അബ്ദുറഹ്മാൻ പ്രസംഗിച്ചു. സി.പി.സലീം, നാസർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, ഷമീൽ മഞ്ചേരി, യു.മുഹമ്മദ് മദനി, ബഷീർ കുണ്ടായിത്തോട്, കെ.ജമാൽ മദനി, മുജാഹിദ് ബാലുശ്ശേരി, ടി.പി.അബ്ദുൽ അസീസ്, വി.സി.മുഹമ്മദ് മാസ്റ്റർ, ടി.പി.അബ്ദുൽ ഖാദർ മാസ്റ്റർ, ടി.പി.അബ്ദുൽ ജലീൽ സംബന്ധിച്ചു.

വിസ്ഡം വെബ്സൈറ്റിന്റെ ലോഞ്ചിംഗ് യു.എ.ഇ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസിഡന്റ് ഹുസൈൻ സലഫി നിർവഹിച്ചു. ആയിരങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ വിസ്ഡം ബുക് സ്റ്റാൾ, പീസ് റേഡിയോ സെന്റർ, നേർപഥം സൈറ്റ് എന്നിവയും ഒരുക്കിയിരുന്നു.

# നിഷിദ്ധങ്ങളെ സൂക്ഷിക്കുക

ഇസ്‌ലാം നന്മയുടെ മതമാണ്. അതുകൊണ്ട് ഇസ്‌ലാം പറയുന്നു; നല്ലതേ പറയാവൂ. നല്ലതേ കേൾക്കാവൂ. നല്ലതേ കാണാവൂ. നല്ലതേ ചിന്തിക്കാവൂ. നല്ലതേ ഉടുക്കാവൂ. നല്ലതു മാത്രമെ തിന്നാനും കുടിക്കാനും പാടുള്ളൂ. വിശുദ്ധ ക്വുർആൻ പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽനിന്ന് വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ" (2:172).

നല്ലത് തിന്നുക, നല്ലത് കുടിക്കുക, നല്ലത് ഉടുക്കുക എന്നെല്ലാം പറയുമ്പോൾ ഉദ്ദേശിക്കുന്നത് ശുദ്ധമായത് എന്നാണ്. ശുദ്ധമാകുന്നത് അനുവദനീയമായതാകുമ്പോഴാണ്.

ഭക്ഷ്യവിഭവങ്ങൾ അന്വേഷിക്കുവാനും ഉപയോഗിക്കുവാനും കൽപിക്കുന്ന ഇസ്‌ലാം അതിന് ചില വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. അനുവദനീയമായ മാർഗത്തിലൂടെയല്ലാതെ ഉപജീവനം നേടുവാൻ ഒരു മുസ്‌ലിമിന് അനുവാദമില്ല. പലിശ, കൈക്കൂലി, കൊള്ള, മോഷണം തുടങ്ങിയ മാർഗങ്ങളിലൂടെയെല്ലാം പണം സമ്പാദിക്കുവാൻ കഴിയും. എന്നാൽ ഇസ്‌ലാം ഈ മാർഗങ്ങളെല്ലാം നിഷിദ്ധമാക്കിയിരിക്കുന്നു. അത്തരം മാർഗങ്ങളിലൂടെ സമ്പാദിച്ചവൻ തിന്നുന്നതും കുടിക്കുന്നതും ഉടുക്കുന്നതുമെല്ലാം നിഷിദ്ധമാണ്. അങ്ങനെയുള്ള സമ്പാദ്യം കൊണ്ട് ഉപജീവനം നടത്തുന്നവന്റെ പ്രാർഥനയ്ക്ക് അല്ലാഹു ഉത്തരം നൽകില്ല എന്നാണ് നബി(സ്വ) പഠിപ്പിക്കുന്നത്. പലരുടെയും ധാരണ പലിശ വാങ്ങിയും മറ്റും സമ്പാദിച്ചാലും അതിനോടൊപ്പം ആ തെറ്റ് പൊറുത്തു തരുവാൻ വേണ്ടി പ്രാർഥിച്ചാൽ മതി, പിന്നെ കുഴപ്പമില്ല എന്നാണ്. എന്നാൽ താഴെ കൊടുക്കുന്ന നബിവചനം ആ ധാരണ തിരുത്തുന്നു:

നബി(സ്വ) പറഞ്ഞു: "നിശ്ചയമായും അല്ലാഹു പരിശുദ്ധനാകുന്നു. വിശുദ്ധമായതല്ലാതെ അവൻ സ്വീകരിക്കുകയില്ല. തീർച്ചയായും അല്ലാഹു എന്താണോ പ്രവാചകന്മാരോട് കൽപിച്ചിരുന്നത് അതാണ് വിശ്വാസികളോടും കൽപിച്ചിരിക്കുന്നത്. പ്രവാചകന്മാരോട് അവൻ കൽപിച്ചിരിക്കുന്നു: 'അല്ലയോ പ്രവാചകന്മാരേ, നിങ്ങൾ പരിശുദ്ധമായവ ആഹരിച്ചുകൊള്ളുക. സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക.' വിശ്വാസികളോട് അവൻ പറഞ്ഞിരിക്കുന്നു: 'അല്ലയോ വിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയതിൽനിന്ന് പരിശുദ്ധമായത് നിങ്ങൾ ആഹരിച്ചുകൊള്ളുക.' പിന്നീട് പ്രവാചകൻ(സ്വ) ഒരാളെക്കുറിച്ച് പറഞ്ഞു: ദീർഘ യാത്രക്കാരൻ. പൊടിപുരണ്ട, പാറിപ്പറന്ന തലമുടി, ഇരുകൈകളും ആകാശത്തേക്കുയർത്തി അയാൾ പറഞ്ഞു: 'എന്റെ നാഥാ... എന്റെ നാഥാ...' അയാളുടെ ഭക്ഷണം നിഷിദ്ധം. വെള്ളം നിഷിദ്ധം. വസ്ത്രവും നിഷിദ്ധം, അയാൾ നിഷിദ്ധവസ്തുക്കളാൽ ഊട്ടപ്പെട്ടിരിക്കുന്നു. എങ്ങനെ അയാൾക്ക് ഉത്തരം നൽകപ്പെടും?" (മുസ്‌ലിം).

വിശുദ്ധ ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടുമുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്..." (4:29)

കുറുക്കുവഴികളിലൂടെ അന്യരുടെ ധനം ചൂഷണം ചെയ്യുന്ന എല്ലാ മാർഗങ്ങളെയും ഇസ്‌ലാം നിരാകരിക്കുന്നു. സംതൃപ്തിയോടെ ലഭിക്കുമ്പോഴേ അന്യരുടെത് അനുവദനീയമാകൂ എന്നും ഇസ്‌ലാം അറിയിക്കുന്നു. നിഷിദ്ധമായത് സ്വയം ഭക്ഷിക്കുന്നതുപോലെത്തന്നെ മറ്റുള്ളവരെ ഭക്ഷിപ്പിക്കുന്നതും വിലക്കപ്പെട്ടതാണ്. നിഷിദ്ധ മാർഗത്തിലൂടെ സമ്പാദിച്ചത് ദാനം ചെയ്താൽ അതിൽ പുണ്യമില്ലെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ചുതന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ..." (2:267).

ലേഖനം



# അധികാരമോഹവും നേതൃത്വഗുണങ്ങളും

ഡോ. ടി. കെ യൂസുഫ്
:9349798262


അധികാരത്തിനായുള്ള വടംവലികളും കുതികാൽവെട്ടലുകളും അരങ്ങുതകർക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. സമൂഹത്തിലെ ഏതെങ്കിലും രംഗത്തെ ഉത്തരവാദിത്തം കൈക്കലാക്കാൻ വെമ്പൽകൊള്ളുന്നതിനാണ് 'അധികാരമോഹം' എന്നു പറയുന്നത്. മനുഷ്യരുടെ മോഹങ്ങളുടെ പട്ടികയിൽ മുൻനിരയിലുള്ളതാണ് അധികാരമോഹം. ഇതിനെ അനഭിലഷണീയമായിട്ടാണ് ഇസ്‌ലാം കാണുന്നത്. കാരണം അധികാരലഹരി തലക്കുപിടിച്ചവർ സമൂഹത്തിൽ മറ്റാർക്കും ഇല്ലാത്ത കഴിവും സാമർഥ്യവും തങ്ങൾക്കുണ്ടെന്ന് മേനിപറയുകയും മറ്റുള്ളവരുടെ കഴിവുകൾ കണ്ടില്ലെന്ന് നടിക്കുകയും അവരുടെ യോഗ്യതകളെ അംഗീകരിക്കാൻ മടികാണിക്കുകയും ചെയ്യും. ഇത്തരം സ്വഭാവങ്ങളെല്ലാം ഇസ്‌ലാം കർശനമായി വിലക്കിയ അഹങ്കാരത്തിൽനിന്നും ഉടലെടുക്കുന്നതാണ്.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ഏറ്റെടുക്കുന്ന അധികാരം ഒരു അമാനത്താണ്. അതിൽ വീഴ്ച വരുത്തിയാൽ അത് അവന്റെ പാരത്രിക ജീവിതത്തെ തന്നെ പ്രതികൂലമായി ബാധിക്കും. 'നിങ്ങൾ ഓരോരുത്തരും ഇടയന്മാരാണ്, തന്റെ പ്രജകളെക്കുറിച്ച് എല്ലാവരും ചോദ്യം ചെയ്യപ്പെടും' എന്ന പ്രവാചകവചനം അതാണ് സൂചിപ്പിക്കുന്നത്. സമൂഹത്തിലെ എല്ലാതലങ്ങളിലുമുള്ള വ്യക്തികളുടെ ഉത്തരവാദിത്തത്തെയും പ്രസ്തുത ഹദീസിന്റെ ബാക്കിഭാഗം പരാമർശിക്കുന്നുണ്ട്. യൂഫ്രട്ടീസിന്റെ തീരത്ത് ഒരു ഒട്ടകം പട്ടിണികിടന്നു ചത്താൽ താൻ അതിന് ഉത്തരം പറയേണ്ടിവരും എന്ന ചിന്ത ഉമറുബ്നുൽ ഖത്ത്വാബിലുണ്ടാക്കിയത് ഇത്തരം വചനങ്ങളാണ്. തന്മൂലം അദ്ദേഹം പ്രജകളുടെ ക്ഷേമത്തിൽ ജാഗ്രത പുലർത്തുകയും ഭരണരംഗത്തും മറ്റും ഏത് ചെറിയവന്റെ അഭിപ്രായത്തെയും മുഖവിലയ്ക്കെടുക്കുകയും ചെയ്തിരുന്നു.

അധികാരം ആഗ്രഹിക്കുന്നതും അത് ചോദിച്ചുവാങ്ങുന്നതും ഇസ്‌ലാം നിരുത്സാഹപ്പെടുത്തിയതാണെങ്കിലും ചില അവസരങ്ങളിൽ അർഹതയുള്ളവർക്ക് അത് അനുവദനീയമാണെന്നാണ് വിശുദ്ധ ക്വുർആനിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. 'ഭൂമിയിലെ ഖജനാവുകൾ എന്നെ ഏൽപിക്കേണമേ' (ക്വുർആൻ 12:55) എന്ന് യൂസുഫ് നബി(അ) ആവശ്യപ്പെട്ടത് അതിന് ഉദാഹരണമാണ്. ഈജിപ്തിലെ ഖജനാവുകളുടെ കാര്യം ഏറ്റെടുക്കാൻ ആളില്ലാതെ ഒഴിഞ്ഞുകിടക്കുകയും താനത് നിർവഹിക്കാൻ പ്രാപ്തനാണെന്ന വസ്തുത ജനങ്ങൾ അറിയാതിരിക്കുകയും ചെയ്ത സന്ദർഭത്തിലാണ് യൂസുഫ് നബി(അ) സ്വയം അത് ഏറ്റെടുക്കാൻ മുന്നോട്ടു വന്നത്. തുടർന്ന് രാജാവ് അദ്ദേഹത്തെ തന്റെ സന്നിധിയിൽ എത്തിക്കാൻ ആവശ്യപ്പെടുകയും യൂസുഫ് നബിയുടെ കഴിവും കാര്യക്ഷമതയും അദ്ദേഹത്തിന് ബോധ്യപ്പെടുകയും ചെയ്തു. സ്ഥിതിഗതികൾ മോശമായ ഒരു സന്ദർഭത്തിൽ ഭരണമേറ്റെടുത്ത അദ്ദേഹം പ്രതിസന്ധികൾ

തരണം ചെയ്ത് തന്റെ കഴിവ് തെളിയിക്കുകയും ചെയ്തു.

**അധികാരം ആഗ്രഹിക്കുന്നതും അത് ചോദിച്ചുവാങ്ങുന്നതും ഇസ്‌ലാം നിരുത്സാഹപ്പെടുത്തിയതാണെങ്കിലും ചില അവസരങ്ങളിൽ അർഹതയുള്ളവർക്ക് അത് അനുവദനീയമാണെന്നാണ് വിശുദ്ധ ക്വുർആനിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. 'ഭൂമിയിലെ ഖജനാവുകൾ എന്നെ ഏൽപിക്കേണമേ' (ക്വുർആൻ 12:55) എന്ന് യൂസുഫ് നബി(അ) ആവശ്യപ്പെട്ടത് അതിന് ഉദാഹരണമാണ്. ഈജിപ്തിലെ ഖജനാവുകളുടെ കാര്യം ഏറ്റെടുക്കാൻ ആളില്ലാതെ ഒഴിഞ്ഞുകിടക്കുകയും താനത് നിർവഹിക്കാൻ പ്രാപ്തനാണെന്ന വസ്തുത ജനങ്ങൾ അറിയാതിരിക്കുകയും ചെയ്ത സന്ദർഭത്തിലാണ് യൂസുഫ് നബി(അ) സ്വയം അത് ഏറ്റെടുക്കാൻ മുന്നോട്ടു വന്നത്.**



**സലഫുകളുടെ മാതൃക**

രണ്ടാം ഖലീഫയായിരുന്ന ഉമറുബ്നുൽ ഖത്വാബ്(റ) തന്റെ അന്ത്യഘട്ടത്തിൽ ഖിലാഫത്ത് അഞ്ചുപേരടങ്ങുന്ന ഒരു ശൂറാസമിതിയുടെ തീരുമാനത്തിന് വിടുകയാണുണ്ടായത്. തത്സമയം മുഗീറത്ത്ബിൻ ശുഅ്ബ(റ) ഉമറി(റ)ന്റെ മകൻ അബ്ദുല്ല(റ)യെ ഖലീഫാസ്ഥാനത്തേക്ക് നിർദേശിക്കുകയുണ്ടായി. ഇതുകേട്ട ഉമർ(റ) കോപിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "ഞങ്ങൾക്ക് ഈ വിഷയത്തിൽ യാതൊരു താൽപര്യവുമില്ല. ഖിലാഫത്ത് ഒരു നന്മയാണെങ്കിൽ അത് ഞങ്ങൾക്ക് വേണ്ടുവോളം ആയിട്ടുണ്ട്. ഇനിഅത് തിന്മയാണെങ്കിൽ എന്റെ കുടുംബത്തിൽനിന്നും ഒരാളെ മാത്രം ആ വിഷയത്തിൽ വിചാരണ നടത്തിയാൽ മതിയാകുമല്ലോ. ഞാൻ ഈ രംഗത്ത് ഒരുപാട് പ്രയാസപ്പെട്ടിട്ടുണ്ട്. നാളെ അല്ലാഹുവിന്റെ അടുക്കൽ ഇതിന് പാപവും പുണ്യവുമില്ലാത്ത രൂപത്തിൽ പ്രത്യക്ഷപ്പെടാൻ കഴിഞ്ഞാൽ തന്നെ ഞാൻ ധന്യനാണ്."

ഉമറുബ്നുൽ അബ്ദുൽ അസീസ്(റഹി) ഭരണമേറ്റെടുത്ത സമയത്ത് ഒരു ഭടൻ ഒരു കുന്തവുമായി ഒരു രക്ഷാപുരുഷനെന്നോണം അദ്ദേഹത്തിന്റെ മുമ്പിൽ നടക്കുകയുണ്ടായി. ഇതുകണ്ട ഉമറുബ്നുൽ അബ്ദുൽ അസീസ് ആ അകമ്പടിക്കാരനെ മാറ്റിനിർത്തുകയും താൻ മുസ്‌ലിംകളിൽ ഒരാൾ മാത്രമാണെന്ന് പറയുകയും ചെയ്തു. അനന്തരം അദ്ദേഹം പള്ളിയിൽ ചെന്ന് ജനങ്ങളോടായി ഇങ്ങനെ പറഞ്ഞു: "ജനങ്ങളേ, എന്റെ സ്വന്തം അഭിപ്രായപ്രകാരമല്ലാതെ ഞാനീ വിഷയത്തിൽ പരീക്ഷിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഞാൻ ആവശ്യപ്പെടുകയോ മുസ്‌ലിംകളുടെ ഒരു കൂടിയാലോചന ഈ രംഗത്ത് നടക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ ഞാൻ ഈ ചുമതലയിൽനിന്ന് ഒഴിവാകുകയാണ്. നിങ്ങൾ ഉദ്ദേശിക്കുന്ന വേറെയാരെയെങ്കിലും നിങ്ങൾ തിരഞ്ഞെടുത്തുകൊള്ളുക." ഇതു കേട്ട മുസ്‌ലിംകൾ ഏകസ്വരത്തിൽ പറഞ്ഞു: "ഞങ്ങളെല്ലാവരും ഇക്കാര്യത്തിൽ താങ്കളെ തിരഞ്ഞെടുക്കുകയും തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു" (ബിദായ വ നിഹായ, വാല്യം 1).

അധികാരം വലിയ ഒരു ചുമതലയും ഉത്തരവാദിത്തവും ആയതുകൊണ്ട്തന്നെ അത് ഏറ്റെടുക്കുന്നവന്റെ ദൗത്യം വിജയപ്രദമാകുമോ എന്നതിനെ ചൊല്ലി ആശങ്കയും പിരിമുറുക്കവും ഉണ്ടാവാൻ ഇടയുണ്ട്. അന്യായമായ രൂപത്തിൽ അധികാരം അടക്കിവാഴുന്നവന് ആധിയും അസ്വസ്ഥതകളും അധികരിക്കുകയാണ് ചെയ്യുക. എന്നാൽ കഴിവും കാര്യക്ഷമതയുമുള്ളവർ തങ്ങൾക്ക് ലഭിച്ച അധികാരത്തെ സാമൂഹ്യസേവനത്തിനു വേണ്ടി ഉപയോഗപ്പെടുത്തുന്നത് അവർക്ക് അത്യന്തം ആനന്ദപ്രദമായ ഒരു അനുഭവമായിരിക്കും.

അധികാരം മൂലം മറ്റുള്ളവരുടെ മേൽ മേധാവിത്വം സ്ഥാപിച്ച് മേലാളന്മാരായി മാറുന്ന മനോഭാവത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. മറിച്ച് സ്ഥാനവും പദവിയും മറ്റുള്ളവർക്ക്

ഗുണം ചെയ്യാനുള്ളഒരു മാർഗമായിട്ടാണ് കാണേണ്ടത്. ‘ഒരു ജനതയുടെ നേതാവ് അവരുടെ സേവകനാണ്’ എന്ന ആപ്തവാക്യം അന്വർഥമാവണമെങ്കിൽ ഇത് അനിവാര്യമാണ്. ഇക്കാര്യത്തിലും നബി(സ്വ) തികഞ്ഞ മാതൃകയായിരുന്നു. ഒരിക്കൽ നബി(സ്വ) യും അനുചരന്മാരും ഒരു യാത്രാവേളയിലായിരുന്നു. ഭക്ഷണത്തിന്റെ സമയമായപ്പോൾ അവർ അത് പാകംചെയ്യുന്നതിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തി. സ്വഹാബികളിൽപെട്ട ഓരോരുത്തരും ആടിനെ അറുക്കുക, അതിന്റെ തൊലിയുരിക്കുക, പാകം ചെയ്യുക എന്നീ ദൗത്യങ്ങൾ ഏറ്റെടുക്കുകയും നബി(സ്വ) ക്ക് യാതൊരു ജോലിയും നൽകാതിരിക്കുകയും ചെയ്തു. എന്നാൽ ഇതു കണ്ട തിരുമേനി എനിക്ക് വെറുതെയിരിക്കുവാൻ പറ്റില്ലെന്നു പറഞ്ഞ് വിറക് ശേഖരിക്കുന്ന പണി അദ്ദേഹം സ്വയം ഏറ്റെടുക്കുകയുണ്ടായി.

അനുയായികൾ നേതാക്കൾക്കു വേണ്ടി സിന്ദാബാദ് വിളിക്കുന്നതുപോലെ മതപുരോഹിതന്മാരെ കാണുമ്പോൾ അനുയായികൾ തിക്ബീർ ചൊല്ലുന്ന ഒരു പ്രവണതയും ഇന്ന് മുസ്‌ലിം സമൂഹത്തിൽ കാണപ്പെടുന്നുണ്ട്. എന്നാൽ നബി(സ്വ)യുടെ ജീവിതം പരിശോധിക്കുകയാണെങ്കിൽ അനുയായികളുടെ ആശംസകളിൽ ഉൾപുളകമണിയുന്നത് നബി(സ്വ) ഇഷ്ടപ്പെട്ടിരുന്നില്ല എന്ന് കാണാവുന്നതാണ്. മാത്രമല്ല അമിതമായ ആദരവുകൾ അദ്ദേഹം വിലക്കുകയും ചെയ്തിരുന്നതായി കാണാം. നബി(സ്വ)യെ അതിരറ്റു സ്നേഹിച്ചിരുന്ന സ്വഹാബിമാർ അദ്ദേഹത്തെ കാണുമ്പോൾ എഴുന്നേറ്റു നിന്ന് ആദരിക്കുന്നതു പോലും അവിടുന്ന് വിലക്കിയതായി കാണാം. ജൂത-ക്രൈസ്തവർ അവരുടെ പുരോഹിതന്മാരോട് പെരുമാറുന്നതുപോലെ നിങ്ങളെന്നോട് ആദരവ് കാണിക്കേണ്ടതില്ല എന്നാണ് നബി(സ്വ) പഠിപ്പിച്ചത്. ‘ജനങ്ങൾ എഴുന്നേറ്റു നിന്ന് ആദരവുകൾ അർപ്പിക്കുന്നത് നിങ്ങളിൽ ആരെയെങ്കിലും സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ നരകത്തിൽ ഇരിപ്പിടം ഒരുക്കിക്കൊള്ളട്ടെ’ (തിർമുദി) എന്ന ഹദീസ് ശ്രദ്ധേയമാണ്.

ഭൂമിയിൽ ഔന്നത്യം ആഗ്രഹിക്കുന്നവർക്ക് പാരത്രിക സൗഭാഗ്യം പോലും നഷ്ടപ്പെടാൻ ഇടയുണ്ടെന്നാണല്ലോ ഖുർആൻ സൂചിപ്പിക്കുന്നത്. ‘ആ പാരത്രികഭവനം ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കത്രെ നാം ഏർപ്പെടുത്തി കൊടുക്കുക’ (ഖുർആൻ 28:83).

**നബി(സ്വ)യുടെ ജീവിതം പരിശോധിക്കുകയാണെങ്കിൽ അനുയായികളുടെ ആശംസകളിൽ ഉൾപുളകമണിയുന്നത് നബി(സ്വ) ഇഷ്ടപ്പെട്ടിരുന്നില്ല എന്ന് കാണാവുന്നതാണ്. മാത്രമല്ല അമിതമായ ആദരവുകൾ അദ്ദേഹം വിലക്കുകയും ചെയ്തിരുന്നതായി കാണാം. നബി(സ്വ)യെ അതിരറ്റു സ്നേഹിച്ചിരുന്ന സ്വഹാബിമാർ അദ്ദേഹത്തെ കാണുമ്പോൾ എഴുന്നേറ്റു നിന്ന് ആദരിക്കുന്നതു പോലും അവിടുന്ന് വിലക്കിയതായി കാണാം. ജൂത-ക്രൈസ്തവർ അവരുടെ പുരോഹിതന്മാരോട് പെരുമാറുന്നതുപോലെ നിങ്ങളെന്നോട് ആദരവ് കാണിക്കേണ്ടതില്ല എന്നാണ് നബി(സ്വ) പഠിപ്പിച്ചത്.**

അധികാരം ഏറ്റെടുക്കാൻ കെൽപില്ലാത്തവർ അത് ഏറ്റെടുത്ത് പ്രജകളെ വഞ്ചിക്കുന്നതിലും ഭേദം സ്വമേധയാ അതിൽനിന്നും വിട്ടുനിൽക്കുന്നതാണ്. ഒരിക്കൽ അബൂദർറ്(റ) തന്നെ ഗവർണറാക്കാൻ നബി(സ്വ)യോട് ആവശ്യപ്പെടുകയുണ്ടായി. ഇത് കേട്ട തിരുമേനി അദ്ദേഹത്തിന്റെ ചുമലിൽ തട്ടിക്കൊണ്ട്പറഞ്ഞു: ‘അബൂദർറേ. നീ ദുർബലനും ഇതൊരു ഉത്തരവാദിത്തവുമാണ്. അർഹതയില്ലാത്തവർ അത്ഏറ്റെടുക്കുന്നത് നിമിത്തം അന്ത്യദിനത്തിൽ ഖേദത്തിനും നിന്ദ്യതക്കും ഇടവന്നേക്കും’ (മുസ്‌ലിം).

ഇസ്‌ലാമിക കൽപനകൾ പ്രകാരം അധികാരം ഏറ്റെടുക്കുന്നത് ദുഷ്കരമായ ഒരു ബാധ്യതയാണെങ്കിലും അതേറ്റെടുക്കുന്നവനെ അനുസരിക്കുക എന്നത് മറ്റുള്ളവരുടെ കടമയാണ്. ഒരു നീഗ്രോ അടിമ നിങ്ങളുടെ നേതാവായി വന്നാലും അവനെ അനുസരിക്കണമെന്നും, നേതാവിനെ അനുസരിച്ചവൻ എന്നെ അനുസരിച്ചുവെന്നും നേതാവിനെ ധിക്കരിച്ചവൻ എന്നെ ധിക്കരിച്ചുവെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. അധികാരം കരസ്ഥമാക്കുന്നതിനെ ഇസ്‌ലാം എതിർക്കുന്നില്ല. കാരണം ആരെങ്കിലും അധികാരംശരിയായ രൂപത്തിൽ വിനിയോഗിച്ചാൽ അതിലൂടെ അവന് അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും നേടാൻ സാധിക്കും. എന്നാൽ അധികാരം നേടുന്നതിനായി ധാർമികമൂല്യങ്ങൾ ബലി കഴിച്ച് അക്രമത്തിന്റെയും അനീതിയുടെയും മാർഗം അവലംബിക്കുന്നത് ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല.



# പാഠ്യപദ്ധതി പരിഷ്കരണം: ആശങ്കകൾ ഇപ്പോഴും ബാക്കിയാണ്

ടി.കെ അശ്റഫ്
✆: 81118 07199

പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിയമസഭയിൽ അഡ്വ.എൻ ഷംസുദ്ദീൻ എംഎൽഎയുടെ സബ്മിഷന് ബഹു. വിദ്യാഭ്യാസ മന്ത്രി നൽകിയ മറുപടി സമൂഹത്തിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ ആശങ്കകൾ ആവാഹിച്ചെടുത്ത് ചുരുങ്ങിയ സമയത്തിനുള്ളിൽ നിയമസഭയിൽ ചോദ്യം ഉന്നയിച്ച അഡ്വ. ഷംസുദ്ദീൻ എംഎൽഎ അഭിനന്ദനമർഹിക്കുന്നു. സമൂഹ മനസ്സിൽ നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്നതും അടുത്ത തലമുറയെ സാരമായി ബാധിക്കുന്നതുമായ ഒരു വിഷയം ഇപ്പോഴെങ്കിലും സഭാതലത്തിൽ ചർച്ചയ്ക്ക് വന്നുവെന്നത് സന്തോഷകരമാണ്.

സമയമാറ്റം, മിക്സഡ് ബെഞ്ച്, പൊതുയൂണിഫോം എന്നിവ സർക്കാർ തീരുമാനിച്ചിട്ടില്ല എന്ന കാര്യം സഭയിൽ അസന്ദിഗ്ധമായി പ്രഖ്യാപിച്ച വിദ്യാഭ്യാസ മന്ത്രിയുടെ മറുപടി ആശ്വാസം നൽകുന്നതാണ്. അതിന്റെ കൂടെ മന്ത്രി നടത്തിയ വിശദീകരണങ്ങളിൽനിന്ന്, ഇക്കാര്യങ്ങളെല്ലാം സർക്കാരിന്റെ അജണ്ടയിൽ ഉള്ളതാണെന്നും സമൂഹം അതിന് പാകപ്പെടാത്തതുകൊണ്ട് ഇപ്പോൾ നടപ്പാക്കുന്നില്ലെന്നും മാത്രമെ നമ്മൾ മനസ്സിലാക്കേണ്ടതുള്ളൂ.


കരട് രേഖയിൽ ഇത്തരം ആശയങ്ങൾ ഉൾപ്പെടുത്തിയതുകൊണ്ടാണ് കേരളത്തിന് ഈ വിഷയങ്ങൾ ചർച്ച ചെയ്യേണ്ടിവന്നത്. എന്നിട്ട് മന്ത്രി പറയുന്നത് ഷംസുദ്ദീനെ ആരോ തെറ്റിദ്ധരിപ്പിച്ചു എന്നാണ്. അതിലേറെ ഗുരുതരമായ വിഷയം, ചില തീവ്രവാദ സംഘടനകൾ ഇക്കാര്യം പ്രചരിപ്പിച്ചുവെന്നും മന്ത്രി പറഞ്ഞുവെക്കുന്നുണ്ട് എന്നതാണ്. പാഠ്യപദ്ധതിയിലെ ഒളിയജണ്ടകളെ കൈയോടെ പിടികൂടുന്നവരെ തീവ്രവാദ പട്ടം ചാർത്തി അപരവത്കരിക്കുന്നത് സംഘ്പരിവാറിന് പഠിക്കലാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല.

ചർച്ചയ്ക്കുവേണ്ടി കരട് പുറത്തുവിടുക, അതിൽ അപകടകരമായ ആശയങ്ങൾ ഉൾപ്പെടുത്തുക, അത് ചർച്ച ചെയ്യാൻ ആവശ്യപ്പെടുക, അതനുസരിച്ച് അഭിപ്രായം പറയുന്നവരെ തീവ്രവാദികളായി ചാപ്പ കുത്തുക; ഇതൊന്നും ഒരു പുരോഗമന സർക്കാറിന് യോജിച്ചതല്ല. ചില പദപ്രയോഗങ്ങളിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ തുറന്നു കാണിക്കുമ്പോൾ അനേകം ആശങ്കകൾ ഉയരുക സ്വാഭാവികമാണ്. അത് ദൂരീകരിക്കേണ്ട ബാധ്യത ഉത്തരവാദപ്പെട്ടവർക്കുണ്ട്.

മിക്സഡ് ബെഞ്ച് ഇല്ലെന്ന് പറയുമ്പോൾ തന്നെ, ഫ്ളൈറ്റിലെയും തിയേറ്ററിലെയും ഇരിപ്പിടത്തെ തന്റെ പ്രസംഗത്തിൽ കൂട്ടുപിടിച്ചതിൽ നിന്നും; സമയമാറ്റത്തെ കുറിച്ച് പറയുമ്പോൾ കേന്ദ്രീയ വിദ്യാലയം, നവോദയ, അൺ എയ്ഡഡ് എന്നിവയിലെ സമയമാറ്റം എടുത്തുദ്ധരിക്കുന്നതിൽ നിന്നും; ജെന്റർ ന്യൂട്രൽ യൂണിഫോമിനെ കുറിച്ച് പറയുമ്പോൾ പ്രാദേശിക തീരുമാനമുണ്ടെങ്കിൽ ആവാമെന്ന് പറയുന്നതിൽനിന്നും ബുദ്ധിയുള്ളവർ എന്താണ് വായിച്ചെടുക്കേണ്ടത്?

ആർട്ടിക്കിൾ 15 ഉദ്ധരിച്ചതിനുശേഷമാണ് ജെന്റർ സാമൂഹ്യനിർമിതിയാണെന്ന കാഴ്ച്ചപ്പാട് മന്ത്രി വിശദീകരിക്കുന്നത്. ലിംഗപരമായ സവിശേഷതയാൽ ഒരു കുട്ടിയെയും മാറ്റിനിർത്താൻ പാടില്ലെന്നേ ആർട്ടിക്കിൾ 15ൽ പറയുന്നുള്ളൂ. അങ്ങനെ മാറ്റിനിർത്തുന്ന അവസ്ഥ ഏത് വിദ്യാലയത്തിലാണ് ഇപ്പോൾ ഉള്ളത്? അങ്ങനെയൊന്നുണ്ടെങ്കിൽ സർക്കാരിന് ഇടപെട്ട് പരിഹരിക്കാൻ തടസ്സങ്ങളേതുമില്ല. ഇല്ലാത്ത വിവേചനം ഉണ്ടെന്ന് വരുത്തി ജെന്റർ പൊളിറ്റിക്സിന്റെ ഭാഗമായി ജെന്റർ ന്യൂട്രൽ ആശയത്തിന് പുതിയ തലമുറയിൽ സ്വാധീനമുണ്ടാക്കാൻ ശ്രമിക്കുന്നത് ശരിയായ നടപടിയല്ല. യാതൊരു ആശങ്കയും ആർക്കും വേണ്ടെന്ന് പറയുന്ന മന്ത്രിയുടെ വിശദീകരണത്തിൽനിന്നും ജെന്റർ സാമൂഹിക നിർമിതിയാണെന്നുള്ള അപകടകരമായ ആശയത്തിൽ നിന്ന് പുറകോട്ടു പോകാൻ അദ്ദേഹം തയ്യാറായിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

സ്പീക്കർ സമ്മതിക്കുകയാണെങ്കിൽ സഭയിൽ തന്നെ ഇത് ചർച്ച ചെയ്യാം എന്നും മന്ത്രി പറയുന്നുണ്ട്. തീർച്ചയായും ഈ ചർച്ച സഭയിൽ തന്നെ നടക്കേണ്ടതുണ്ട്. ജെന്റർ സാമൂഹ്യ നിർമിതിയാണ് എന്ന കാഴ്ച്ചപ്പാട് ഒരു കാരണവശാലും കേരളീയ പൊതുസമൂഹത്തിന് അംഗീകരിക്കാൻ കഴിയുന്നതല്ല. ഈ വിഷയമാണ് വിവാദങ്ങളുടെ നാരായവേര്. അതിൽ വ്യക്തത വരുത്തിയാൽ മാത്രമെ ആശങ്ക വിട്ടുമാറുകയുള്ളൂ. സർക്കാർ വിവാദങ്ങളിൽ നിന്ന് പുറകോട്ട് പോയി എന്നേ പറയാനാകൂ; വിവാദ വിഷയം ഇപ്പോഴും ബാക്കിയാണ്. ■



ഏകീകൃത സിവിൽകോഡ് നടപ്പാക്കണമെന്ന ആവശ്യം രാജ്യസഭയിലും ഭൂരിപക്ഷം നേടിയിരിക്കുകയാണ്. നീതിയുടെയും സമത്വത്തിന്റെയും വർണക്കടലാസിൽ പൊതിഞ്ഞ് രാജ്യത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ഹിന്ദുത്വ അജണ്ടയുടെ അവസാനം പുറത്തുവന്ന ഉദാഹരണം മാത്രമാണ് ഏകീകൃത സിവിൽകോഡ്. കൃത്യമായ കർമപദ്ധതികൾ രൂപീകരിച്ച് ഇത്തരം നീക്കങ്ങൾ പ്രതിരോധിച്ചെങ്കിൽ മാത്രമെ മതേതരരാജ്യമെന്ന ഇന്ത്യയുടെ മഹിത പാരമ്പര്യം നിലനിർത്താൻ നമുക്ക് സാധിക്കൂ.

# ഏകീകൃത സിവിൽകോഡ്; ലക്ഷ്യം അത്ര നിഷ്കളങ്കമല്ല

ഉസ്മാൻ പാലക്കാഴി
: 9656292244

ഏകീകൃത സിവികോഡ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് രാജ്യസഭയിൽ ബി.ജെ.പി എം.പി അവതരിപ്പിച്ച സ്വകാര്യ ബിൽ 23ന് എതിരെ 63 വോട്ടുകൾ നേടി അവതരിപ്പിച്ചിരിക്കുകയാണ്. രാജസ്ഥാനിൽനിന്നുള്ള എംപി കിരോഡി ലാൽ മീണയാണ് ഏകീകൃത സിവിൽകോഡ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ബിൽ അവതരിപ്പിച്ചത്. മുസ്‌ലിം ലീഗ്, സിപിഎം അംഗങ്ങളുടെ എതിർപ്പുകൾ ഉയർന്നപ്പോഴാണ് വോട്ടെടുപ്പു നടന്നത്.

2000ൽ എൻ.ഡി.എ സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോൾ ലക്നൗവിൽ ചേർന്ന സന്ന്യാസി സംസദ്, സംവരണം റദ്ദ് ചെയ്യാൻ ഭരണഘടനയെ മനുസ്മൃതിയുടെ നിർദേശങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഭരണഘടന ഭേദഗതി ചെയ്യാനും ഹിന്ദു രാഷ്ട്ര സങ്കൽപമനുസരിച്ച് ഭരണഘടനയെ മാറ്റിമറിക്കാനും ശ്രമമുണ്ടായി. ഈ ശ്രമത്തിനെതിരെ 2000 ജനുവരിയിൽ കാൻഷിറാം ഡൽഹിയിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ 'ഏതുഭാഗമാണ് പരിഷ്കരണം ആവശ്യപ്പെടുന്നതെന്നും എന്തുകൊണ്ടാണത് അനിവാര്യമാകുന്നതെന്നും' പ്രധാനമന്ത്രിയായ വാജ്പേയിയോട് ചോദിച്ചു. മാത്രമല്ല, സംഘപരിവാർ നീക്കത്തിനെതിരെ 2000 മാർച്ച് 15ന് ഒരേസമയം അഞ്ച് പ്രചാരണ ജാഥകൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. കൂടാതെ മഹാരാഷ്ട്ര, ഗുജറാത്ത്, കാശ്മീർ, മധ്യപ്രദേശ്, ഒറീസ എന്നിവിടങ്ങളിൽനിന്നും വാഹനപ്രചാരണ ജാഥകൾ സംഘടിപ്പിക്കപ്പെട്ടു. ഭരണഘടനാ പുനരവലോകനത്തിലെ ഫാസിസ്റ്റു ഗൂഢാലോചനകൾ തുറന്നുകാട്ടിയ ജാഥ

കൾ ഡിസംബറിൽ ഡൽഹിയിൽ സംഗമിച്ചു. അന്നേദിവസം പാർലമെന്റിലെ ബി.എസ്.പി അംഗങ്ങൾ ഭരണഘടനാ പുനരവലോകനത്തെ ചോദ്യം ചെയ്തുകൊണ്ട് പാർലമെന്റ് നടപടികൾ സ്തംഭിപ്പിച്ചു. തുടർന്ന് ഏഴു ലക്ഷം പേർ പങ്കെടുത്ത റാലിക്ക് ഡൽഹി സാക്ഷ്യം വഹിച്ചു. ഒടുവിൽ ഭരണഘടനാ പുനരവലോകന തീരുമാനം ഗവൺമെന്റിന് ഉപേക്ഷിക്കേണ്ടിവന്നു. ഇത് ദലിത് മുന്നേറ്റത്തിന്റെ വിജയമായിരുന്നു. മനുസ്മൃതിയുടെ നിയമങ്ങളും നിർദേശങ്ങളും നടപ്പിലാക്കിയാൽ തങ്ങൾക്ക് വരാൻ പോകുന്ന ഭവിഷത്ത് ഭയാനകമായിരിക്കുമെന്ന തിരിച്ചറിവാണ് ഈ ദലിത് മുന്നേറ്റത്തിന്റെ പ്രേരകം.


ഇപ്പോഴിതാ സംഘപരിവാർ ഏകീകൃത സിവിൽകോഡ് നടപ്പിലാക്കണമെന്ന ആവശ്യവുമായി രംഗത്തിറങ്ങിയിരിക്കുന്നു. നരേന്ദ്ര മോഡി സർക്കാർ അധികാരത്തിൽ വന്നാൽ ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുമെന്ന് പ്രകടനപത്രികയിൽ തന്നെ പ്രഖ്യാപിച്ചിരുന്നു. ഇന്ത്യൻ ഭരണഘടനയെ മനുസ്മൃതിയുടെ നിർദേശങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യണമെന്ന ആശയുമായി നടക്കുന്ന ആർ.എസ്.എസ്, ബി.ജെ.പി പോലുള്ള സംഘടനകൾക്ക് ഏകീകൃത സിവിൽകോഡ് നടപ്പിലാക്കണമെന്ന് പറയുമ്പോഴും ആ ലക്ഷ്യം തന്നെയാണുള്ളത് എന്നതാണ് വാസ്തവം.

ഒരു ഏകീകൃത ഹിന്ദു ദേശീയതയുടെ രൂപീകരണത്തിലൂടെയുള്ള ഹിന്ദു രാഷ്ട്ര നിർമിതിയാണ് ഏകീകൃത സിവിൽകോഡിലൂടെ അവർ ലക്ഷ്യമാക്കുന്നത്. അതിനായി ക്രൈസ്തവ, മുസ്‌ലിം സമുദായങ്ങളെ ഭാരതവത്കരിക്കണം അഥവാ ഹൈന്ദവവത്കരിക്കണം! തുല്യ നീതി, തുല്യ പരിഗണന, വ്യക്തി സ്വാതന്ത്ര്യം എന്നൊക്കെയുള്ള വർണക്കടലാസുകൾക്കുള്ളിൽ ഇവർ ഒളിപ്പിച്ചുവെച്ചിരിക്കുന്നത് ഈ ലക്ഷ്യം തന്നെയാണ്. ശരീഅത്ത് അനുശാസിക്കുന്ന നിയമങ്ങളെല്ലാം മുസ്‌ലിംകൾ കയ്യൊഴിയണമെന്നത് അവരുടെ എക്കാലത്തയും ആഗ്രഹവും ആവശ്യവുമാണ്.

### തീവ്ര ഹിന്ദുത്വ അജണ്ട

ന്യൂനപക്ഷങ്ങളുടെ ഏറ്റവും വലിയ സംരക്ഷണ കവചമാണ് മൗലികാവകാശങ്ങൾ. ഈ മൗലികാവകാശങ്ങളുടെ ധ്വംസനമാണ് ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിലൂടെ സംഭവിക്കുക. അതിനുവേണ്ടി മുറവിളി കൂട്ടുന്ന ആർ.എസ്.എസ്സിന്റെ ആചാര്യന്മാർ ഇന്ത്യയിൽ ഏതു നിയമമാണ് നടപ്പിലാക്കേണ്ടതെന്നും ന്യൂനപക്ഷങ്ങൾക്ക് ഇവിടെ ജീവിക്കണമെങ്കിൽ അവർ എന്തൊക്കെ ചെയ്യണമെന്നും പറഞ്ഞുവച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക:

"....ഈ ദേശം ഹിന്ദുക്കളുടെതാകയാൽ, ഇവിടെ ഹിന്ദുക്കൾ ചെയ്യുന്നതെന്തോ അതേ പ്രമാണമായിത്തീരൂ എന്ന് സംഘം അംഗീകരിക്കുന്നു. ഈ ഒരു കാര്യമേ സംഘത്തിനറിയൂ.." (ഹെഡ്ഗെവാർ, പ്രസംഗങ്ങൾ-കത്തുകൾ, പേജ് 50).




**നരേന്ദ്ര മോഡി സർക്കാർ അധികാരത്തിൽ വന്നാൽ ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുമെന്ന് പ്രകടനപത്രികയിൽ തന്നെ പ്രഖ്യാപിച്ചിരുന്നു. ഇന്ത്യൻ ഭരണഘടനയെ മനുസ്മൃതിയുടെ നിർദേശങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യണമെന്ന ആശയുമായി നടക്കുന്ന ആർ.എസ്.എസ്, ബി.ജെ.പി പോലുള്ള സംഘടനകൾക്ക് ഏകീകൃത സിവിൽകോഡ് നടപ്പിലാക്കണമെന്ന് പറയുമ്പോഴും ആ ലക്ഷ്യം തന്നെയാണുള്ളത് എന്നതാണ് വാസ്തവം. ഒരു ഏകീകൃത ഹിന്ദു ദേശീയതയുടെ രൂപീകരണത്തിലൂടെയുള്ള ഹിന്ദു രാഷ്ട്ര നിർമിതിയാണ് ഏകീകൃത സിവിൽകോഡിലൂടെ അവർ ലക്ഷ്യമാക്കുന്നത്. അതിനായി ക്രൈസ്തവ, മുസ്‌ലിം സമുദായങ്ങളെ ഭാരതവത്കരിക്കണം അഥവാ ഹൈന്ദവവത്കരിക്കണം! തുല്യ നീതി, തുല്യ പരിഗണന, വ്യക്തി സ്വാതന്ത്ര്യം എന്നൊക്കെയുള്ള വർണക്കടലാസുകൾക്കുള്ളിൽ ഇവർ ഒളിപ്പിച്ചുവെച്ചിരിക്കുന്നത് ഈ ലക്ഷ്യം തന്നെയാണ്. ശരീഅത്ത് അനുശാസിക്കുന്ന നിയമങ്ങളെല്ലാം മുസ്‌ലിംകൾ കയ്യൊഴിയണമെന്നത് അവരുടെ എക്കാലത്തയും ആഗ്രഹവും ആവശ്യവുമാണ്.**

"ഹിന്ദുസ്ഥാനം ഹിന്ദുക്കളുടെതാണ്; ഹിന്ദുവാണ് ഇതിന്റെ ഉടമസ്ഥൻ എന്നുള്ളത് ഒരു സത്യം തന്നെയാണ്. എന്നാൽ അതോടൊപ്പം ഈ തത്ത്വത്തെ കാര്യരൂപത്തിലാക്കിത്തീർക്കുന്നതിനുള്ള ഉത്തരവാദിത്തം നമ്മുടെ മേലില്ലേ? ഇത് പ്രത്യക്ഷരൂപത്തിൽ ആചരിക്കുവാനുള്ള പ്രയത്നം നാം ചെയ്യേണ്ടതല്ലേ?..." (പ്രസംഗങ്ങൾ-കത്തുകൾ, പേജ് 66).

"മുസ്‌ലിംകൾ രാമനെ തങ്ങളുടെ വീരപുരുഷനായി അംഗീകരിക്കാൻ തയ്യാറായാൽ അതോടെ എല്ലാ വർഗീയ പ്രശ്നങ്ങളും അവസാനിക്കും"(ഓർഗനൈസർ 1971. ജൂൺ 20).

"ഹിന്ദുസ്ഥാനിലെ വിദേശ വംശജർ ഒന്നുകിൽ ഹൈന്ദവ സംസ്കാരവും ഭാഷയും സ്വീകരിക്കുകയും ഹിന്ദുമതത്തെ ആദരിക്കാനും അതിനു ശ്രേഷ്ഠസ്ഥാനം നൽകാനും പഠിക്കുകയും ഹിന്ദുത്വത്തെയും സംസ്കാരത്തെയും അതായത് ഹിന്ദുരാഷ്ട്രത്തെ വാഴ്ത്തുന്നതൊഴികെ മറ്റൊരാശയവും വെച്ചുപുലർത്താതിരിക്കുകയും വ്യത്യസ്തമായ അസ്തിത്വം കൈവെടിഞ്ഞ് ഹിന്ദുവംശത്തിൽ ലയിക്കുകയും ചെയ്യണം" (ഗോൾവാൽക്കർ., വിചാരധാര).

ഇന്ത്യൻ ഭരണഘടനയുടെ പതിനാല് മാർഗനിർദേശക തത്ത്വങ്ങളിൽ 44ാം ഖണ്ഡികയാണ് ഏകസിവിൽകോഡിനുവേണ്ടി വാദിക്കുന്നവർ എടുത്തുകാണിക്കുന്നത്. 'പൗരന്മാർക്ക് ഏകരൂപമായ സിവിൽ നിയമസംഹിത പ്രാപ്തമാക്കാൻ സ്റ്റേറ്റ് യത്നിക്കേണ്ടതാണ്' എന്നാണ് അതിൽ നിർദേശിച്ചിരിക്കുന്നത്. ഭരണഘടനാനിർമാണ സഭയിൽ ഏകസിവിൽകോഡ് നിർദേശിക്കുന്ന 44ാം ഖണ്ഡിക ചർച്ചക്ക് വന്നപ്പോൾ മുസ്‌ലിം അംഗങ്ങൾ തങ്ങളുടെ ആശങ്കയറിയിക്കുകയും ഭേദഗതി നിർദേശിക്കുകയും ചെയ്തതായാണ് ചരിത്രം.

"പൊതുവിലുള്ള സമാധാനം, സദാചാരം, ആരോഗ്യം, എന്നിവക്ക് വിധേയമായിക്കൊണ്ട് അന്തഃകരണ സ്വാതന്ത്ര്യത്തിനും മതം സ്വതന്ത്രമായി വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശത്തിനും എല്ലാവരും ഒരുപോലെ അർഹരാണ്" എന്ന് ഇന്ത്യൻ ഭരണഘടന 25(1)ൽ പറയുന്നുണ്ട്.

**ഏകീകൃത സിവിൽകോഡ് നടപ്പിലാകുമ്പോൾ വിവാഹം, വിവാഹ മോചനം, അനന്തരസ്വത്തവകാശം തുടങ്ങിയ പല കാര്യങ്ങളിലും മതത്തിന്റെ നിയമങ്ങൾ പാലിക്കുവാൻ മുസ്‌ലിംകൾക്കാവില്ല. 'ശരീഅത്ത് നിയമങ്ങളിലൂന്നിയ ക്രിമിനൽ ശിക്ഷാക്രമം ഉപേക്ഷിച്ച് ഇന്ത്യൻ ശിക്ഷാനിയമവും മറ്റും പിന്തുടരുന്നവർ എന്തേ പൊതു സിവിൽകോഡിന്റെപേരിൽ വിവാദങ്ങൾക്ക് വഴിമരുന്നിടുന്നു' എന്ന ചിലരുടെ ചോദ്യം ബാലിശമാണ്. ഒരു വ്യക്തിക്ക് മുസ്‌ലിമായി ജീവിക്കുവാൻ അനിവാര്യമായ കാര്യങ്ങളിൽ, ദൈനംദിന കാര്യങ്ങളിൽ ശിക്ഷാനിയമത്തിന് പങ്കില്ല. ഇസ്‌ലാമിക ഭരണകൂടത്തിൽ നിക്ഷിപ്തമാണ് ശിക്ഷാവിധികൾ ശരീഅത്തനുസരിച്ച് നടപ്പിലാക്കൽ. എന്നാൽ ഇസ്‌ലാമിക നിയമമനുസരിച്ച് വിവാഹം നടത്തൽ പോലുള്ള കാര്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അത് വ്യക്തികളുടെ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തെ ബാധിക്കുന്നതാണ്. ഇതാകട്ടെ ഭരണഘടന നൽകുന്ന മൗലികാവകാശത്തിനു വിരുദ്ധമാണ്. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങൾക്ക് എതിരുമാണ്.**

ഏകീകൃത സിവിൽകോഡ് നടപ്പിലാകുമ്പോൾ വിവാഹം, വിവാഹ മോചനം, അനന്തരസ്വത്തവകാശം തുടങ്ങിയ പല കാര്യങ്ങളിലും മതത്തിന്റെ നിയമങ്ങൾ പാലിക്കുവാൻ മുസ്‌ലിംകൾക്കാവില്ല. 'ശരീഅത്ത് നിയമങ്ങളിലൂന്നിയ ക്രിമിനൽ ശിക്ഷാക്രമം ഉപേക്ഷിച്ച് ഇന്ത്യൻ ശിക്ഷാനിയമവും മറ്റും പിന്തുടരുന്നവർ എന്തേ പൊതു സിവിൽകോഡിന്റെപേരിൽ വിവാദങ്ങൾക്ക് വഴിമരുന്നിടുന്നു' എന്ന ചിലരുടെ ചോദ്യം ബാലിശമാണ്. ഒരു വ്യക്തിക്ക് മുസ്‌ലിമായി ജീവിക്കുവാൻ അനിവാര്യമായ കാര്യങ്ങളിൽ, ദൈനംദിന കാര്യങ്ങളിൽ ശിക്ഷാനിയമത്തിന് പങ്കില്ല. ഇസ്‌ലാമിക ഭരണകൂടത്തിൽ നിക്ഷിപ്തമാണ് ശിക്ഷാവിധികൾ ശരീഅത്തനുസരിച്ച് നടപ്പിലാക്കൽ. എന്നാൽ ഇസ്‌ലാമിക നിയമമനുസരിച്ച് വിവാഹം നടത്തൽ പോലുള്ള കാര്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അത് വ്യക്തികളുടെ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തെ ബാധിക്കുന്നതാണ്. ഇതാകട്ടെ ഭരണഘടന നൽകുന്ന മൗലികാവകാശത്തിനു വിരുദ്ധമാണ്. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങൾക്ക് എതിരുമാണ്.

**മൗലികാവകാശ ലംഘനം**

അന്താരാഷ്ട്ര മനുഷ്യാവകാശ പ്രമാണങ്ങൾ മാനവരാശിയിലെ ഓരോ അംഗത്തിന്റെയും പൊതുവായ അവകാശങ്ങൾക്ക് അർഹമായ പരിഗണന നൽകുന്നുണ്ട്. പുറമെ ന്യൂനപക്ഷങ്ങൾ തുടങ്ങിയ സവിശേഷ വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് നിലവാരനിർണയം നടത്തുകയും ചെയ്യുന്നു. തുല്യപരിഗണനയും വിവേചനരാഹിത്യവും സാമൂഹിക പെരുമാറ്റ മാതൃകകളുടെ അനിഷേധ്യ നിയമങ്ങളായി യു.എൻ ചാർട്ടറും ആഗോള മനുഷ്യാവകാശ പ്രഖ്യാപനവും ഉയർത്തിക്കാട്ടുമ്പോൾ മുഖ്യ അന്തർദേശീയ മനുഷ്യാവകാശ നിയമങ്ങൾ-സിവിൽ, രാഷ്ട്രീയ അവകാശ ഉടമ്പടിയും രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക അവകാശ ഉടമ്പടിയും-ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന വ്യവസ്ഥ ചെയ്തിരിക്കുന്നു.

"മതപരമോ ഭാഷാപരമോ ആയ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന രാഷ്ട്രങ്ങളിൽ അവർക്ക് മറ്റംഗങ്ങൾക്കൊപ്പം തങ്ങളുടെ സാംസ്കാരിക സമ്പത്ത് അനുഭവിക്കുന്നതിനും മതവിശ്വാസ പ്രഖ്യാ



പനത്തിനും അനുഷ്ഠാനങ്ങൾക്കും സ്വന്തം ഭാഷ ഉപയോഗിക്കുന്നതിനുമുള്ള അവകാശം നിഷേധിക്കരുത്" എന്ന വ്യവസ്ഥ സിവിൽ, രാഷ്ട്രീയ അവകാശ ഉടമ്പടിയുടെ 21ാം അനുച്ഛേദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കൽ ഈ വ്യവസ്ഥക്കുമെതിരാണ്.

ഹിന്ദുക്കൾ, മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, ബുദ്ധ-ജൈന മതവിഭാഗക്കാർ, ഒരു മതത്തിലും ഉൾപ്പെടാത്തവർ എന്നിങ്ങനെ വിഭിന്ന മതവിഭാഗങ്ങളുടെയും വ്യത്യസ്ത ഭാഷ, സംസ്കൃതികളുടെയും സഹവർത്തിത്വവും അവയുടെ സ്വരച്ചേർച്ചയുള്ള സങ്കലനവുമാണ് ഇന്ത്യൻ ദേശീയതയുടെ സവിശേഷത.

ഇവരിൽ പട്ടികജാതികൾ, പട്ടികവർഗക്കാർ, പിന്നാക്ക വിഭാഗങ്ങൾ, മത-ഭാഷാ ന്യൂനപക്ഷങ്ങൾ തുടങ്ങിയ വിഭാഗങ്ങൾക്ക് ഭരണഘടന പ്രത്യേക പരിഗണന നൽകുന്നുണ്ട്. ന്യൂനപക്ഷങ്ങൾക്ക് എന്തിനാണീ പ്രത്യേക പരിഗണന? ജനസംഖ്യയുടെ മഹാഭൂരിപക്ഷംവരുന്ന ഹിന്ദുക്കൾ ജനപ്രതിനിധി സ്ഥാപനങ്ങളിൽ ഒരു മതവിഭാഗമായി പ്രവർത്തിക്കുകയാണെങ്കിൽ ഹിതാനുസരണം ഏതു നിയമവും നിർമിക്കാനും ഭരണകൂടത്തിന്റെ സകല പ്രവർത്തനങ്ങളിലും യഥേഷ്ടം നിയന്ത്രണം ചെലുത്താനും കഴിയും. ഈ സന്ദിഗ്ധാവസ്ഥ ഒഴിവാക്കാനുള്ള ഉപാധിയാണ് മൗലികാവകാശങ്ങൾ; വിശിഷ്യാ ന്യൂനപക്ഷാവകാശങ്ങൾ. മതന്യൂനപക്ഷങ്ങളിൽ വിശ്വാസം ജനിപ്പിക്കുന്നതിന് ഭരണഘടനാശിൽപികൾ മതസ്വാതന്ത്ര്യം പ്രതിപാദിക്കുന്ന വകുപ്പുകളുടെ ഒരു വിഭാഗം തന്നെ ആവിഷ്കരിച്ചിട്ടുണ്ട്. 25 മുതൽ 28 വരെയുള്ള അനുച്ഛേദങ്ങൾ ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം ഹനിക്കുന്ന രൂപത്തിലാകും ഏകീകൃത സിവിൽ കോഡിന്റെ വരവ് എന്നതിൽ സംശയമില്ല.

**ഹിന്ദുത്വവാദികളുടെ റോൾമോഡലായ മോഡിയുടെ നേതൃത്വത്തിൽ ഏകീകൃത സിവിൽകോഡിന്റെ മറവിൽ അംബേദ്കർ ഭയപ്പെട്ടത് സംഭവിച്ചേക്കാം. ഹിന്ദുവെന്ന പേരിൽ ഒരു ന്യൂനപക്ഷ ജാതി(ബ്രാഹ്മണർ)യുടെ സാമൂഹ്യാവബോധത്തെ രാഷ്ട്രത്തിനുമേൽ പ്രതിഷ്ഠിച്ചുകൊണ്ടാണ് ആർ.എസ്.എസ് ഏകീകൃത സിവിൽകോഡിനു വേണ്ടി വാദിക്കുന്നത്. തികച്ചും വംശീയാധിപത്യ ചിന്തയാണവർക്കുള്ളതെന്ന് വ്യക്തമാക്കുന്നതാണ് ചരിത്രത്തെ കാവിവത്കരിച്ചും ഇതിഹാസങ്ങളെ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയും വർഗീയതയുടെ തുറുപ്പുശീട്ടെറിഞ്ഞുമുള്ള അവരുടെ മുന്നോട്ടുപോക്ക്.**

വർത്തമാനകാല ഇന്ത്യൻ സാമൂഹികാവസ്ഥ ഏകീകൃത സിവിൽകോഡിന് സഹായകമല്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് അന്ന് അംബേദ്കർ പറഞ്ഞു: "നമ്മുടെ പഴയ ശത്രുക്കളായ ജാതി, വംശം എന്നിവയോടൊപ്പം വൈവിധ്യങ്ങളും വൈരുധ്യങ്ങളും നിരവധി രാഷ്ട്രീയ കക്ഷികളും ഇപ്പോഴുണ്ട് എന്ന വസ്തുതയാണ് എന്റെ ഉത്കണ്ഠകളെ ആഴമുള്ളതാക്കുന്നത്. തങ്ങളുടെ ജാതിവ്യവസ്ഥക്കുമേൽ രാഷ്ട്രത്തെ വെക്കുവാൻ ഇന്ത്യൻ ജനത തയ്യാറാകുമോ? അതോ മറിച്ച് സംഭവിക്കുമോ? എനിക്കറിയില്ല. ജാതിബോധത്തെ രാഷ്ട്രത്തിനുമേൽ പ്രതിഷ്ഠിക്കാൻ രാഷ്ട്രീയ കക്ഷികൾ ശ്രമിച്ചാൽ നമ്മുടെ സ്വാതന്ത്ര്യം രണ്ടാംവട്ടം, ഒരുപക്ഷേ, എന്നെന്നേക്കുമായിത്തന്നെ നഷ്ടപ്പെടുമെന്ന കാര്യം തീർച്ചയാണ്. ഇതിനെതിരെ നാമെല്ലാം ജാഗ്രതയോടെ കരുതിയിരിക്കണം. അവസാനത്തുള്ളി രക്തം നൽകിയാലും സ്വാതന്ത്ര്യം സംരക്ഷിക്കാൻ നാം തയ്യാറാകണം."

ഹിന്ദുത്വവാദികളുടെ റോൾ മോഡലായ മോഡിയുടെ നേതൃത്വത്തിൽ ഏകീകൃത സിവിൽ കോഡിന്റെ മറവിൽ അംബേദ്കർ ഭയപ്പെട്ടത് സംഭവിച്ചേക്കാം. ഹിന്ദുവെന്ന പേരിൽ ഒരു ന്യൂനപക്ഷ ജാതി(ബ്രാഹ്മണർ)യുടെ സാമൂഹ്യാവബോധത്തെ രാഷ്ട്രത്തിനുമേൽ പ്രതിഷ്ഠിച്ചുകൊണ്ടാണ് ആർ.എസ്.എസ് ഏകീകൃത സിവിൽകോഡിനു വേണ്ടി വാദിക്കുന്നത്. തികച്ചും വംശീയാധിപത്യ ചിന്തയാണവർക്കുള്ളതെന്ന് വ്യക്തമാക്കുന്നതാണ് ചരിത്രത്തെ കാവിവത്കരിച്ചും ഇതിഹാസങ്ങളെ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയും വർഗീയതയുടെ തുറുപ്പുശീട്ടെറിഞ്ഞുമുള്ള അവരുടെ മുന്നോട്ടുപോക്ക്.

**ദേശീയതക്ക് രണ്ടു ഘടകങ്ങൾ അത്യാവശ്യമാണ്. ആദ്യമായി ശത്രു വേണം. പിന്നെ വേണ്ടത് അഭിമാനബോധമുണർത്തുന്ന ഒരു സുവർണ ഭൂതകാലത്തെ പറ്റിയുള്ള ധാരണ. അങ്ങനെ ബ്രിട്ടീഷുകാർ ശത്രുക്കളും ഗുപ്തകാലം ഇന്ത്യയുടെ സുവർണയുഗവുമായി കണ്ടാണ് ദേശീയ ബോധം വളർന്നത്. ബ്രിട്ടീഷുകാർ ചരിത്രമെഴുതിയപ്പോൾ വിദേശ ആക്രമണങ്ങളുടെ ഒരു പരമ്പരയാണ് ഇന്ത്യാചരിത്രം എന്നു വരുത്തി. അതിനെ പ്രതിരോധിക്കാൻ ഇന്ത്യൻ ചരിത്രകാരന്മാർ ദേശീയ ചരിത്രമുണ്ടാക്കുകയായിരുന്നു. ബ്രിട്ടീഷുകാരെ എതിർക്കാൻ തുടങ്ങിയപ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഇന്ത്യയിൽ ദേശീയത രൂപപ്പെടുന്നത്. ആർഷഭാരതത്തിൽ ആത്മീയ സംസ്കാരവും ആത്മീയമായ ദേശീയതയും ഉണ്ടായിരുന്നു എന്നു ധരിക്കുന്നത് വിഡ്ഢിത്തമാണ്.**

### ദേശീയ പാരമ്പര്യം ചോദ്യം ചെയ്യപ്പെടുമ്പോൾ

വർഷങ്ങൾക്കു മുമ്പ് ദേശീയതയെക്കുറിച്ചുള്ള ഒരു പ്രഭാഷണ പരമ്പരയിൽ പ്രൊഫ.എം.ജി.എസ് നാരായണൻ പറഞ്ഞ ചില കാര്യങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. അതിന്റെ ചുരുക്കം ഇതാണ്: "ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരുന്നതിനു മുമ്പ് ഇവിടെ ദേശീയതയുണ്ടായിരുന്നുവെന്നത് മിഥ്യാബോധമാണ്. അവരെ എതിർക്കാൻ തുടങ്ങിയപ്പോഴാണ് ദേശീയതയുണ്ടായത്. ബ്രിട്ടുഷുകാരുടെ വരവിനു മുമ്പ് ഇന്ത്യയെന്നൊരു രാജ്യമില്ലായിരുന്നു. ഇന്ത്യ എന്ന സാംസ്കാരിക സങ്കൽപം ഉണ്ടായിരുന്നു. പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് ചരിത്രം എഴുതേണ്ടത് എങ്കിൽ ഭാരതത്തിന് പണ്ടൊരു ദേശീയതയുണ്ടായിരുന്നു; അത് ബ്രിട്ടീഷുകാർ നശിപ്പിച്ചു എന്നു എന്നു പറയുന്നതിൽ വാസ്തവമില്ല.

ദേശീയതക്ക് രണ്ടു ഘടകങ്ങൾ അത്യാവശ്യമാണ്. ആദ്യമായി ശത്രു വേണം. പിന്നെ വേണ്ടത് അഭിമാനബോധമുണർത്തുന്ന ഒരു സുവർണ ഭൂതകാലത്തെ പറ്റിയുള്ള ധാരണ. അങ്ങനെ ബ്രിട്ടീഷുകാർ ശത്രുക്കളും ഗുപ്തകാലം ഇന്ത്യയുടെ സുവർണയുഗവുമായി കണ്ടാണ് ദേശീയ ബോധം വളർന്നത്. ബ്രിട്ടീഷുകാർ ചരിത്രമെഴുതിയപ്പോൾ വിദേശ ആക്രമണങ്ങളുടെ ഒരു പരമ്പരയാണ് ഇന്ത്യാചരിത്രം എന്നു വരുത്തി. അതിനെ പ്രതിരോധിക്കാൻ ഇന്ത്യൻ ചരിത്രകാരന്മാർ ദേശീയ ചരിത്രമുണ്ടാക്കുകയായിരുന്നു. ബ്രിട്ടീഷുകാരെ എതിർക്കാൻ തുടങ്ങിയപ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഇന്ത്യയിൽ ദേശീയത രൂപപ്പെടുന്നത്. ആർഷഭാരതത്തിൽ ആത്മീയ സംസ്കാരവും ആത്മീയമായ ദേശീയതയും ഉണ്ടായിരുന്നു എന്നു ധരിക്കുന്നത് വിഡ്ഢിത്തമാണ്. സങ്കീർണമായ ആ സമൂഹവ്യവസ്ഥയിൽ ദേശീയതയ്ക്ക് സാധ്യതയില്ലായിരുന്നു. ഇന്നത്തെ രാഷ്ട്രത്തെപ്പോലൊരു മൗര്യസാമ്രാജ്യത്തെയോ ഗുപ്തസാമ്രാജ്യത്തെയോ ഒന്നും കണക്കാക്കാൻ പറ്റില്ല. പുതിയ ദേശീയത കൊണ്ടു നടക്കുന്നവർ വാൽമീകി രാമായണം ശ്രീരാമന്റെ ചരിത്രമാണെന്നു പറഞ്ഞുനടക്കുകയാണ്. നമ്മുടെ പൂർവികർക്ക് അങ്ങനെയൊരു ധാരണയില്ലായിരുന്നു. ആദികവി എന്നാണ് വാൽമീകിയെ വിളിച്ചത്. ആദി ചരിത്രകാരൻ എന്നല്ല. ശ്രീരാമൻ യഥാർഥ ചരിത്ര പുരുഷനാണെന്ന് സമർഥിക്കാനുള്ള ശ്രമമാണ് പത്തു മുപ്പതു വർഷമായി നടക്കുന്നത്..."

1985 ഏപ്രിൽ 23ന് ഷാബാനു ബീഗം കേസിലെ അന്തിമവിധി പ്രസ്താവിക്കുന്നതിനിടയിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കണമെന്ന നിർദേശം സുപ്രീം കോടതിയിൽ നിന്നുമുണ്ടായപ്പോൾ ഈ നിർദേശം സ്വാഭാവികമായും ഹിന്ദുത്വവാദികൾ ഏറ്റെടുത്തു. ഇസ്‌ലാമിക വ്യക്തിനിയമങ്ങളിൽ ലിംഗ സമത്വമില്ല, ഇന്ത്യൻ മുസ്‌ലിംകൾ ദേശീയതയിൽനിന്ന് അകന്നുകഴിയുന്നവരാണ് എന്നെല്ലാം പ്രചരിപ്പിക്കാൻ തുടങ്ങി.

അങ്ങനെ കടുത്ത ദേശീയവാദിക്കുള്ളിലെ സാധാരണ മനസ്സ് ചലിക്കുകയും ചിന്തിക്കുകയും ചെയ്യുന്നത് ഇസ്‌ലാമിനോടുള്ള ഭീതിയുടെ പ്രേരണകൊണ്ടായി മാറി. ഹിന്ദുത്വവാദത്തോട് ഇന്ത്യൻ ദേശീയതയുടെ തീവ്രതയെ ബന്ധിപ്പിച്ച് നിർത്തുന്നവർ ഇസ്‌ലാം ഭീതിയുടെ തത്വശാസ്ത്രത്തെ അവലംബിക്കാൻ തുടങ്ങി.






“നിങ്ങൾ ദേശീയവാദിയാണെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഹിന്ദുവാകാതിരിക്കാനോ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഹിംസിക്കാതിരിക്കാനോ കഴിയില്ല” എന്ന ഒരാശയം നേരത്തെ തന്നെ സംഘപരിവാർ ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ട്. ഈ പ്രചാരണം ഇന്ത്യൻ സമൂഹത്തെ ചില ഘട്ടങ്ങളിലെങ്കിലും സ്വാധീനിക്കുകയും വഴിതെറ്റിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം മതനിരപേക്ഷമായ ദേശീയതയുടെ യഥാർഥ ധാരയോട് ആശയപരമായി സംവദിക്കാനാവാതെ ഭീതിയുടെ ബീജങ്ങൾ പേറുന്ന കപടദേശീയത ചില ഘട്ടങ്ങളിൽ പിന്തിരിഞ്ഞ് പോയിട്ടുമുണ്ട്.

### ദേശീയതയും ‘ഹിന്ദുത്വ ദേശീയത’യും

ഹിന്ദുത്വവാദികൾ വിഭാവനം ചെയ്തെടുത്ത ദേശീയത യഥാർഥ ദേശീയതയുമായി പ്രതിവർത്തിക്കുന്ന ചില തലങ്ങളുണ്ട്. ഒന്നാമതായി ഹിന്ദുത്വ ദേശീയത ഇസ്‌ലാം മതത്തോടും മുസ്‌ലിം സാമൂഹികതയോടുമുള്ള വിദ്വേഷത്തെ താത്വികവൽകരിക്കുന്നു. രണ്ടാമതായി ഹിന്ദുത്വ ദേശീയത ദുർബലമായ വൈകാരികതയെ അവലംബിക്കുന്നു. മൂന്നാമതായി അത് സമൂഹത്തിന്റെ ശാക്തീകരണത്തിനുപകരം ശിഥിലീകരണം സാധിക്കുന്നു. മറുവശത്ത് യഥാർഥമായ ദേശീയതയാവട്ടെ ഒരു മതത്തോടുമുള്ള ആഭിമുഖ്യമോ വിയോജിപ്പോ താത്വികമായി എടുക്കുന്നില്ല.

**ഏതു കാലഘട്ടത്തിലും ഇസ്‌ലാമിനെക്കുറിച്ചുള്ള ഭീതി വ്യാപിപ്പിക്കുന്നതിൽ തെറ്റായ ചരിത്രം സുപ്രധാന ഉപാധിയായി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. വിഭജനാനന്തര ഘട്ടത്തിൽ ഹിന്ദുത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടഴിച്ചുവിട്ട ചരിത്രത്തിന്റെ മുഖംമൂടിയണിയിക്കപ്പെട്ട നുണകൾ പ്രധാനമായും ഇസ്‌ലാമിനെയും മുസ്‌ലിം കളെയും കുറ്റാരോപണ വിധേയമാക്കുന്നവയായിരുന്നു. അത്തരം കുറ്റാരോപണങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടുകളിലെ മുസ്‌ലിം ഭരണകർത്താക്കൾ, സുൽത്താന്മാർ, വിവിധ നാട്ടുരാജ്യങ്ങളിൽ ഭരണം നടത്തിയ മുസ്‌ലിം ഭരണാധികാരികൾ എന്നിവരുമായൊക്കെ ബന്ധപ്പെടുത്തിയുള്ള പല കഥകളും ഉണ്ടായിരുന്നു. ഇന്ത്യയിൽ വിവിധ നൂറ്റാണ്ടുകളിലായി വിവിധയിടങ്ങളിൽ ഭരണം നടത്തിയ എല്ലാ മുസ്‌ലിം നാമധാരികളും പൊതുവായി ചെയ്ത ഒരേയൊരു കാര്യം ഇവിടുത്തെ ഹിന്ദുക്കളെ കൊന്നൊടുക്കുകയും ക്ഷേത്രങ്ങൾ തകർക്കുകയും ഈ നാടിന്റെ പാരമ്പര്യ ശേഷിപ്പുകളെ നാമാവശേഷമാക്കുകയുമാണ് എന്ന് ചിലർ പ്രചരിപ്പിച്ചു.**

തന്നെയുമല്ല ശക്തമായ യാഥാർഥ്യബോധത്തോടെ ദുർബല വൈകാരികതകളെ തീർത്തും മാറ്റിവെച്ചുകൊണ്ട് സമൂഹത്തെ കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. അതോടുകൂടിത്തന്നെ സമൂഹത്തെ എല്ലാതരം ശിഥിലീകരണ ചിന്തകൾക്കുമതീതമായി ഏകോപിപ്പിക്കുകയും ചെയ്യുന്നു.

ഏതു കാലഘട്ടത്തിലും ഇസ്‌ലാമിനെക്കുറിച്ചുള്ള ഭീതി വ്യാപിപ്പിക്കുന്നതിൽ തെറ്റായ ചരിത്രം സുപ്രധാന ഉപാധിയായി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. വിഭജനാനന്തര ഘട്ടത്തിൽ ഹിന്ദുത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടഴിച്ചുവിട്ട ചരിത്രത്തിന്റെ മുഖംമൂടിയണിയിക്കപ്പെട്ട നുണകൾ പ്രധാനമായും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറ്റാരോപണ വിധേയമാക്കുന്നവയായിരുന്നു. അത്തരം കുറ്റാരോപണങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടുകളിലെ മുസ്‌ലിം ഭരണകർത്താക്കൾ, സുൽത്താന്മാർ, വിവിധ നാട്ടുരാജ്യങ്ങളിൽ ഭരണം നടത്തിയ മുസ്‌ലിം ഭരണാധികാരികൾ എന്നിവരുമായൊക്കെ ബന്ധപ്പെടുത്തിയുള്ള പല കഥകളും ഉണ്ടായിരുന്നു. ഇന്ത്യയിൽ വിവിധ നൂറ്റാണ്ടുകളിലായി വിവിധയിടങ്ങളിൽ ഭരണം നടത്തിയ എല്ലാ മുസ്‌ലിം നാമധാരികളും പൊതുവായി ചെയ്ത ഒരേയൊരു കാര്യം ഇവിടുത്തെ ഹിന്ദുക്കളെ കൊന്നൊടുക്കുകയും ക്ഷേത്രങ്ങൾ തകർക്കുകയും ഈ നാടിന്റെ പാരമ്പര്യ ശേഷിപ്പുകളെ നാമാവശേഷമാക്കുകയുമാണ് എന്ന് ചിലർ പ്രചരിപ്പിച്ചു. സവർണ ഹിന്ദുക്കളുടെ സാമൂഹ്യഭീതിയിൽ നിന്നാവിർഭവിച്ച പ്രത്യേകതരം വിദ്വേഷം പിൽക്കാലത്ത് കൃത്രിമമായ ചരിത്രനിർമാണത്തോളം വികസിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ ദേശീയതയുടെ മറപിടിച്ചു വളർന്നുവന്ന മതവിദ്വേഷം കൃത്രിമ കഥകളുടെയും ഊഹാപോഹങ്ങളുടെയും വിതരണത്തിന് സുഗമമായ പശ്ചാത്തലമായിത്തീർന്നു. അതിന് തൊട്ടുമുമ്പ്

18, 17,16 നൂറ്റാണ്ടുകളില ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലവിൽവന്ന ഹിന്ദുത്വത്തിലൂന്നിയ പ്രചാരണങ്ങൾ മുസ്‌ലിം- ഇസ്‌ലാം വിദ്വേഷത്തിനു താത്വികമായ പരിവേഷവും പശ്ചാത്തലവും ഒരുക്കിവെച്ചിരുന്നു.

ദേശീയവാദത്തിന്റെ മറപിടിച്ചാണ് വിഭജനം എന്ന ആശയം ചർച്ച ചെയ്യപ്പെട്ടു തുടങ്ങുന്നത്. പിൽക്കാലത്ത് കടുത്ത ദേശീയവാദികൾ കടുത്തവിഭജന വിരോധികളായി വേഷപ്പകർച്ചനേടുന്നത് ഇന്ത്യാചരിത്രത്തിൽ കാണാനിടയായെങ്കിലും യഥാർഥത്തിൽ വിഭജനവാദത്തിന്റെ ഉൽഭവം കടുത്ത ദേശീയവാദികളുടെ അഥവാ സാംസ്കാരിക ദേശീയവാദികളുടെ തലച്ചോറിൽ നിന്നുമായിരുന്നുവെന്നതും വസ്തുത മാത്രം.

ഹിന്ദുത്വരാഷ്ട്രീയം അതിന്റെ തുറുപ്പുചീട്ടായി കണ്ടെത്തിയ വിഭജനവാദം ഇസ്‌ലാം ഭീതിയുടെ ഊർജമാണ് ഉപയോഗപ്പെടുത്തിയത്. 1920കളിൽ പ്രചരിപ്പിച്ചിരുന്ന ചില കാര്യങ്ങൾ ഇപ്രകാരമായിരുന്നു: 'പതിനായിരക്കണക്കിനു വർഷങ്ങൾ പഴക്കമുള്ള ഇന്ത്യയുടെ സംസ്കാരത്തെയും അതിന്റെ ശേഷിപ്പുകളെയും തകർത്തത് 1000 വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിലെത്തിയ മുസ്‌ലിംകളായിരുന്നു. മുസ്‌ലിംകൾ ഇവിടെ വാളും ഭീഷണിയും ഉപയോഗിച്ചാണ് ഭരണം നേടിയതും സവർണർ ഉൾപ്പെടുന്ന ഇന്ത്യക്കാരെ ഒതുക്കി നിർത്തിയിരുന്നതും. അത്യധികം അപകടകരവും ഭീതിയുണർത്തുന്നതുമായ ഒരു തത്ത്വശാസ്ത്രമാണ് ഇസ്‌ലാം. അത് കടുത്ത അക്രമവാസനയും ഹിംസയും വളർത്തുന്ന മതമാണ്. ഇന്ത്യയിൽ നിന്ന് മുസ്‌ലിംകളെ നാടുകടത്താതെ ഇവിടെ ആർക്കും സ്വസ്ഥജീവിതം സാധ്യമേയല്ല.'

ഇന്ത്യൻ ദേശീയത എന്നു പറഞ്ഞാൽ അത് ഹിന്ദു ദേശീയതയാണെന്നും അതിന് പതിനായിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുണ്ടെന്നും പറയുന്നവരുടെ വാദത്തെയാണ് എം.ജി.എസ് നാരായണൻ ഖണ്ഡിച്ചിട്ടുള്ളത്.

**സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന സാമൂഹ്യവിഭജനങ്ങളും ചാതുർവർണ്യ- ജാതിവ്യവസ്ഥയും ജനങ്ങൾക്കിടയിൽ ആഴമേറിയ ഭിന്നിപ്പുണ്ടാക്കി എന്നതല്ലാതെ ഹിന്ദുക്കളെ ഒരു ദേശീയതയുടെ കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല എന്നതാണ് ചരിത്രം പറയുന്നത്. ഈ അനൈക്യമാണ് നിരന്തരമായ വൈദേശികാക്രമണങ്ങൾക്ക് നിമിത്തമായത്. ഇത്തരം ആക്രമണങ്ങളെ 'പതിനായിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുള്ള' ദേശീയ ചിന്തക്ക് പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ടോ? ഇല്ല, എന്നു മാത്രമല്ല രാജ്യത്തിനകത്തുനിന്നും ആക്രമണകാരികൾക്ക് പിന്തുണയും സഹായവും നൽകാൻ ആളുണ്ടായി എന്നതാണ് വസ്തുത. ഇത്തരം ചരിത്ര സത്യങ്ങൾ ഹിന്ദു ദേശീയതയെ പ്രതിക്കൂട്ടിൽ നിർത്തുന്നുവെന്നതിൽ സംശയമില്ല.**

സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന സാമൂഹ്യവിഭജനങ്ങളും ചാതുർവർണ്യ- ജാതിവ്യവസ്ഥയും ജനങ്ങൾക്കിടയിൽ ആഴമേറിയ ഭിന്നിപ്പുണ്ടാക്കി എന്നതല്ലാതെ ഹിന്ദുക്കളെ ഒരു ദേശീയതയുടെ കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല എന്നതാണ് ചരിത്രം പറയുന്നത്. ഈ അനൈക്യമാണ് നിരന്തരമായ വൈദേശികാക്രമണങ്ങൾക്ക് നിമിത്തമായത്. ഇത്തരം ആക്രമണങ്ങളെ 'പതിനായിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുള്ള' ദേശീയ ചിന്തക്ക് പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ടോ? ഇല്ല, എന്നു മാത്രമല്ല രാജ്യത്തിനകത്തുനിന്നും ആക്രമണകാരികൾക്ക് പിന്തുണയും സഹായവും നൽകാൻ ആളുണ്ടായി എന്നതാണ് വസ്തുത. രജപുത്ര രാജാവായ പൃഥിരാജിനെതിരെ യുദ്ധം ചെയ്യാൻ മുഹമ്മദ് ഗോറിയെ ക്ഷണിച്ചുവരുത്തിയത് മറ്റൊരു ഹിന്ദുരാജാവായ ജയചന്ദ് ആയിരുന്നു! 'ഹിന്ദുക്കളുടെ മോചന'ത്തിനുവേണ്ടി ശിവജി യുദ്ധം ചെയ്തപ്പോൾ മുഗൾ ചക്രവർത്തിമാരുടെ പക്ഷത്താണ് മഹാരാഷ്ട്രയിലെ രജപുത്രരാജാക്കന്മാർ നിലകൊണ്ടത്! ഇത്തരം ചരിത്ര സത്യങ്ങൾ ഹിന്ദു ദേശീയതയെ പ്രതിക്കൂട്ടിൽ നിർത്തുന്നുവെന്നതിൽ സംശയമില്ല.

ഇന്ത്യയിലെ വർഗീയവാദത്തിന്റെ വക്താക്കൾ സൃഷ്ടിച്ചുവിടുന്ന പ്രശ്നങ്ങൾ ഇന്ത്യയുടെ മുറിപ്പാടുകളെ അവയുടെ പൊള്ളുന്ന വേദനകളോടെ നിലനിർത്തുവാനുള്ള കുൽസിത യത്നങ്ങളുടെ ഭാഗമാണ്. മുസ്‌ലിം ജനസമൂഹത്തെ എക്കാലത്തും സംശയത്തിന്റെ കുന്തമുനകളിൽ തറപ്പിച്ചു നിർത്തി നാടിന്റെ ശാന്തിയെയും സമാധാനത്തെയും തുരങ്കംവെക്കുവാൻ ചില ദുശ്ശക്തികൾ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് കാണാം. മുസ്‌ലിംകൾ ക്രൂരമാം വിധത്തിൽ ആരോപണങ്ങൾകൊണ്ട് ആക്രമിക്കപ്പെടുന്നു.

“വേട്ടയാടപ്പെടുന്ന ഒരു സമൂഹമെന്ന നിലയിൽ ഇസ്‌ലാമിന്റെ പക്ഷത്തു നിൽക്കേണ്ട ഒരു ആവശ്യം നിശ്ചയമായും ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അത് നമ്മുടെ കടമയും ഉത്തരവാദിത്തവുമാണ്. അതേസമയം ഇസ്‌ലാമിലെ ഒരു ന്യൂനപക്ഷം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ നാം ഊന്നിപ്പറയുകയും വേണം” (ബെന്യാമീൻ, പച്ചക്കുതിര, 2022 സെപ്റ്റംബർ).

ഇന്ത്യയുടെ സൗന്ദര്യവും സൗരഭ്യവും നിലനിൽക്കുന്നത് നാനാത്വത്തിലുള്ള ഏകത്വം, ജനാധിപത്യം, മതനിരപേക്ഷ തുടങ്ങിയവയിലാണ്. ഇവയെ ഇല്ലായ്മ ചെയ്ത് രാജ്യത്തെ ഏകശിലാത്മകമാക്കാനുള്ള ശ്രമങ്ങളെ എതിർത്തു തോൽപിക്കേണ്ടത് ഓരോ രാജ്യസ്നേഹിയുടെയും കടമയാണ്.



# വിഭിന്നമായ കാരുണ്യം

**ഇബ്ന അലി, എടത്തനാട്ടുകര**

പേനകളെ ഏറെ ഇഷ്ടമാണ് അവന്; മോശമല്ലാത്ത ശേഖരവുമുണ്ട്. ആർക്കും അത് കൊടുക്കുന്നത് ഒട്ടും ഇഷ്ടമല്ലതാനും. ക്ലാസ്സിൽ ടീച്ചർ എന്തോ എഴുതാൻ അവന്റെ പേന വാങ്ങി, തിരികെ കൊടുക്കാൻ മറക്കുകയും ചെയ്തു. പ്രിയപ്പെട്ട നീല നിറമുള്ള പേന തിരികെ ചോദിക്കാനുള്ള ധൈര്യം അവന് ഇല്ലാതെ പോകുകയും ചെയ്തു.

മലപ്പുറം ജില്ലയിലെ ഒരു ചെറു പട്ടണത്തിലാണ് അവൻ പഠിക്കുന്നത്. മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കൂൾ. സ്കൂൾ വിട്ട് വീട്ടിലെത്തി കുറെ കഴിഞ്ഞ് പിതാവ് എത്തിയപ്പോഴാണ് അവൻ പേനക്കഥ പറഞ്ഞത്. 'പെന്ന്' വേണമെന്ന വാശി തുടങ്ങുകയും ചെയ്തു. സാരമില്ല, അടുത്തുള്ള കടയിൽനിന്ന് വാങ്ങാം എന്ന് പറഞ്ഞ് സമാധാനിപ്പിച്ചു.


എന്നാൽ കടയിൽ അവന്റെ നഷ്ടപ്പെട്ട നീലപ്പേന പോലെ ഒന്നും ഇല്ല. വാശി കൂടിയപ്പോൾ 20 കിലോമീറ്റർ ദൂരേക്ക് അവനെ സ്കൂട്ടറിൽ കേറ്റി പട്ടണത്തിൽ എത്തി പേന വാങ്ങിക്കൊടുത്താണ് പ്രശ്നം പരിഹരിച്ചത്.

കല്യാണം കഴിഞ്ഞ്, അവന്റെ അനിയനും അനിയത്തിക്കുമൊക്കെ മക്കൾ പിറന്നിരുന്നു. മാനസിക വെല്ലുവിളിക്കൊപ്പം ശാരീരിക പരിമിതി കൂടി ഉള്ളതുകൊണ്ട് അവന് വീട്ടുകാർ തന്നെയായിരുന്നു പ്രിയപ്പെട്ട കൂട്ട്. ജനപ്രതിനിധിയും സ്ഥലത്തെ പ്രധാന കാരണവരും ഒന്നിലേറെ പള്ളികളുടെ പ്രസിഡന്റും ഒക്കെ ആയിരുന്ന വല്യുപ്പയായിരുന്നു അവന്റെ ബെസ്റ്റ് ഫ്രണ്ട്. പെട്ടെന്നൊരു ദേഹത്തളർച്ചയിൽ ആശുപത്രിയിൽ ആയ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞപ്പോൾ അവൻ ഏറെക്കുറെ ഏകാകിയായി. എല്ലാറ്റിനും ഒപ്പം ഉണ്ടായിരുന്ന, നാൽപത് കഴിഞ്ഞ അവനെ നാല് വയസ്സുകാരനെ എന്നപോലെ കൂടെ നിന്ന് പരിപാലിച്ച അവന്റെ പ്രിയപ്പെട്ട ഉമ്മയും താമസിയാതെ വിടപറഞ്ഞതോടെ അവൻ പൂർണമായി ഒറ്റപ്പെട്ടപോലെയായി.

സകല മനുഷ്യരെയും വീടുകളിലും പ്രയാസത്തിലും ദാരിദ്ര്യത്തിലും കെട്ടിയിട്ട കോവിഡ് കാലം അവന് കൂടുതൽ പ്രയാസമായി. ഒരിക്കൽ പിതാവിന്റെ സ്കൂട്ടറിനു പിന്നിൽ യാത്ര ചെയ്യവെ അവനൊരു തെരുവ് കച്ചവടക്കാരനെ കണ്ടു. പച്ചക്കപ്പ(മരച്ചീനി)യാണ് പെരുവെയിലിൽ നിലത്ത് കുത്തിയിരുന്ന് അയാൾ വിറ്റിരുന്നത്. തൂവെള്ള മുണ്ടും ഫുൾകൈ ഷർട്ടും തലക്കെട്ടും ഉള്ള താടിക്കാരനായിരുന്നു കച്ചവടക്കാരൻ. കോവിഡ് ജോലി നഷ്ടപ്പെടുത്തിയ മദ്റസ അധ്യാപകനായിരുന്നു അയാൾ. ആ കാഴ്ച അവന്റെ മനസ്സിനെ ഉലച്ചു.

അയാൾക്ക് വെയിലുകൊള്ളാതെ നിന്ന് വിൽക്കാനുള്ള സാഹചര്യം ഒരുക്കണമെന്ന് അവൻ വാപ്പയോട് പറഞ്ഞു. പണം അവൻ മുടക്കും, അവന് സർക്കാരിൽനിന്ന് കിട്ടിയ പെൻഷൻ ഒരുമിച്ചുകൂട്ടിയതിൽനിന്ന്! വെയിൽ തട്ടാതെ നിൽക്കാൻ പറ്റുന്ന തരത്തിൽ പൂള സൂക്ഷിച്ചുവെച്ച് വിൽക്കാൻ ഉതകുന്ന ഒരു നിർമിതി നാട്ടിലെ ഇൻഡസ്ട്രിയിൽനിന്ന് അവർ ചെയ്തുകൊടുത്തു, ഇരിക്കാൻ ഒരു സ്റ്റൂൾ അടക്കം.

വെയിലേറ്റ് വാടുന്ന ആ കാഴ്ച എത്രയോ പേർ കണ്ടിട്ടുണ്ടാകും. എന്നാൽ അതിൽ മനസ്സുനൊന്ത് അതിനൊരു പരിഹാരം ചെയ്യണം എന്ന ഉൾവിളി തോന്നിയത് മാനസിക വളർച്ചക്കുറവുള്ളവൻ എന്ന് സമൂഹം വിലയിരുത്തിയ ഒരുത്തനാണ്. എല്ലാം തികഞ്ഞവർ എന്ന് അഹങ്കരിക്കുന്ന നമ്മുടെ കണ്ണിൽ പെടാതെ പോയത്, ഒരു പേന പോലും കൊടുക്കാൻ ഇഷ്ടമില്ലാത്ത അവനെ അലട്ടിയെന്നത് അവനിലെ നന്മ. അവന്റെ അലിവിന്റെ വാർത്ത ചില പത്രങ്ങളിലും വന്നിരുന്നു. നന്മ നിറഞ്ഞ മനസ്സിന്റെ ഉടമയായ ആ സുഹൃത്തിന് പ്രാർഥനകൾ...



# ലൈംഗിക വളർച്ചയും സംസ്കരണ വഴികളും

അശ്റഫ് ഏകരൂൽ

ശാരീരിക വളർച്ചയോടൊപ്പം കുട്ടികളിൽ സമാന്തരമായി സംഭവിക്കുന്ന മറ്റൊരു വളർച്ചയാണ് ലൈംഗിക വളർച്ച. വളർച്ചയോടൊപ്പം സുരക്ഷയും സംസ്കരണവും അനിവാര്യമായി ചേർത്തുവെക്കേണ്ട ഒന്നാണ് കുട്ടികളിലെ ലൈംഗിക വളർച്ച. ഈ വളർച്ചയിൽ രക്ഷിതാക്കൾ അറിഞ്ഞിരിക്കേണ്ട ധാരാളം കാര്യങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

മനുഷ്യ വളർച്ചയിൽ എല്ലാ തലങ്ങളിലും അതിന്റെ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായകമാവും വിധമാണ് ഇസ്‌ലാം അതിന്റെ എല്ലാ അധ്യാപനങ്ങളും മനുഷ്യന് സമർപ്പിക്കുന്നത്. അതിനെ എല്ലാ അർഥത്തിലും ജീവിതമാർഗമായി സ്വീകരിക്കുന്നവർക്ക് നിരാശപ്പെടേണ്ടിവരില്ല. എന്ന് മാത്രമല്ല അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ ശുദ്ധപ്രകൃതി നിലനിൽക്കാൻ അല്ലാഹുവിന്റെ മാർഗദർശനത്തോളം അനുയോജ്യമായ മറ്റൊരു അധ്യാപനവും മാനവകുലത്തിന്റെ മുമ്പിൽ ഇല്ലതാനും.

കുട്ടികളുടെ വൈവിധ്യമാർന്ന വളർച്ചകളിൽ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതും പരിശീലിപ്പിക്കേണ്ടതുമായ പ്രവാചകാധ്യാപനങ്ങളെ കുറിച്ചുള്ള പഠനത്തിൽ ഏറെ പ്രധാനപ്പെട്ടതും എന്നാൽ രക്ഷിതാക്കൾക്ക് വലിയ ഭാഗധേയമൊന്നുമില്ലെന്ന് നമ്മളിലധിക പേരും ധരിച്ചുവെച്ചതുമായ മേഖലയാണ് കുട്ടികളിലെ ലൈംഗിക വളർച്ചയും അതിന്റെ സംസ്കരണ വഴിയിൽ ഇസ്‌ലാം നൽകുന്ന വെളിച്ചവും. അതിരുകളോ വിലക്കുകളോ വേണ്ടാത്ത 'സുരക്ഷിത രതി'യിലേക്കു കേരളമടക്കം കുഞ്ഞുങ്ങളെ ലൈംഗിക വിദ്യാഭ്യാസത്തിന്റെ പുകമറയിൽ ആട്ടിത്തെളിക്കുമ്പോൾ ലൈംഗിക വളർച്ചയും അത് പൂർണമാകുമ്പോൾ മാത്രം ലഭ്യമാക്കേണ്ട 'ഹലാൽ രതി'യും മനുഷ്യന് എത്ര പ്രധാനപ്പെട്ടതും സുരക്ഷിതവുമാണെന്നു ദൈവിക മാർഗദർശനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ മക്കൾക്ക് ഗ്രാഹ്യമാവേണ്ടതുണ്ട്. അതോടൊപ്പം അനുവദനീയതയ്ക്കപ്പുറത്തുള്ള ലൈംഗികതയും ലൈംഗിക വൈകൃതങ്ങളും സ്വജീവിതത്തിലും സമൂഹത്തിലും എത്ര വലിയ അപകടമാണ് വരുത്തിവെക്കുന്നതെന്നും ഈ വിഷയത്തിൽ അല്ലാഹുവിന്റെ ശിക്ഷ എത്ര ഭയാനകമാണെന്നും കുട്ടികൾ അറിഞ്ഞു വളരേണ്ടതുണ്ട്. അതിന്നു സഹായകമാവുന്ന ഇസ്‌ലാമിക അധ്യാപനങ്ങളിൽ ചിലതാണ് ഇവിടെ നാം അന്വേഷിക്കുന്നത്.

കാരുണ്യവാനായ അല്ലാഹു ഒരു മനുഷ്യക്കുഞ്ഞിന് ജീവൻ നൽകി മാതാവിന്റെ ഗർഭപാത്രത്തിൽ നിന്ന് പുറത്തേക്കയക്കുമ്പോൾ ശരീരത്തിലെ ചിലതിനെ അല്ലാഹു വൈകിപ്പിച്ചത് കാണാൻ കഴിയും. പല്ലുകളും ലൈംഗിക വളർച്ചയുമെല്ലാം അതിൽ പെട്ടതാണ്. അതിന്റെ ഉപയോഗത്തിന് പാകപ്പെടുന്നതു വരെ കരുണാമയനായ റബ്ബ് അത് വൈകിപ്പിക്കുകയാണ്. അതിനാൽത്തന്നെ സമയമെടുത്തു സാവധാനം വളർച്ച പ്രാപിക്കുന്ന ഒരു ശാരീരിക പക്രിയയാണ് മനുഷ്യനിലെ ലൈംഗികത. കുഞ്ഞുങ്ങളിൽ ശാരീരിക വളർച്ചയുടെ ഏറ്റവ്യത്യാസത്തി

**കുട്ടികളുടെ വൈവിധ്യമാർന്ന വളർച്ചകളിൽ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതും പരിശീലിപ്പിക്കേണ്ടതുമായ പ്രവാചകാധ്യാപനങ്ങളെ കുറിച്ചുള്ള പഠനത്തിൽ ഏറെ പ്രധാനപ്പെട്ടതും എന്നാൽ രക്ഷിതാക്കൾക്ക് വലിയ ഭാഗധേയമൊന്നുമില്ലെന്ന് നമ്മിലധികപേരും ധരിച്ചുവെച്ചുതുമായ മേഖലയാണ് കുട്ടികളിലെ ലൈംഗിക വളർച്ചയും അതിന്റെ സംസ്കരണ വഴിയിൽ ഇസ്‌ലാം നൽകുന്ന വെളിച്ചവും. അതിരുകളോ വിലക്കുകളോ വേണ്ടാത്ത 'സുരക്ഷിത രതി'യിലേക്കു കേരളമടക്കം കുഞ്ഞുങ്ങളെ ലൈംഗിക വിദ്യാഭ്യാസത്തിന്റെ പുകമറയിൽ ആട്ടിത്തെളിക്കുമ്പോൾ ലൈംഗിക വളർച്ചയും അത് പൂർണമാകുമ്പോൾ മാത്രം ലഭ്യമാക്കേണ്ട 'ഹലാൽ രതി'യും മനുഷ്യന് എത്ര പ്രധാനപ്പെട്ടതും സുരക്ഷിതവുമാണെന്നു ദൈവിക മാർഗദർശനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ മക്കൾക്ക് ഗ്രാഹ്യമാവേണ്ടതുണ്ട്.**

നനുസരിച്ച് കൗമാരത്തോടുകൂടി ശക്തിയായോ ദുർബലമായോ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നതാണ് ലൈംഗിക വളർച്ചയും അതിന്റെ തൃഷ്ണയും. ശാരീരിക പുഷ്ടിക്കും പ്രകൃതിക്കുമനുസരിച്ച് ആന്തരികമായി അവ നിർമിക്കപ്പെടുകയും പരിസരത്തിന്റെ പ്രചോദനകൾ അതിനെ ത്രസിപ്പിക്കുകയും ചെയ്യുന്നു. ആന്തരിക വളർച്ചയോടൊപ്പം വിമലീകരിക്കപ്പെട്ട ബാഹ്യമായ പരിസരത്തെ സൃഷ്ടിക്കുന്നതിലൂടെ മാത്രമെ സുരക്ഷിതമായ ലൈംഗിക വളർച്ച മക്കളിൽ സാധ്യമാവുകയുള്ളൂ. ഇവിടെ മാതാപിതാക്കൾക്കും അധ്യാപകർക്കും വലിയ ഭാഗധേയം നിർവഹിക്കാനുണ്ട്. ഇസ്‌ലാമിന്റെ ഈ രംഗത്തുള്ള അധ്യാപനങ്ങളെ ശീലിപ്പിക്കുക എന്നതാണ് വിമലീകരിക്കപ്പെട്ട ലൈംഗിക വളർച്ചയുടെ ഏക വഴി. അതിന്റെ ചുവടുവയ്പ്പുകൾ കുഞ്ഞുകാലം മുതൽ തുടങ്ങേണ്ടതുണ്ടെന്നാണ് ക്വുർആൻ നൽകുന്ന വെളിച്ചം. ശാസ്ത്രീയവും പ്രായോഗികവും അതോടൊപ്പം പുണ്യകരവുമായ ആ ചുവടുവയ്പ്പുകൾ നമുക്ക് പരിശോധിക്കാം.

**ഒന്ന്). വകതിരിവ് എത്തിയ കുഞ്ഞുങ്ങൾ പ്രവേശനാനുമതി തേടൽ**

കുട്ടികൾ ഏറ്റവും കൂടുതൽ സമയം കഴിച്ചുകൂട്ടുന്നത് സ്വന്തം വീടുകളിലാണ്. വീടിന്റെ നാനാ ഭാഗങ്ങളിലും സദാ വിഹരിച്ചുകൊണ്ടേയിരിക്കും അവർ. എല്ലാ സമയത്തും എല്ലായിടത്തും അനുവാദം തേടി പ്രവേശിക്കുക പ്രയാസമാണ്. അതിനാൽ കുട്ടികൾക്കു വിശുദ്ധ ക്വുർആൻ ഏറ്റവും അനിവാര്യമായ മൂന്നു സമയങ്ങൾ നിജപ്പെടുത്തി നൽകുകയും ആ സമയങ്ങളിൽമാത്രംമാതാപിതാക്കളുടെയോ മറ്റു മുതിർന്നവരുടെയോ കിടപ്പറകളിലേക്ക് പ്രവേശിക്കുമ്പോൾ അനുവാദം തേടണമെന്ന് നിർദേശിച്ചു. അതിരാവിലെ, പ്രഭാത നമസ്കാരത്തിന് മുമ്പുള്ള സമയം, ഉച്ചമയക്കത്തിനായി കിടപ്പറകളിൽ ചെല്ലുന്ന നേരം, രാത്രി ഇശാഅ് നമസ്കാരാനന്തരം ഉറങ്ങാൻ പ്രവേശിക്കുന്ന നേരം- ഇത് മൂന്നും മാതാപിതാക്കളും വീട്ടിലെ മറ്റു ദമ്പതികളും കിടപ്പറയിൽ ചെല്ലുന്നതും അവരുടെ സ്വകാര്യതകളിൽ ഏർപ്പെടാൻ സാധ്യത കൂടുതലുള്ളതുമായ സമയങ്ങളാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവ (അടിമകൾ)രും നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടിക്കൊള്ളട്ടെ. പ്രഭാതനമസ്കാരത്തിനു മുമ്പും, ഉച്ചസമയത്ത് (ഉറങ്ങുവാൻ) നിങ്ങളുടെ വസ്ത്രങ്ങൾ മാറ്റിവയ്ക്കുന്ന സമയത്തും, ഇശാഅ് നമസ്കാരത്തിനുശേഷവും. നിങ്ങളുടെ മൂന്ന് സ്വകാര്യ സന്ദർഭങ്ങളത്രെ ഇത്. ഈ സന്ദർഭങ്ങൾക്ക് ശേഷം നിങ്ങൾക്കോ അവർക്കോ (കൂടിക്കലർന്ന് ജീവിക്കുന്നതിന്) യാതൊരു കുറ്റവുമില്ല. അവർ നിങ്ങളുടെ അടുത്ത് ചുറ്റിനടക്കുന്നവരത്രെ. നിങ്ങൾ അന്യോന്യം ഇടകലർന്ന് വർത്തിക്കുന്നു. അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു" (അന്നൂർ 58,59).

ഈ സമയങ്ങൾ നിർണയിച്ചു നൽകിയത് കുട്ടികളുടെ ദൃഷ്ടികളിൽ കുടുംബത്തിന്റെ സ്വകാര്യ നിമിഷങ്ങൾ അപ്രതീക്ഷിതമായി പതിയാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയ്ക്കാണ്. മനുഷ്യന്റെ ഉള്ളും പുറവും അറിയുന്ന അല്ലാഹു നിർദേശിച്ചുതരുന്നതെല്ലാം മുഖവിലക്കെടുക്കുമ്പോൾ, അപരിഹാര്യമായ അപകടങ്ങളിൽ



**അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവ (അടിമകൾ)രും നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടിക്കൊള്ളട്ടെ. പ്രഭാതനമസ്കാരത്തിനു മുമ്പും, ഉച്ചസമയത്ത് (ഉറങ്ങുവാൻ) നിങ്ങളുടെ വസ്ത്രങ്ങൾ മാറ്റിവയ്ക്കുന്ന സമയത്തും, ഇശാഅ് നമസ്കാരത്തിനുശേഷവും. നിങ്ങളുടെ മൂന്ന് സ്വകാര്യ സന്ദർഭങ്ങളത്രെ ഇത്. ഈ സന്ദർഭങ്ങൾക്ക് ശേഷം നിങ്ങൾക്കോ അവർക്കോ (കൂടിക്കലർന്ന് ജീവിക്കുന്നതിന്) യാതൊരു കുറ്റവുമില്ല. അവർ നിങ്ങളുടെ അടുത്ത് ചുറ്റിനടക്കുന്നവരത്രെ. നിങ്ങൾ അന്യോന്യം ഇടകലർന്ന് വർത്തിക്കുന്നു. അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു'' (അന്നൂർ 58,59). ഈ സമയങ്ങൾ നിർണയിച്ചു നൽകിയത് കുട്ടികളുടെ ദൃഷ്ടികളിൽ കുടുംബത്തിന്റെ സ്വകാര്യ നിമിഷങ്ങൾ അപ്രതീക്ഷിതമായി പതിയാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയ്ക്കാണ്.**


ചെന്ന് ചാടുന്നതിൽനിന്ന് നാം രക്ഷപ്പെടുന്നു. പക്ഷേ, അധിക രക്ഷിതാക്കളും 'കുട്ടികളല്ലേ' എന്ന രീതിയിൽ ഇതെല്ലാം അവ ഗണിക്കുന്നു. കുട്ടികൾ വേണ്ടത്ര വളർച്ചയും പക്വതയും പ്രാപിക്കും മുമ്പ് നഗ്നതകൾ കാണുന്നതും ലൈംഗിക ലീലകൾ ദൃഷ്ടിയിൽ പെടുന്നതും ഒട്ടനവധി മാനസിക, ശാരീരിക പ്രതിസന്ധികളിലേക്ക് അവരെ തള്ളിവിടും. എളുപ്പത്തിൽ ശമനം നേടാൻ സാധിക്കാത്ത മാനസിക രോഗത്തിലേക്കുവരെ ഇത്തരം കാഴ്ചകൾ അവരെ എത്തിച്ചേക്കും. പ്രായ പൂർത്തിയാവാത്തവർക്കാണ് ഈ സമയ നിർണയം. എന്നാൽ വകതിരിവും പ്രായപൂർത്തിയും എത്തിയവർ എപ്പോഴും അനുവാദം തേടി മാത്രമെ അകത്ത് പ്രവേശിക്കുവാൻ പാടുള്ളു.

കുട്ടികൾ എവ്വിധമാണ് അനുവാദം ചോദിക്കേണ്ടതെന്ന് നബി (സ്വ) തന്റെ, കുട്ടിയായ ഭൃത്യന് പഠിപ്പിച്ചു കൊടുത്തുകൊണ്ട് നമുക്ക് വെളിച്ചം നൽകുന്നുണ്ട്. ഇമാം ബുഖാരി തന്റെ അദബുൽ മുഫ്റദ് എന്ന ഹദീസ് സമാഹാരത്തിൽ അനസി(റ)ൽനിന്ന് ഉദ്ധരിക്കുന്നു: "ഞാൻ നബി(സ്വ)യുടെ സേവകനായിരുന്നു. ഞാൻ അനുവാദമില്ലാതെതന്നെ നബിയുടെ അടുത്ത് പ്രവേശിക്കാറുണ്ടായിരുന്നു. ഒരുദിനം ഞാൻ അവ്വിധംതന്നെ ചെന്നു. അപ്പോൾ നബി(സ്വ) ചോദിച്ചു: 'ഇപ്പോഴും നീ ഇങ്ങനെയാണോ? നിനക്കു ചില മാറ്റങ്ങളൊക്കെ സംഭവിച്ചിട്ടുണ്ട്. അതിനാൽ അനുവാദം ചോദിക്കാതെ പ്രവേശിക്കരുത്."

എന്നാൽ നഗ്നതയും സൗന്ദര്യവും വൈരൂപ്യവും ഒന്നും വേറിട്ടു മനസ്സിലാക്കാൻ വളർച്ച എത്തിയിട്ടില്ലാത്ത കുഞ്ഞുങ്ങൾക്ക് ഈ വിധി ബാധകമല്ലെന്ന് അല്ലാഹു ഉണർത്തുന്നു. അല്ലാഹു പറയുന്നു: "സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽനിന്ന് പ്രത്യക്ഷമായ തൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കൻമാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രൻമാർ, അവരുടെ ഭർതൃപുത്രൻമാർ, അവരുടെ സഹോദരൻമാർ, അവരുടെ സഹോദരപുത്രൻമാർ, അവരുടെ സഹോദരീപുത്രൻമാർ, മുസ്‌ലിംകളിൽ നിന്നുള്ള സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷൻമാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. തങ്ങൾ മറച്ചുവെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (അന്നൂർ 31).

കുട്ടികളുടെ ലൈംഗിക വളർച്ചയോടൊപ്പം സംസ്കരണവും സാധ്യമാക്കുന്ന ഇതുപോലുള്ള ഒട്ടനവധി മാർഗദർശനങ്ങൾ വിശുദ്ധ ഖുർആനിലും ഹദീസിലും കാണാവുന്നതാണ്. അവയെക്കുറിച്ച് തുടർ ലക്കങ്ങളിൽ വായിക്കാം, ഇൻ ശാ അല്ലാഹ്.

**(തുടരും)**





# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

**ഗവണ്മെന്റ് പ്ലീഡർ**

ഗവണ്മെന്റ് പ്ലീഡർ (Government Pleader), ഹൈക്കോടതിയിൽ ഗവൺമെന്റിന്റെ സിവിൽ കേസുകൾ നടത്തുന്നതിനുവേണ്ടി അതതു കാലത്തെ ഗവണ്മെന്റുകൾ അഡ്വക്കേറ്റ് ജനറൽ തയ്യാറാക്കുന്ന സിവിൽ അഭിഭാഷകരുടെ പാനലിൽനിന്ന് നിയമിക്കുന്ന അഭിഭാഷകനായിരിക്കും. അധികാരപ്പെടുത്തുന്നപക്ഷം ക്രിമിനൽ കേസുകളും നടത്താവുന്നതാണ്. ഒരു നിശ്ചിത കാലത്തേക്കായിരിക്കും നിയമനം. പുനർനിയമനവും ആകാവുന്നതാണ്.

സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (Special Government Pleader) ചില പ്രത്യേക സിവിൽ കേസുകൾ നടത്തുന്നതിന് ഗവണ്മെന്റ് പ്രത്യേകമായി നിയമിക്കുന്ന സിവിൽ അഭിഭാഷകനാണ്. കേസിന്റെ തീർച്ചയോടെ നിയമനകാലാവധിയും അവസാനിക്കും.

ഗവണ്മെന്റിനുവേണ്ടി ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിൽ യഥാക്രമം സിവിലും ക്രിമിനലും കേസുകൾ നടത്തുന്നതിനായി, ജില്ലാ കലക്ടർ ജില്ലാജഡ്ജിയുമായി ആലോചിച്ച് തയ്യാറാക്കുന്ന അഭിഭാഷകരുടെ പാനലിൽനിന്ന് അതതുകാലത്തെ ഗവണ്മെന്റുകൾ നിയമിക്കുന്ന അഭിഭാഷകനാണ് ഡിസ്ട്രിക്റ്റ് ഗവണ്മെന്റ് പ്ലീഡർ ആൻഡ് പബ്ലിക്ക് പ്രോസിക്യൂട്ടർ (District Government Pleader and Public Prosecutor). ഒരു നിശ്ചിത കാലത്തേക്കായിരിക്കും നിയമനം.



**സ്വകാര്യവ്യക്തികൾ തമ്മിലുള്ള കേസുകളിൽ നീതിന്യായനിർവഹണ കാര്യങ്ങളിൽ ന്യായാധിപന് അവരുടെ അഭിഭാഷകരിൽനിന്നും ലഭിക്കുന്ന സേവനം വിലപ്പെട്ടതാണ്. കഴിവിന്റെയും പരിചയസമ്പത്തിന്റെയും അടിസ്ഥാനത്തിൽ അവർക്കു പ്രത്യേക പദവികളും കോടതികൾ അംഗീകരിച്ചു നൽകുന്നുണ്ട്. ലീഡിംഗ് അഡ്വക്കേറ്റ്, കോടതിയിൽ ധാരാളം കേസുകൾ വിജയകരമായി കൈകാര്യം ചെയ്തുപോരുന്നതും സഹപ്രവർത്തകരുടെ മുൻനിരയിൽ സ്ഥാനം ഉറപ്പിച്ചിട്ടുള്ളതുമായ പ്രഗത്ഭ അഭിഭാഷകനായിരിക്കും. സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ചീഫ് ജസ്റ്റിസുമാർക്കും ജഡ്ജിമാർക്കും, കഴിവിന്റെയും നിയമകാര്യങ്ങളിലുള്ള വൈദഗ്ധ്യം, അനുഭവസമ്പത്ത് എന്നിവയുടെയും അടിസ്ഥാനത്തിൽ അർഹരായ അഭിഭാഷകർക്ക് 'സീനിയർ അഡ്വക്കേറ്റ്' പദവി നൽകാവുന്നതാണ്.**

ഗവണ്മെന്റിനുവേണ്ടി ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയിൽ യഥാക്രമം സിവിലും ക്രിമിനലും കേസുകളും, സബ് കോടതിയിൽ സിവിൽ കേസുകളും അസിസ്റ്റന്റ് സെഷൻസ് കോടതിയിൽ ക്രിമിനൽ കേസുകളും നടത്തുന്നതിനായി, മേൽപറഞ്ഞ പ്രകാരമുള്ള പാനലിൽനിന്ന് അതതുകാലത്തെ ഗവണ്മെന്റുകൾ നിയമിക്കുന്ന അഭിഭാഷകനാണ് ഗവണ്മെന്റ് പ്ലീഡർ ആൻഡ് പബ്ലിക്ക് പ്രോസിക്യൂട്ടർ Government Pleader and Public Prosecutor). ഒരു നിശ്ചിത കാലത്തേക്കായിരിക്കും നിയമനം.

ഗവൺമെന്റിന്റെ അഭിഭാഷകൻ ഗവൺമെൻറ് കൗൺസെൽ (Governmen Counsel) എന്നും സ്ഥിരം അഭിഭാഷകൻ സ്റ്റാൻഡിംഗ് കൗൺസെൽ (Standing Counsel) എന്നുമാണ് അറിയപ്പെടുക. സംസ്ഥാന ഗവണ്മെന്റിന് സുപ്രീംകോടതിയിൽ സ്റ്റാൻഡിംഗ് കൗൺസെൽ ഉണ്ട്. അഡ്വക്കേറ്റ് ജനറൽ തയ്യാറാക്കുന്ന, സംസ്ഥാന ഗവണ്മെന്റിനുവേണ്ടി മൂന്നുവർഷമെങ്കിലും അഡ്വക്കറ്റ് ഓൺ റിക്കോർഡ് ആയി പ്രവർത്തിച്ച് പരിചയമുള്ളവരായ അഭിഭാഷകരുടെ പാനലിൽനിന്നുമാണ് സംസ്ഥാനത്തിന്റെ സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസെലിനെ നിയമിക്കുക.

**അഭിഭാഷകർ**

സ്വകാര്യവ്യക്തികൾ തമ്മിലുള്ള കേസുകളിൽ നീതിന്യായനിർവഹണ കാര്യങ്ങളിൽ ന്യായാധിപന് അവരുടെ അഭിഭാഷകരിൽനിന്നും ലഭിക്കുന്ന സേവനം വിലപ്പെട്ടതാണ്. കഴിവിന്റെയും പരിചയസമ്പത്തിന്റെയും അടിസ്ഥാനത്തിൽ അവർക്കു പ്രത്യേക പദവികളും കോടതികൾ അംഗീകരിച്ചു നൽകുന്നുണ്ട്. ലീഡിംഗ് അഡ്വക്കേറ്റ്, കോടതിയിൽ ധാരാളം കേസുകൾ വിജയകരമായി കൈകാര്യം ചെയ്തുപോരുന്നതും സഹപ്രവർത്തകരുടെ മുൻനിരയിൽ സ്ഥാനം ഉറപ്പിച്ചിട്ടുള്ളതുമായ പ്രഗത്ഭ അഭിഭാഷകനായിരിക്കും. സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ചീഫ് ജസ്റ്റിസുമാർക്കും ജഡ്ജിമാർക്കും, കഴിവിന്റെയും നിയമകാര്യങ്ങളിലുള്ള വൈദഗ്ധ്യം, അനുഭവസമ്പത്ത് എന്നിവയുടെയും അടിസ്ഥാനത്തിൽ അർഹരായ അഭിഭാഷകർക്ക് 'സീനിയർ അഡ്വക്കേറ്റ്' പദവി നൽകാവുന്നതാണ്. സീനിയർ അഡ്വക്കേറ്റ് താൻ ഹാജരാകുന്ന കേസിൽ വക്കാലത്ത് ഹാജരാക്കേണ്ടതില്ല. കൂടെ ഹാജരാകുന്ന അഡ്വക്കേറ്റിന്റെ വക്കാലത്ത് മതിയാകുന്നതായിരിക്കും. സീനിയർ അഡ്വക്കേറ്റ് കോടതിയിൽ കേസ് ഫയൽചെയ്യുന്നതും മറ്റൊരു അഡ്വക്കേറ്റ് മുഖേന ആയിരിക്കും. സുപ്രീം കോടതിയിൽ കേസുകൾ ഫയൽചെയ്യാനും, കേസുകൾ വാദിക്കാനും അധികാരപ്പെട്ട അഭിഭാഷകനാണ് 'അഡ്വക്കേറ്റ് ഓൺ റിക്കോർഡ്.' ഇന്ത്യയിലെ ഏതെങ്കിലും കോടതിയിൽ ഏഴു വർഷമെങ്കിലും പ്രാക്ടീസ് ചെയ്തവരും ഒരു അഡ്വക്കേറ്റ് ഓൺ റിക്കോർഡിന്റെ കീഴിൽ പ്രവർത്തിച്ച് ഒരു വർഷത്തെ പരിശീലനം സിദ്ധിച്ചവരും, സുപ്രീം കോടതി നടത്തുന്ന അഡ്വക്കേറ്റ് ഓൺ റിക്കോർഡ് പരീക്ഷ പാസ്സായിട്ടുള്ളവരുമായ അഭിഭാഷകർക്കാണ് ഈ സ്ഥാനത്തിനുള്ള യോഗ്യത. ഇവർ സുപ്രീംകോടതിയിൽനിന്ന് ഒരു നിർദിഷ്ട ദൂരപരിധിക്കുള്ളിൽ താമസിക്കുന്നവരുമായിരിക്കണം. സുപ്രീം കോടതിയിൽ ഇവരിൽക്കൂടി മാത്രമെ കക്ഷികൾക്ക് കേസുകൾ ഫയൽ ചെയ്യാനാവുകയുള്ളൂ. സിവിൽ ലോയർ സിവിൽ നിയമങ്ങളിൽ പ്രത്യേക വൈദഗ്ധ്യം നേടിയിട്ടുള്ള അഭിഭാഷകനും ക്രിമിനൽ ലോയർ ക്രിമിനൽ നിയമങ്ങളിൽ പ്രത്യേക വൈദഗ്ധ്യം നേടിയിട്ടുള്ള അഭിഭാഷകനുമാണ്.

**അമിക്കസ്ക്യൂറി**

ചില കേസുകളിൽ വിഷമകരമായ എന്തെങ്കിലും നിയമപ്രശ്നം പരിഹരിച്ചുകിട്ടുന്നതിൽ സഹായി

ക്കുന്നതിലേക്കോ, പൊതുതാൽപര്യാർഥമുള്ള എന്തെങ്കിലും കാര്യം വിശദീകരിച്ചുകിട്ടുന്നതിലേക്കോ വേണ്ടി, കോടതി പ്രഗത്ഭനായ ഏതെങ്കിലും അഭിഭാഷകനെ ക്ഷണിച്ചുവരുത്താറുണ്ട്. ഒരു കക്ഷിക്കുവേണ്ടിയല്ലാതെ ഒരു കേസിൽ ഇപ്രകാരം കോടതിയിൽ ഹാജരാകുന്ന അഭിഭാഷകനെ 'കോടതിയുടെ സുഹൃത്ത്' (amicuscuriae-ലാറ്റിൻ) എന്ന നിലയിലാണ് കോടതിയും നിയമലോകവും പരിഗണിച്ചുപോരുന്നത്.

**ബാരിസ്റ്റർ**

ബാരിസ്റ്റർ (Barrister) ഇംഗ്ലണ്ടിലെ ഉന്നത കോടതികളിൽ കേസുകൾ വാദിക്കാൻ അവകാശമുള്ള അഭിഭാഷകനാണ്. സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പ് ഇന്ത്യയിലെ ഉന്നത കോടതികളിൽ ഇന്ത്യക്കാരായ ബാരിസ്റ്റർമാരുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ബാരിസ്റ്റർമാരായിരുന്നു നമ്മുടെ പ്രമുഖരായ സ്വാതന്ത്ര്യസമരസേനാനികളിൽ പലരും.

ലണ്ടനിലെ വിഖ്യാതങ്ങളായ ലിങ്കൻസ് ഇൻ, മിഡിൽ ടെംപ്ൾ, ഇന്നർ ടെംപ്ൾ എന്നീ നിയമസ്ഥാപനങ്ങളിൽ ഏതെങ്കിലുമൊന്നിൽ താമസിച്ചാണ് ഇവർ നിയമപഠനവും അഭിഭാഷകപരിശീലനവും നടത്തുന്നത്. സ്വയംഭരണ സ്വാതന്ത്ര്യത്തോടുകൂടിയതും, ദ് ഇൻസ് ഓഫ് കോർട്ട് (the Inns of Court) എന്ന് അറിയപ്പെടുന്നതുമായ ഈ ലോകപ്രശസ്ത സ്ഥാപനങ്ങൾ നൂറ്റാണ്ടുകളായി വിദ്യാർഥികൾക്ക് സമഗ്രമായ നിയമ വിദ്യാഭ്യാസവും അഭിഭാഷകപരിശീലനവും നൽകിപ്പോരുന്നതിനു പുറമെ ബാർ അറ്റ് ലാ (Bart-at-Law) പരീക്ഷ നടത്തി വിജയികളെ ബാരിസ്റ്റർ ബിരുദം നൽകി അഭിഭാഷകവൃത്തിയിൽ പ്രവേശിപ്പിക്കുകയും ചെയ്തുപോന്നിരുന്നു. എന്നാൽ ഇപ്പോൾ നിയമവിദ്യാഭ്യാസം നൽകുന്നതിന്റെയു പരീക്ഷാനടത്തിപ്പിന്റെയും ചുമതല വഹിക്കുന്നത് ഇംഗ്ലണ്ടിലെ നിയമവിദ്യാഭ്യാസ സമിതി (council of legal education) ആണ്. ഒരു ബാരിസ്റ്റർ താൻ പഠിച്ച നിയമസ്ഥാപനത്തിലെ ആജീവനാന്ത അംഗമായിരിക്കും.

**ലോ കോളജുകൾ**

ഇന്ത്യയിൽ നിയമവിദ്യാഭ്യാസം നൽകുന്നത് ലോകോളജുകളിലാണ്. രാജ്യത്തെ എല്ലാ യൂണിവേഴ്സിറ്റികളുടെയും കീഴിൽ ലോ കോളജുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കോളജുകൾ രാജ്യാന്തരതലത്തിൽ ഉന്നത നിലവാരം പുലർത്തുന്നവയുമാണ്. നിയമവിദ്യാർഥികളുടെ പരിശീലനാർഥം ലോ കോളജുകളിൽ സാങ്കൽപിക കേസുകൾ വാദിക്കുന്നതിനായുള്ള കാൽപനിക കോടതികൾ സംഘടിപ്പിച്ചുപോരുന്നുമുണ്ട്. ഉന്നതനിലവാരം പുലർത്തുന്ന അഭിഭാഷകരെ രാജ്യത്തിന് പ്രദാനം ചെയ്തുപോരുന നമ്മുടെ ലോ കോളജുകളുടെ സേവനങ്ങൾ ഏറെ വിലപ്പെട്ടതാണ്.

ന്യായാധിപന്മാരും അഭിഭാഷകരും ഗൗൺ ധരിച്ചുവേണം കോടതിയിൽ ഹാജരാകാൻ. കോടതിയിലെ സാധാരണ വേഷത്തിനു പുറമെ ധരിക്കുന്ന നീണ്ടതും അയവുള്ളതും മുൻവശം തുറന്നതുമായ കറുത്ത അങ്കിയാണ് ഗൗൺ.

**ബാർ കൗൺസിൽ**

അഭിഭാഷകനിയമ (Advocates Act) പ്രകാരം സംഘടിപ്പിക്കപ്പെട്ടിട്ടുള്ള അഭിഭാഷസമിതിയാണ് ബാർ കൗൺസിൽ. അഭിഭാഷകയുടെ ഒരു പൊതു പട്ടിക സൂക്ഷിക്കുക, അവരുടെ തൊഴിൽപരമായ പെരുമാറ്റത്തിന്റെ മാനദണ്ഡങ്ങൾ വ്യവസ്ഥചെയ്യുക, അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുക, അവർക്കതിരെ അച്ചടക്കനടപടി സ്വീകരിക്കുക, അഭിഭാഷകരാകാൻ യോഗ്യമായ നിയമബിരുദം നൽകുന്ന സർവകലാശാലകൾക്ക് അംഗീകാരം നൽകുക എന്നിവ ഈ സമിതിയുടെ ചുമതലകളിൽ പെടുന്നു. ഇന്ത്യയ്ക്കും സംസ്ഥാനങ്ങൾക്കും പ്രത്യേകം പ്രത്യേകമായുള്ള ബാർ കൗൺസിലുകളുണ്ട്. ഇന്ത്യൻ ബാർ കൗൺസിൽ അംഗങ്ങളെ സംസ്ഥാന ബാർ കൗൺസിലുകളിലെ അംഗങ്ങളിൽനിന്നുമാണ് തിരഞ്ഞെടുക്കുന്നത്. ബാർ കൗൺസിലുകളിന്മേൽ പൊതുവായുള്ള നിയന്ത്രണവും മേലധികാരവും ഇന്ത്യൻ ബാർ കൗൺസിലിന് ഉണ്ടായിരിക്കുന്നതാണ്.

**കോടതിയലക്ഷ്യം**

കോടതിയലക്ഷ്യം (contempt of court) കാട്ടുന്നത് കുറ്റകരമായ നടപടിയാണ്. കോടതിയോടുള്ള അനാദരവും അവഹേളനവും കോടതി ഉത്തരവുകളുടെ ലംഘനവും മറ്റും കോടതിയലക്ഷ്യക്കുറ്റങ്ങളിൽ പെടും. കോടതിക്ക് കുറ്റക്കാരെ ശിക്ഷിക്കുകയും ചെയ്യാം. ന്യായാസനത്തിൽ ഇരുന്നുകൊണ്ട് ന്യായാധിപൻ ഔദ്യോഗിക കൃത്യങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ന്യായാധിപനെ മനപ്പൂർവം അധിക്ഷേപിക്കുകയോ, ഔദ്യോഗിക കൃത്യനിർവഹണത്തെ തടസ്സപ്പെടുത്തുകയോ ചെയ്യുന്നവർക്ക്, ആറു മാസത്തെവരെ വെറും തടവോ, ആയിരം രൂപവരെ പിഴയോ രണ്ടുംകൂടിയോ ശിക്ഷ നൽകാവുന്നതാണെന്ന് ഇന്ത്യൻ ശിക്ഷാനിയമം 228ാം വകുപ്പ് അനുശാസിക്കുന്നുണ്ട്.

വ്യവഹാര കാര്യങ്ങളിൽ വക്കീൽ ഗുമസ്തന്മാർ വഹിച്ചുപോരുന്ന പങ്ക് വലുതാണ്. അഭിഭാഷകർ കോടതികളിൽ ഹാജരാക്കേണ്ട അന്യായം, പ്രതികൾ, അപേക്ഷകൾ, പ്രമാണങ്ങൾ മുതലായവ അവർക്കുവേണ്ടി കോടതി ഉദ്യോഗസ്ഥരെ ഏൽപിക്കുന്നത് ഗുമസ്തന്മാരാണ്. അഭിഭാഷകനും കോടതിക്കും ഇടയിലും, അഭിഭാഷകനും കക്ഷികൾക്കും ഇടയിലുമുള്ള മുഖ്യകണ്ണിയാണ് ഗുമസ്തൻ. അഭിഭാഷകരംഗത്തെ പുതുമുഖങ്ങൾക്കു മാത്രമല്ല, ചില സന്ദർഭങ്ങളിൽ പ്രഗത്ഭരായ അഭിഭാഷകർക്കുപോലും കഴിവുള്ള ഗുമസ്തന്മാരുടെ ഓഫീസ് കാര്യങ്ങളിലുള്ള സേവനം ഒരളവിൽ വിലപ്പെട്ടതായിരിക്കും.

**(അവലംബം)**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 43

# അസ്സുഖ്റുഫ്

## (സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

أَمْ يَحْسَبُونَ أَنَّا لَا نَسْمَعُ سِرَّهُمْ وَنَجْوَاهُم ۚ بَلَىٰ
وَرُسُلُنَا لَدَيْهِمْ يَكْتُبُونَ ﴿٨٠﴾

قُلْ إِن كَانَ لِلرَّحْمَٰنِ وَلَدٌ فَأَنَا أَوَّلُ الْعَابِدِينَ ﴿٨١﴾
سُبْحَانَ رَبِّ السَّمَاوَاتِ وَالْأَرْضِ رَبِّ الْعَرْشِ
عَمَّا يَصِفُونَ ﴿٨٢﴾

فَذَرْهُمْ يَخُوضُوا وَيَلْعَبُوا حَتَّىٰ يُلَاقُوا يَوْمَهُمُ
الَّذِي يُوعَدُونَ ﴿٨٣﴾

وَهُوَ الَّذِي فِي السَّمَاءِ إِلَٰهٌ وَفِي الْأَرْضِ إِلَٰهٌ ۚ
وَهُوَ الْحَكِيمُ الْعَلِيمُ ﴿٨٤﴾

80. അതല്ല, അവരുടെ രഹസ്യവും ഗൂഢാലോചനയും നാം കേൾക്കുന്നില്ല എന്ന് അവർ വിചാരിക്കുന്നുണ്ടോ? അതെ, നമ്മുടെ ദൂതന്മാർ(മലക്കുകൾ) അവരുടെ അടുക്കൽ എഴുതിയെടുക്കുന്നുണ്ട്.
81. നീ പറയുക: പരമകാരുണികന് സന്താനമുണ്ടായിരുന്നെങ്കിൽ ഞാനായിരിക്കും അതിനെ ആരാധിക്കുന്നവരിൽ ഒന്നാമൻ.
82. എന്നാൽ ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്, സിംഹാസനത്തിന്റെ നാഥൻ അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്ന് എത്രയോ പരിശുദ്ധനത്രെ.
83. അതിനാൽ നീ അവരെ വിട്ടേക്കുക. അവർക്കു താക്കീത് നൽകപ്പെടുന്ന അവരുടെ ആ ദിവസം അവർ കണ്ടുമുട്ടുന്നതുവരെ അവർ അസംബന്ധങ്ങൾ പറയുകയും കളിതമാശയിൽ ഏർപെടുകയും ചെയ്തുകൊള്ളട്ടെ.
84. അവനാകുന്നു ആകാശത്ത് ദൈവമായിട്ടുള്ളവനും, ഭൂമിയിൽ ദൈവമായിട്ടുള്ളവനും. അവനാകുന്നു യുക്തിമാനും സർവജ്ഞനും.

80). (അതല്ല അവർ വിചാരിക്കുന്നുണ്ടോ?) അവരുടെ അക്രമവും അനീതിയും നിമിത്തം. (അവരുടെ രഹസ്യം നാം കേൾക്കുന്നില്ല എന്ന്) അവരുടെ ഹൃദയങ്ങളിൽ മാത്രമുള്ള, സംസാരിച്ചിട്ടില്ലാത്ത രഹസ്യങ്ങൾപോലും. (ഗൂഢാലോചനയും) അവർ പരസ്പരം അടക്കം പറയുന്ന രഹസ്യസംസാരങ്ങളും. അതാണവർ തെറ്റുകളിലേക്ക് വരാൻ കാരണം. അവർ രഹസ്യമാക്കുന്ന കാര്യങ്ങൾക്ക് നടപടിയോ പരിണിത ഫലങ്ങളോ ഇല്ലെന്നവർ ധരിച്ചു. അതിന് അല്ലാഹു മറുപടി പറയുന്നു: (അതെ), അവരുടെ രഹസ്യങ്ങളും ഗൂഢാലോചനകളും നാം അറിയുന്നുണ്ട്. (നമ്മുടെ ദൂതന്മാർ) ആദരണീയരായ മലക്കുകൾ. (അവരുടെ അടുക്കൽ എഴുതിയെടുക്കുന്നുണ്ട്) അവർ പ്രവർത്തിക്കുന്നതെല്ലാം. ഉയിർത്തെഴുന്നേൽപുനാളിൽ അവർ വരുന്നതുവരെ അതെല്ലാം കാത്തുസൂക്ഷിക്കപ്പെട്ടു. അങ്ങനെ അവർ ചെയ്തതെല്ലാം അവർക്ക് മുന്നിൽ ആസന്നമായിക്കാണും. നിന്റെ രക്ഷിതാവ് യാതൊരനീതിയും ഒരാളോടും ചെയ്യുകയില്ല.

81). അല്ലാഹുവിന് സന്താനങ്ങളെ നിശ്ചയിക്കുന്നവരോട് പ്രവാചകരേ, പറയുക. അവൻ ഒരുവനും ഏകനുമാണ്. (നീ പറയുക, പരമകാരുണികന് സന്താനമുണ്ടായിരുന്നെങ്കിൽ ഞാനായിരിക്കും അതിനെ ആരാധിക്കുന്നവരിൽ ഒന്നാമൻ. കാരണം,

ആ സന്താനം അതിന്റെ പിതാവിന്റെ ഭാഗമായിരിക്കും. അല്ലാഹുവിന് ഇഷ്ടമുള്ള കാര്യങ്ങളിൽ അവന് കീഴ്പെടുന്ന സൃഷ്ടികളിൽ ഒന്നാമൻ ഞാനായിരിക്കും. എന്നാൽ അതിനെ നിഷേധിക്കുന്നവരിൽ ഒന്നാമൻ ഞാനാണ്; അതിനെ ഏറ്റവും ശക്തമായി എതിർക്കുന്നവനും. അത് അസത്യമാണെന്ന റിയുന്നതിനാൽ.

പ്രവാചകൻമാരെക്കുറിച്ച് മനസ്സിലാക്കുന്നവർക്ക് ഇതിൽ വലിയ തെളിവുകൾ ലഭിക്കും. അവർ സൃഷ്ടികളിൽ പരിപൂർണരാണ്. ഏത് നന്മയും ജനങ്ങളിൽ ആദ്യം ചെയ്യുന്നവരും പൂർത്തീകരിക്കുന്നവരും അവരായിരിക്കും. ഏത് തിന്മയും ജനങ്ങളിൽ ആദ്യം ഉപേക്ഷിക്കുകയും അകന്നുനിൽക്കുകയും എതിർക്കുകയും ചെയ്യുന്നതും അവരായിരിക്കും. പരമകാരുണികന് സന്താനമുണ്ടെന്നത് സത്യമാണെങ്കിൽ പ്രവാചകരിൽ ശ്രേഷ്ഠനായ മുഹമ്മദ് ഇബ്നു അബ്ദുല്ലയായിരിക്കും അതിനെ ആദ്യം ആരാധിക്കുന്നവൻ; ബഹുദൈവവിശ്വാസികൾ അത് ചെയ്യുംമുമ്പ്.

ഈ വചനത്തിന് മറ്റൊരർഥം കൂടിയുണ്ട്. പരമകാരുണികന് സന്താനമുണ്ടങ്കിൽ അതിന് ആരാധന ചെയ്യുന്നവരിൽ ഒന്നാമൻ ഞാനായിരിക്കും. കാരണം അല്ലാഹുവിനുള്ള എന്റെ ആരാധന അവൻ അവനുവേണ്ടി സ്ഥിരപ്പെടുത്തിയത് സ്ഥിരപ്പെടുത്തുകയും അവൻ നിരാകരിച്ചത് നിരാകരിക്കലുമാണ്. ഈ ആരാധന വാക്കിൽ നിർവഹിക്കേണ്ട വിശ്വാസകാര്യങ്ങളിൽ ഉൾപ്പെട്ടു. അതിനാൽ ഇത് സത്യമാണെങ്കിൽ അവന് സന്താനത്തെ അംഗീകരിക്കുന്ന ആദ്യത്തെയാൾ ഞാനായിരിക്കും. ബുദ്ധിപരമായും പ്രമാണികമായും മുശ്രിക്കുകളുടെ ഈ വാദം അസത്യമാണെന്ന് ഇതിൽനിന്ന് വ്യക്തം.

82) (എന്നാൽ ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്, സിംഹാസനത്തിന്റെ നാഥൻ അവർ പറഞ്ഞുണ്ടാക്കുന്നതിൽനിന്ന് എത്രയോ പരിശുദ്ധൻ; മുശ്രിക്കുകൾ അല്ലാഹുവിനുണ്ടന്ന് പറയുന്ന പങ്കാളി, സഹായി, സന്താനം തുടങ്ങിയവയിൽ നിന്നെല്ലാം.

83). (അതിനാൽ നീ അവരെ വിട്ടേക്കുക അവർ അസംബന്ധങ്ങൾ പറയുകയും കളി തമാശയിൽ ഏർപ്പെടുകയും ചെയ്തുകൊള്ളട്ടെ) അസത്യങ്ങളിൽ മുഴുകിയും അനർഥങ്ങളിൽ രസിച്ചും അവരുടെ അറിവുകൾ ഉപദ്രവകരവും പ്രയോജനരഹിതവുമാണ്. പ്രവാചകന്മാർ കൊണ്ടുവന്നതിനെയും യഥാർഥ സത്യത്തെയും നേരിടാനുള്ള വിജ്ഞാന ഗവേഷണങ്ങളും പരിശ്രമങ്ങളുമാണ് അവർക്കുള്ളത്. അവരുടെ ഈ പ്രവർത്തനങ്ങളാകട്ടെ കളിയും ബുദ്ധിശൂന്യവുമാണ്. മനസ്സിനെ സംസ്കരിക്കാനോ ശരിയായ അറിവിനെ ഉണ്ടാക്കാനോ ഉപകരിക്കില്ല. അതുകൊണ്ടാണ് വരാൻപോകുന്ന ഉയിർത്തെഴുന്നേൽപുനാളിനെക്കുറിച്ച് അവരെ താക്കീത് ചെയ്യുന്നത്. (അവർക്ക് താക്കീത് നല്കപ്പെടുന്ന അവരുടെ ആ ദിവസം അവർ കണ്ടുമുട്ടുന്നതുവരെ) അപ്പോൾ അവർക്ക് മനസ്സിലാകും അവരെന്ത് നേടിയെന്ന്? അവർ നേടിയത് നിത്യദുരിതവും വിട്ടുമാറാത്ത ശിക്ഷയുമാണ്.

84). (അവനാകുന്നു ആകാശത്ത് ആരാധ്യനായിട്ടുള്ളവനും ഭൂമിയിൽ ആരാധ്യനായിട്ടുള്ളനും) ആകാശത്തും ഭൂമിയിലും ആരാധിക്കപ്പെടേണ്ടവനായി അവൻ മാത്രമാണെന്ന് അല്ലാഹു അറിയിക്കുന്നു. അതിനാൽ ആകാശത്തുള്ള സർവരും ഭൂമിയിലുള്ള സത്യവിശ്വാസികളും അവനെ ആരാധിക്കുകയും മഹത്ത്വപ്പെടുത്തുകയും അവന്റെ മഹത്ത്വത്തിന് കീഴൊതുങ്ങുകയും അവന്റെ പരിപൂർണതയെ ആശ്രയിക്കുകയും ചെയ്യുന്നു.

تُسَبِّحُ لَهُ ٱلسَّمَٰوَٰتُ ٱلسَّبۡعُ وَٱلۡأَرۡضُ وَمَن فِيهِنَّۚ
وَإِن مِّن شَيۡءٍ إِلَّا يُسَبِّحُ بِحَمۡدِهِۦ

"ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട്-അവന്റെ-പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല" (17:44)

وَلِلَّهِ يَسۡجُدُ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ طَوۡعٗا
وَكَرۡهٗا

"അല്ലാഹുവിനാണ് ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം പ്രണാമം ചെയ്തുകൊണ്ടിരിക്കുന്നത്. സ്വമനസ്സോടെയും നിർബന്ധിതരായിട്ടും" (13:15)

അല്ലാഹുവാണ് ആരാധനക്കർഹൻ. സർവസൃഷ്ടികളും നിർബന്ധിതരായോ സ്വമനസ്സോടെയോ അവനെ ആരാധിച്ചുകൊണ്ടിരിക്കുന്നു.

وَهُوَ ٱللَّهُ فِي ٱلسَّمَٰوَٰتِ وَفِي ٱلۡأَرۡضِ

"അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും സാക്ഷാൽ ദൈവം" (6:3).

അവനുള്ള ആരാധനയും സ്നേഹവുമെല്ലാം ആകാശഭൂമികളിലാണ് നടക്കുന്നത്. അവൻ തന്റെ സിംഹാസനത്തിന് മുകളിലാണ്. തന്റെ സൃഷ്ടികളിൽ നിന്ന് തീർത്തും വ്യത്യസ്തൻ. തന്റെ മഹത്ത്വത്താൽ ഏകനായവൻ, തന്റെ പരിപൂർണതയാൽ ശ്രേഷ്ഠതയുള്ളവൻ. (യുക്തിമാനായവൻ) അവൻ സൃഷ്ടിച്ചതിനെ അവൻ യുക്തിഭദ്രമാക്കുകയും അവൻ നിയമമാക്കിയതിനെ അന്യൂനമാക്കുകയും ചെയ്തു. യുക്തിപൂർണമായിട്ടല്ലാതെ അവനൊന്നും സൃഷ്ടിക്കുന്നില്ല. യുക്തിഭദ്രമല്ലാതൊന്നും നിയമമാക്കിയിട്ടില്ല. മതപരവും വിധിസംബന്ധവും പ്രതിഫലപരവുമായ വിധികളിലെല്ലാം യുക്തിയുണ്ട്. (സർവജ്ഞൻ) എല്ലാ കാര്യങ്ങളെക്കുറിച്ചും, രഹസ്യവും പരസ്യവും. ഭൗതികലോകത്തും ഉപരിയിലും ഒരു നിസ്സാരകാര്യം പോലും -അത് ചെറുതാവട്ടെ-വലുതാകട്ടെ അവനറിയാതെ പോകില്ല. ■



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 7

# ഐക്യവസ്ത്രരൂപമല്ല; സ്വത്വവസ്ത്ര സ്വാതന്ത്ര്യമാണ് ഭരണഘടനാപരം

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

മുസ്‌ലിം സമുദായത്തിൽ സാമ്പ്രദായികമായി സ്ഥിരപ്പെട്ടുവന്ന സാംസ്‌കാരിക അടയാളമാണ് ശിരോവസ്ത്രം എന്നും അന്താരാഷ്ട്ര കോടതികൾ എല്ലാം ഇത് അംഗീകരിച്ചിട്ടുണ്ടെന്നും കർണാടക സർക്കാറിന്റെ പുതിയ നടപടി മുസ്‌ലിം സമുദായത്തെ അപമാനിക്കുന്ന താരത്തിലുള്ളതാണെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് കോളിൻ ഗൊൻസാൽവസ് വാദംപൂർത്തിയാക്കിയപ്പോൾ അനുച്ഛേദം 19 അനുവദിക്കുന്ന ശിരോവസ്ത്രത്തെ തടയാൻ ഒരു സംസ്ഥാനത്തിനും അവകാശമില്ലെന്നും ശിരോവസ്ത്ര നിരോധനം കാരണം മുസ്‌ലിം വിദ്യാർഥിനികളുടെ കൊഴിഞ്ഞുപോക്ക് തുടരുകയാണെന്നും ശിരോവസ്ത്രം ധരിക്കാൻ അപേക്ഷ നൽകിയിട്ടില്ല എന്ന കർണാടക കോടതിയുടെ പരാമർശം അത്യന്തം ഗുരുതരമാണെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കപിൽ സിബൽ വാദം അവസാനിപ്പിച്ചത്.

അവരിരുവരുടെയും വാദങ്ങൾക്ക് ശേഷം വാദം തുടർന്നത് മനുഷ്യാവകാശ രംഗത്തും നിയമപോരാട്ടങ്ങളിലും ഏറെ പ്രസിദ്ധരായ പ്രശാന്ത് ഭൂഷൺ, ദുഷ്യന്ത് ദവെ എന്നീ നിയമ പണ്ഡിതരാണ്. അവർക്ക് പുറമെ യുവ അഭിഭാഷക തുളസി കെ. രാജും മറ്റു രണ്ടു വനിതാ അഭിഭാഷകരും രണ്ടംഗ ബെഞ്ചിന്റെ മുമ്പിൽ വാദങ്ങൾ നിരത്തി.

**പ്രശാന്ത് ഭൂഷൺ**

സെന്റർ ഫോർ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ (CPIL), പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബെർട്ടീസ് (PUCL), ട്രാൻസ്‌പെരൻസി ഇന്റർനാഷണൽ (ഇന്ത്യ) തുടങ്ങിയ മനുഷ്യാവകാശ പ്രസ്ഥാനങ്ങളു

**ഹിന്ദുക്കളുടെ തിലകിനോ, സിഖുകാരുടെ പഗ്ഡിക്കോ, ക്രിസ്ത്യാനികളുടെ കുരിശിനോ നിരോധനമില്ല. മുസ്‌ലിംകളുടെ ശിരോവസ്ത്രത്തിന് മാത്രമാണ് നിരോധനം. പ്രത്യക്ഷത്തിൽ തന്നെ ഇത് വിവേചനപരമാണ്. വിദ്യാലയങ്ങളിൽനിന്ന് എല്ലാ മതചിഹ്നങ്ങളെയും ഒഴിവാക്കുക എന്നതാണ് തീരുമാനത്തിന്റെ പിന്നിലെ യുക്തി എങ്കിൽ ഒരു മതത്തിന് മാത്രം നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ എന്തർഥമാണുള്ളത്? ഇത് 'എസെൻഷ്യൽ' ആണോ അല്ലേ എന്ന കാര്യമല്ല പറയേണ്ടത്; മറിച്ച്, ഒരു മതവിഭാഗത്തിലെ ആളുകൾ അവരുടെ മതവ്യക്തിത്വത്തെ അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന വസ്ത്രമാണിത് എന്നുമാത്രം പറഞ്ഞാൽ മതി. വളരെക്കാലമായി ശിരോവസ്ത്രം മതപരമായ അടയാളമായി ഏവരും കണ്ടുവരുന്ന വേഷമാണ്. അതിന് അനുച്ഛേദം 25 അനുസരിച്ച് സംരക്ഷണമുണ്ട്. ക്വുർആനിൽ അത് എസെൻഷ്യൽ ആണെന്ന് പറഞ്ഞിട്ടില്ലെങ്കിൽ പോലും നിരവധി സ്ത്രീകൾ കാലങ്ങളായി പിന്തുടർന്നുവരുന്ന ആചാരമെന്ന നിലയ്ക്ക് അതിനെ നിരോധിക്കാനാവില്ല.**

ടെ മുൻനിരയിൽ പ്രവർത്തിക്കുന്ന പ്രശാന്ത് ഭൂഷൺ മുൻ കേന്ദ്രനിയമമന്ത്രി ശാന്തിഭൂഷന്റെ മകനാണ്. അഞ്ഞൂറിലധികം പൊതുതാത്പര്യ ഹരജികൾ സുപ്രീംകോടതിയിൽ കൊണ്ടുവന്ന് പ്രസിദ്ധനായ അദ്ദേഹം ജുഡീഷ്യറിയിലെ അഴിമതിക്കെതിരെ ഏറെ ശബ്ദിച്ച വ്യക്തി കൂടിയാണ്.

### ഐക്യവസ്ത്രരൂപം അനിവാര്യമല്ല

അത്യന്താപേക്ഷിത മതാചാരം (Essential Religious Practice) എന്ന വിഷയത്തെ കുറിച്ചല്ല മറിച്ച് 14, 19 എന്നീ അനുച്ഛേദങ്ങളെ കുറിച്ചാണ് എനിക്ക് കൂടുതൽ സംസാരിക്കാനുള്ളത്. വസ്ത്രത്തിന്റെ പേരിൽ പ്രവേശനം നിയന്ത്രിക്കാൻ ഒരു വിദ്യാലയത്തിനും അവകാശമില്ല. ഗോൾഫ് ക്ലബ്ബ് പോലെയുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് വേണമെങ്കിൽ നിയന്ത്രണം കൊണ്ടുവരാം. പക്ഷേ, ഒരു പൊതുവിദ്യാഭ്യാസ സ്ഥാപനത്തിന്, പ്രത്യേകിച്ച് ഒരു സർക്കാർ സ്ഥാപനത്തിന് പ്രത്യേക വസ്ത്ര നിയമം കൊണ്ടുവരാൻ ഭരണഘടനാപരമായി സാധിക്കില്ല. സ്കൂളുകൾക്ക് യൂണിഫോം നടപ്പിലാക്കാൻ അവകാശമില്ല എന്ന വാദമാണോ താങ്കൾ ഉന്നയിക്കുന്നത് എന്ന് ജസ്റ്റിസ് ഗുപ്ത ചോദിച്ചപ്പോൾ 'അതെ' എന്നായിരുന്നു പ്രശാന്ത് ഭൂഷൺ മറുപടി നൽകിയത്. അങ്ങനെ കൊണ്ടുവരികയാണെങ്കിൽ തന്നെ ശിരോവസ്ത്രത്തെ നിയന്ത്രിച്ചുകൊണ്ടുള്ള നിയമങ്ങൾ അടിച്ചേൽപിക്കാൻ സാധിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### വസ്ത്രനിയമം 19(2)നു വിരുദ്ധമാക്കരുത്

സർക്കാർ ഉത്തരവുകൾ യൂണിഫോമുകൾ നിശ്ചയിക്കാനുള്ള അവകാശം സ്കൂളുകൾക്ക് നൽകിയിട്ടുണ്ട് എന്ന് ജസ്റ്റിസ് ധൂലിയ ഓർമിപ്പിച്ചപ്പോൾ 'ഡ്രസ്സ് കോഡ് നിശ്ചയിക്കാൻ സ്കൂളുകൾക്ക് അവകാശമുണ്ടെന്ന് കരുതിയാൽ തന്നെയും അത് ഒരിക്കലും അനുച്ഛേദം 19(2)നു വിരുദ്ധമാകാൻ പാടില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. കാരണം സമുദായങ്ങൾക്കിടയിൽ വിവേചനം കൽപിക്കുന്ന തീരുമാനം ഭരണഘടനക്ക് വിരുദ്ധമാണ്. ഹിന്ദുക്കളുടെ തിലകിനോ, സിഖുകാരുടെ പഗ്ഡിക്കോ, ക്രിസ്ത്യാനികളുടെ കുരിശിനോ നിരോധനമില്ല. മുസ്‌ലിംകളുടെ ശിരോവസ്ത്രത്തിന് മാത്രമാണ് നിരോധനം. പ്രത്യക്ഷത്തിൽ തന്നെ ഇത് വിവേചനപരമാണ്. വിദ്യാലയങ്ങളിൽനിന്ന് എല്ലാ മതചിഹ്നങ്ങളെയും ഒഴിവാക്കുക എന്നതാണ് തീരുമാനത്തിന്റെ പിന്നിലെ യുക്തി എങ്കിൽ ഒരു മതത്തിന് മാത്രം നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ എന്തർഥമാ



ണുള്ളത്? ഇത് 'എസെൻഷ്യൽ' ആണോ അല്ലേ എന്ന കാര്യമല്ല പറയേണ്ടത്; മറിച്ച്, ഒരു മതവിഭാഗത്തിലെ ആളുകൾ അവരുടെ മതവ്യക്തിത്വത്തെ അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന വസ്ത്രമാണിത് എന്നുമാത്രം പറഞ്ഞാൽ മതി. വളരെക്കാലമായി ശിരോവസ്ത്രം മതപരമായ അടയാളമായി ഏവരും കണ്ടുവരുന്ന വേഷമാണ്. അതിന് അനുച്ഛേദം 25 അനുസരിച്ച് സംരക്ഷണമുണ്ട്. ഖുർആനിൽ അത് എസെൻഷ്യൽ ആണെന്ന് പറഞ്ഞിട്ടില്ലെങ്കിൽ പോലും നിരവധി സ്ത്രീകൾ കാലങ്ങളായി പിന്തുടർന്നുവരുന്ന ആചാരമെന്ന നിലയ്ക്ക് അതിനെ നിരോധിക്കാനാവില്ല. ക്രമസമാധാനം, ആരോഗ്യം, സദാചാരം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമെ ഒരു ആചാരത്തെ നിരോധിക്കാൻ സാധിക്കുകയുള്ളൂ. ശിരോവസ്ത്രത്തിന്റെ കാര്യത്തിൽ ഈ മൂന്ന് ഘടകങ്ങളും ബാധകമാകുന്നില്ല. ഓരോ സമുദായവും സ്വീകരിച്ചുവന്നിട്ടുള്ള അവരുടെ സ്വത്വവസ്ത്ര സ്വാതന്ത്ര്യത്തിൽ കൈകടത്താൻ ആർക്കും അധികാരമില്ല.

**നിരോധനം മാർഗനിർദേശക തത്ത്വങ്ങൾക്ക് എതിര്**

പ്രശാന്ത് ഭൂഷണ് ശേഷം ഒരു വനിതാ അഭിഭാഷക വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ ഉദ്ധരിച്ചുകൊണ്ട് സംസാരിച്ചു. ഭരണഘടനയിലെ മാർഗനിർദേശക തത്ത്വങ്ങളിലെ 45, 46 അനുച്ഛേദങ്ങളാണ് അവർ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ചെറുപ്രായത്തിൽതന്നെ കുട്ടികളിൽ വിദ്യാഭ്യാസബോധം വളർത്തുന്നതിന് വേണ്ടിയുള്ള നിർദേശം അനുച്ഛേദം 45 നൽകുമ്പോൾ പട്ടികജാതി, വർഗ വിഭാഗങ്ങളിൽ പെട്ടവരും മറ്റു ദുർബല വിഭാഗങ്ങളിൽ പെട്ടവരുമായ വിദ്യാർഥികളുടെ വിദ്യാഭ്യാസം മുടങ്ങാതിരിക്കാനുള്ള പ്രത്യേക സംവിധാനങ്ങൾ കൊണ്ടുവരണമെന്ന് അനുച്ഛേദം 46 സർക്കാറുകൾക്ക് നിർദേശം നൽകുന്നു. കേവലം വസ്ത്രത്തിന്റെ



പേരിൽ വിദ്യാഭ്യാസം നിഷേധിക്കുന്ന തീരുമാനം ഈ അനുച്ഛേദങ്ങളുടെ ലംഘനമാണ് എന്നായിരുന്നു അവരുടെ വാദം.

**ശിയാ അഭിഭാഷക**

പിന്നീട് ശിയാ വിഭാഗത്തിൽ പെട്ട വിദ്യാർഥിനികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകയായിരുന്നു രണ്ടംഗ ബെഞ്ചിന്റെ മുമ്പിൽ വാദങ്ങൾ അവതരിപ്പിച്ചത്. കത്തോലിക്കാ വിഭാഗത്തെ പോലെ ഒരു മാർപ്പാപ്പ അല്ല, മറിച്ച് ഒരു കൂട്ടം പണ്ഡിതന്മാരും ആയത്തുല്ലമാരുമാണ് ശിയാ വിശ്വാസമനുസരിച്ച് മതകാര്യങ്ങൾ തീരുമാനിക്കുന്നത്. ശിയാ പാണ്ഡിത്യം ദശാബ്ദങ്ങളായി വികസിച്ചുവന്നതാണ്. ശിരോവസ്ത്ര വിഷയത്തിൽ ആയത്തുല്ലമാർ വ്യക്തമായ വിധി പ്രസ്താവിച്ചിട്ടുണ്ട്. ഗ്രന്ഥത്തിൽ പറയുന്നതല്ല, അംഗീകൃത ആയത്തുല്ലമാർ പറയുന്നതാണ് ശിയാ വിഭാവത്തിന്റെ അവസാനവാക്ക്. ഇറാനിലും ഇറാഖിലും ശിയാക്കൾ വലിയ ഭൂരിപക്ഷമാണെങ്കിൽ ഇന്ത്യയിൽ ന്യൂനപക്ഷമാണ്. അതുകൊണ്ട് ന്യൂനപക്ഷങ്ങളുടെ അവകാശ പരിധിയിൽ ശിയാ വിദ്യാർഥിനികളുടെ അവകാശങ്ങളും ഉൾപ്പെടുന്നുണ്ട്. കർണാടക ഹൈക്കോടതി ശിയാ വിദ്യാർത്ഥിനികളുടെ വാദം കേൾക്കാൻ തയ്യാറായിട്ടില്ല.

**കർണാടകയുടെ തീരുമാനം ചില മുൻവിധികളുടെ അടിസ്ഥാനത്തിലാണ്. മുൻവിധികളുടെ അടിസ്ഥാനത്തിൽ ഒരു സംസ്ഥാന സർക്കാറിന് പ്രവർത്തിക്കാൻ അധികാരമില്ല. ശിരോവസ്ത്രം അല്ലെങ്കിൽ 'ഹിജാബ്' ഒരു പുരുഷാധിപത്യ വ്യവസ്ഥിതിയുടെ ഭാഗമാണ് എന്ന മുൻവിധിയാണ് പ്രധാനമായും ഇവിടെ പ്രചാരണം നടക്കുന്നത്. സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് പുരുഷനോടുള്ള വിധേയത്വത്തിന്റെയോ കീഴടങ്ങലിന്റെയോ ഭാഗമാണ് എന്ന അനുമാനം ഒട്ടും ശരിയല്ല. ശിരോവസ്ത്രം ധരിക്കുന്ന സ്ത്രീകൾ അവരുടെ സ്വന്തം താൽപര്യപ്രകാരമാണ് ധരിച്ചുവരുന്നത്.**

**തുളസി കെ.രാജ്**

സുപ്രീംകോടതിയിലെ യുവ അഭിഭാഷക തുളസി രാജാണ് പിന്നീട് വാദമാരംഭിച്ചത്. ഇന്ത്യയിലെ അറിയപ്പെടുന്ന അഭിഭാഷകൻ കാളീശ്വരം രാജിന്റെ പുത്രിയാണ് തുളസി. ഭരണഘടനാ വിഷയങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ സുപ്രീംകോടതിയിൽ പലപ്പോഴും ശബ്ദമുയർത്തിയിട്ടുള്ള തുളസി സമത്വവും വിവേചനരഹിതവുമായ നിയമം (Equaltiy and

nondiscrimination law), മതസ്വാതന്ത്ര്യം (Free-dom of religion), സംസാര ആവിഷ്കാര സ്വാതന്ത്ര്യം (Free speech and expression) എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള മുഖമാണ്.

**ഹിജാബിനെതിരെ മുൻവിധി**

കർണാടകയുടെ തീരുമാനം ചില മുൻവിധികളുടെ അടിസ്ഥാനത്തിലാണ്. മുൻവിധികളുടെ അടിസ്ഥാനത്തിൽ ഒരു സംസ്ഥാന സർക്കാറിന് പ്രവർത്തിക്കാൻ അധികാരമില്ല. ശിരോവസ്ത്രം അല്ലെങ്കിൽ 'ഹിജാബ്' ഒരു പുരുഷാധിപത്യ വ്യവസ്ഥിതിയുടെ ഭാഗമാണ് എന്ന മുൻവിധിയാണ് പ്രധാനമായും ഇവിടെ പ്രചാരണം നടക്കുന്നത്. സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് പുരുഷനോടുള്ള വിധേയത്വത്തിന്റെയോ കീഴടങ്ങലിന്റെയോ ഭാഗമാണ് എന്ന അനുമാനം ഒട്ടും ശരിയല്ല. ശിരോവസ്ത്രം ധരിക്കുന്ന സ്ത്രീകൾ അവരുടെ സ്വന്തം താൽപര്യപ്രകാരമാണ് ധരിച്ചുവരുന്നത്. തുളസി രാജിന്റെ വാദങ്ങൾ തുടരാൻ ജസ്റ്റിസ് ഗുപ്ത അനുവദിച്ചില്ല. നേരിട്ടല്ലാതെയുള്ള വിവേചനം എന്ന ഭാഗം നേരത്തെ അഭിഭാഷകർ അവതരിപ്പിച്ചതാണ് എന്ന് പറഞ്ഞുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ഇടപെടൽ.

**ദുഷ്യന്ത് ദവെ**

1994 മുതൽ സുപ്രീം കോടതി അഭിഭാഷകനായി പ്രവർത്തിച്ചുവരുന്ന ദുഷ്യന്ത് ദവെ അന്താരാഷ്ട്ര തലങ്ങളിൽ പ്രസിദ്ധി നേടിയിട്ടുള്ള നിയമപണ്ഡിതനാണ്. ഏറെ കോളിളക്കം സൃഷ്ടിച്ച ഹാദിയ കേസിൽ ഹാദിയക്ക് അനുകൂലമായി സുപ്രീംകോടതിയിൽനിന്ന് വിധി സമ്പാദിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചത് ദവെ ആയിരുന്നു. ലവ് ജിഹാദ് ഒരു കെട്ടിച്ചമച്ച ആരോപണം മാത്രമാണെന്ന് സുപ്രീംകോടതിയെ ബോധ്യപ്പെടുത്തുന്നതിലും അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്. നാഷണൽ ലീഗൽ സർവീസ് അതോറിറ്റി (NALSA), അമേരിക്കൻ ആർബിട്രേഷൻ അസോസിയേഷൻ (AAA) തുടങ്ങി ദേശീയവും അന്തർദേശീയവുമായ നിരവധി നിയമസംവിധാനങ്ങളുടെ ഭാഗമായ അദ്ദേഹം ഇന്റർനാഷണൽ ബാർ അസോസിയേഷന്റെ വൈസ് ചെയർമാൻ കൂടിയാണ്.

> **നമ്മുടെ രാജ്യം മനോഹരമായ ഒരു സംസ്കാരത്തിന്റെ അടിത്തറയിലാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. സഹസ്രാബ്ധങ്ങളായി നാം അംഗീകരിച്ചുവന്നിട്ടുള്ള പാരമ്പര്യമാണ് നമ്മുടെ അടിത്തറ. 5000 വർഷത്തിനുള്ളിൽ വിവിധങ്ങളായ മതങ്ങളെ നാം സ്വീകരിച്ചു. ഇങ്ങോട്ട് കടന്നുവന്ന മുഴുവൻ മതങ്ങളെയും സ്വീകരിച്ച നമ്മുടെ പാരമ്പര്യത്തെ കുറിച്ച് ലോകമെമ്പാടുമുള്ള ചരിത്രകാരന്മാർ വർണിച്ചിട്ടുണ്ട്. ഹിന്ദു, ബുദ്ധ, ജൈന എന്നീ മതങ്ങൾക്ക് ജന്മം നൽകിയ രാജ്യമാണ് ഇന്ത്യ. ഇസ്‌ലാം ഇവിടെ വന്നത് ഈ രാജ്യത്തെ കീഴ്പെടുത്തിക്കൊണ്ടല്ല. ബ്രിട്ടീഷുകാർ അടക്കമുള്ള അധിനിവേശ ശക്തികളൊഴികെ ആരും ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തെ കീഴ്പ്പെടുത്തിയതായി കാണാൻ കഴിയില്ല. സ്വതന്ത്രമായി, ഓരോ വ്യക്തിയുടെ ചിന്തയുടെ അടിസ്ഥാനത്തിൽ ഏതിനെയും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമാണ് നാം വളർത്തിയെടുത്ത പാരമ്പര്യം.**

ദവെ വാദം തുടങ്ങുന്നതിന് മുമ്പുതന്നെ ജസ്റ്റിസ് ഗുപ്ത ഇതുവരെ പല അഭിഭാഷകരും വാദിച്ച പോയിന്റുകളുടെ ആവർത്തനങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർഥിച്ചു. ദൈവം ഒന്നാണെങ്കിലും വിവിധ മതങ്ങളുടെ വീക്ഷണകോണിൽ ദൈവത്തിന് വിവിധ വ്യാഖ്യാനങ്ങളാണ് എന്നതുപോലെ ഒരേ ലോ പോയിന്റിന് തന്നെ വിവിധ അഭിഭാഷകർക്ക് വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളും അഭിപ്രായങ്ങളുമുണ്ടാകാമെന്നായിരുന്നു ദവെയുടെ മറുപടി.

**സ്കൂളുകൾ സൈനിക കേന്ദ്രങ്ങളല്ല**

പ്രീ യൂണിവേഴ്സിറ്റി സ്കൂളുകളായിട്ടുള്ള ചെറിയ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട വിഷയമാണിത്. നമ്മുടെ വിദ്യാർഥികൾ പഠിക്കുന്നത് സൈനിക വിദ്യാലയങ്ങളിലോ നാസികളുടെ പട്ടാളച്ചിട്ടയോടു കൂടിയുള്ള സ്കൂളുകളിലോ അല്ല. അതുകൊണ്ടുതന്നെ യൂണിഫോം എന്ന ഡ്രസ്കോഡിന് അമിതപ്രാധാന്യം നൽകിക്കൊണ്ടുള്ള ചർച്ച പ്രസക്തമേയല്ല.

**മതവൈവിധ്യം ഇന്ത്യയുടെ പാരമ്പര്യം**

നമ്മുടെ രാജ്യം മനോഹരമായ ഒരു സംസ്കാരത്തിന്റെ അടിത്തറയിലാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. സഹസ്രാബ്ദങ്ങളായി നാം അംഗീകരിച്ചുവന്നിട്ടുള്ള പാരമ്പര്യമാണ് നമ്മുടെ അടിത്തറ. 5000 വർഷത്തിനുള്ളിൽ വിവിധങ്ങളായ മതങ്ങളെ നാം സ്വീകരിച്ചു. ഇങ്ങോട്ട് കടന്നുവന്ന മുഴുവൻ മതങ്ങളെയും സ്വീകരിച്ച നമ്മുടെ പാരമ്പര്യത്തെ കുറിച്ച് ലോകമെമ്പാടുമുള്ള ചരിത്രകാരന്മാർ വർണിച്ചിട്ടുണ്ട്. ഹിന്ദു, ബുദ്ധ, ജൈന എന്നീ മതങ്ങൾക്ക് ജന്മം നൽകിയ രാജ്യമാണ് ഇന്ത്യ. ഇസ്‌ലാം ഇവിടെ വന്നത് ഈ രാജ്യത്തെ കീഴ്പെടുത്തിക്കൊണ്ടല്ല. ബ്രിട്ടീഷുകാർ അടക്കമുള്ള അധിനിവേശ ശക്തികളൊഴികെ ആരും ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തെ കീഴ്പ്പെടുത്തിയതായി കാണാൻ കഴിയില്ല.

സ്വതന്ത്രമായി, ഓരോ വ്യക്തിയുടെ ചിന്തയുടെ അടിസ്ഥാനത്തിൽ ഏതിനെയും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമാണ് നാം വളർത്തിയെടുത്ത പാരമ്പര്യം. എന്നാൽ ലവ് ജിഹാദിന്റെ പേരിൽ ഇവിടെ ചിലർ നിയമങ്ങൾ ഉണ്ടാ

ക്കുന്നു. ഗുജറാത്തിൽ മുസ്‌ലിം സമുദായത്തിൽ പെട്ടവർക്ക് വിൽപന നടത്താൻ പാടില്ലെന്ന നിയമം ഉണ്ടാക്കുന്നു. ഇതെല്ലാം നമ്മുടെ പാരമ്പര്യത്തിനെതിരാണ്. 5000 വർഷത്തെ സാംസ്‌കാരിക പാരമ്പര്യം അങ്ങനെ പെട്ടെന്ന് തകർക്കാൻ സാധിക്കുമോ? എന്താണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്?

**ഇസ്‌ലാമോഫോബിയ വളർത്താൻ ശ്രമം**

ഇസ്‌ലാം നമ്മെ കീഴ്‌പ്പെടുത്തുമെന്ന് ചിന്തിക്കുന്നത് വെറുതെയാണ്. അക്ബറിന്റെ കാലത്താണ് ഈ രാജ്യം ഏറെ പുരോഗതി പ്രാപിച്ചത് എന്ന് നാം ഓർക്കണം. അംബേദ്കറും പട്ടേലും ഭയപ്പെട്ടത് ഇപ്പോൾ യാഥാർഥ്യമായിക്കൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷ സമുദായങ്ങളെ പാർശ്വവൽക്കരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ അഭംഗുരം തുടർന്നുകൊണ്ടിരിക്കുകയാണ്. ഒരു രാജ്യത്ത് ഒരു ഹിന്ദുവിന് മുസ്‌ലിമിനെ വിവാഹം കഴിക്കാൻ മജിസ്‌ട്രേറ്റിന്റെ അനുമതി വേണമെങ്കിൽ നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന് എന്ത് പ്രസക്തി? സ്നേഹം എന്ന വികാരത്തെ ആർക്കെങ്കിലും ബന്ധിക്കാൻ കഴിയുമോ? അക്ബർ രജപുത്ര സ്ത്രീയെ വിവാഹം ചെയ്തിട്ടില്ലേ? അടുത്ത കാലത്ത് ബി.ജെ.പി അംഗങ്ങൾ മുസ്‌ലിം സ്ത്രീകളെ വിവാഹം ചെയ്ത വാർത്ത പുറത്തുവന്നിട്ടില്ലേ? പ്രണയ വിവാഹങ്ങളുടെ കാര്യങ്ങളിലേക്ക് അപ്രധാനമായ ഘടകങ്ങൾ കൂട്ടിച്ചേർത്ത് ഭീതിയും വിവാദങ്ങളുമുണ്ടാക്കി ന്യായാധിപന്മാർക്ക് മുമ്പിൽ അവതരിപ്പിക്കുകയും അവരുടെ വിലപ്പെട്ട സമയം കളയുകയും ചെയ്യുന്ന പ്രവണതയാണ് കൂടുതലും കാണുന്നത്. ഇത് എന്ത് ജനാധിപത്യമാണ്?

**നിയമങ്ങളെ ദുർവ്യാഖ്യാനിക്കുന്നു**

ഇപ്പോൾ വന്നിട്ടുള്ള കേസ് പ്രത്യക്ഷത്തിൽ യൂണിഫോമിനെ കുറിച്ചാണെങ്കിലും യഥാർഥത്തിൽ അതുവഴിയുണ്ടായ മുസ്‌ലിം പെൺകുട്ടികളുടെ അവകാശ നിഷേധത്തെ കുറിച്ചാണ് ഞങ്ങൾക്ക് പറയാനുള്ളത്. ദുരുദ്ദേശ്യത്തോടുകൂടി നിയമങ്ങൾ ഉണ്ടാക്കുന്നതിനെ കുറിച്ചാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഞങ്ങൾ ഭൂരിപക്ഷം പറയുന്നത് ന്യൂനപക്ഷം അനുസരിച്ചുകൊള്ളണമെന്ന് പറയുന്ന ധാർഷ്ട്യത്തെ കുറിച്ചാണ് ഞങ്ങൾക്ക് പറയാനുള്ളത്.




> **ഒരു രാജ്യത്ത് ഒരു ഹിന്ദുവിന് മുസ്‌ലിമിനെ വിവാഹം കഴിക്കാൻ മജിസ്‌ട്രേറ്റിന്റെ അനുമതി വേണമെങ്കിൽ നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന് എന്ത് പ്രസക്തി? സ്നേഹം എന്ന വികാരത്തെ ആർക്കെങ്കിലും ബന്ധിക്കാൻ കഴിയുമോ? അക്ബർ രജപുത്ര സ്ത്രീയെ വിവാഹം ചെയ്തിട്ടില്ലേ? അടുത്ത കാലത്ത് ബി.ജെ.പി അംഗങ്ങൾ മുസ്‌ലിം സ്ത്രീകളെ വിവാഹം ചെയ്ത വാർത്ത പുറത്തുവന്നിട്ടില്ലേ? പ്രണയവിവാഹങ്ങളുടെ കാര്യങ്ങളിലേക്ക് അപ്രധാനമായ ഘടകങ്ങൾ കൂട്ടിച്ചേർത്ത് ഭീതിയും വിവാദങ്ങളുമുണ്ടാക്കി ന്യായാധിപന്മാർക്ക് മുമ്പിൽ അവതരിപ്പിക്കുകയും അവരുടെ വിലപ്പെട്ട സമയം കളയുകയും ചെയ്യുന്ന പ്രവണതയാണ് കൂടുതലും കാണുന്നത്.**

**ഭരണഘടനയും കൃപാണും**

ഭരണഘടനാ ശിൽപികൾ ഒരിക്കലും സിഖുകാർ ധരിക്കുന്ന തലപ്പാവിനെ കുറിച്ച് സംസാരിച്ചിട്ടില്ല, അവർ കൃപാണിനെ കുറിച്ച് മാത്രമാണ് സംസാരിച്ചത്. ആയുധം വഹിക്കാനുള്ള അവകാശം മൗലികാവകാശമല്ല എന്നതിന്റെ പേരിൽ മാത്രമാണ് കൃപാണിനെ കുറിച്ച് ഭരണഘടനയിൽ എഴുതിച്ചേർത്തത്. അതുകൊണ്ട് കൃപാൺ മാത്രമെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളൂ എന്ന വാദം ഉയർത്തിപ്പിടിച്ച് ഭരണഘടന നൽകുന്ന വസ്ത്ര സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ശിരോവസ്ത്രം ധരിക്കുന്നതുവഴി ഇവിടെ ആരുടേയും വികാരം വ്രണപ്പെടുന്നില്ല. പിന്നെ എന്തിനാണ് ശിരോവസ്ത്രത്തിൽ പേരിൽ ഈ ആശങ്കകൾ പ്രചരിപ്പിക്കുന്നത്?

**കുട്ടികൾ മതങ്ങളെ പഠിക്കണം**

ഒരു ഹിന്ദു പെൺകുട്ടി ഹിജാബ് ധരിച്ച ഒരു മുസ്‌ലിം പെൺകുട്ടിയോട് നീ എന്തിനാണ് ഹിജാബ് ധരിക്കുന്നതെന്ന് ചോദിക്കുകയും അവൾ അവളുടെ മതത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്ന സെക്കുലറായ സ്ഥിതിവിശേഷം നമ്മുടെ വിദ്യാലയങ്ങൾ സംജാതമാവുകയാണെങ്കിൽ വിദ്യാലയങ്ങളുടെ സാമൂ

ഹികാവസ്ഥ വളരെ മനോഹരമായിരിക്കും. വർണവിവേചനത്തിന്റെ പേരിൽ അമേരിക്കയിൽ ബസുകളിൽ പോലും വേർതിരിക്കൽ നടക്കുന്ന വാർത്തകൾ നമ്മെ ഞെട്ടിപ്പിച്ചിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ വിദ്യാലയങ്ങളിൽ നാം പ്രാവർത്തികമാക്കുന്നത് അതേതരത്തിലുള്ള നടപടികൾ തന്നെയാണ്. ന്യൂനപക്ഷങ്ങളുടെ മതവേഷങ്ങളെയും അടയാളങ്ങളെയും നിരോധിച്ചു കൊണ്ടുള്ള നടപടികൾ ഇതാണ് സൂചിപ്പിക്കുന്നത്. അമേരിക്കയിൽ കറുത്ത വർഗമെങ്കിൽ ഇവിടെ ന്യൂനപക്ഷങ്ങൾ എന്ന വ്യത്യാസം മാത്രമേയുള്ളൂ.

**ഭൂരിപക്ഷ-ന്യൂനപക്ഷ ധാരണ വളരണം**

സർദാർ വല്ലഭായ് പട്ടേൽ ഭരണഘടനാ അസംബ്ലിയിൽ പറഞ്ഞ ചില വാചകങ്ങൾ നാം ഒന്നു കൂടി കേൾക്കണം: 'ഭൂരിപക്ഷത്തെ കുറിച്ച് ന്യൂനപക്ഷങ്ങൾക്കിടയിൽ ആത്മവിശ്വാസം വളർത്തുന്ന നടപടികളാണ് ഉണ്ടാവേണ്ടത്. ന്യൂനപക്ഷത്തോട് മോശമായി പെരുമാറുന്നതുപോലെ ഭൂരിപക്ഷത്തോടും ആരെങ്കിലും പെരുമാറിയാൽ അത് എങ്ങനെ അനുഭവപ്പെടുമെന്ന് ഭൂരിപക്ഷവും ചിന്തിക്കണം.' മൈനോറിറ്റി കമ്മീഷന്റെ ചെയർമാൻ കൂടിയായിരുന്നു ഭൂരിപക്ഷ വിഭാഗത്തിൽ പെട്ട സർദാർ പട്ടേൽ എന്ന കാര്യവും കൗതുകത്തോടെ നാം കാണേണ്ടതുണ്ട്. ദുഷ്യന്ത് ദവെ സർദാർ പട്ടേലിന്റെയും അംബേദ്കറുടെയും ചില ഉദ്ധരണികൾ കൂടി കോടതിയെ വായിച്ചു കേൾപിച്ചു.

**ന്യൂനപക്ഷങ്ങൾ ഇന്ത്യയിൽ**

ഈ കോടതിയിൽ പ്രാധാന്യമുള്ള ഒരേയൊരു 'മതം' ഇന്ത്യൻ ഭരണഘടനയാണ്. ഹിന്ദുക്കൾക്ക് ഗീതയും മുസ്‌ലിംകൾക്ക് ഖുർആനും സിഖുകാർക്ക് ഗുരു ഗ്രന്ഥ് സാഹിബും ക്രിസ്ത്യാനികൾക്ക് ബൈബിളും പ്രധാനമാണ് എന്ന പോലെ നാം ഇന്ത്യക്കാർക്ക് നമ്മുടെ ഭരണഘടന വളരെ പ്രധാനമാണ്. ഭരണഘടനയില്ലാതെ നമുക്ക് ഒരു സമൂഹമായി നിലനിൽക്കാൻ സാധിക്കില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഇന്ത്യയിലും ഇന്ത്യയുടെ ഭരണഘടനയിലെ പൂർണമായ വിശ്വാസമുണ്ട്. അതുകൊണ്ടാണ് ആയിരക്കണക്കിന് ആത്മഹത്യാബോംബുകൾ ഇസ്‌ലാമിക രാജ്യങ്ങളിൽ നടക്കുമ്പോൾ ഇന്ത്യയിൽ ഒന്നുപോലും സംഭവിക്കാതിരിക്കുന്നത്. ഇറാഖിലും സിറിയയിലും നടക്കുന്ന ആത്മഹത്യാബോംബുകളെ കുറിച്ചുള്ള വാർത്തകൾ നാം നിത്യേന വായിക്കുന്നുവെങ്കിൽ ഇന്ത്യയിൽ നടക്കുന്ന ഒരു ആത്മഹത്യാബോംബിനെ കുറിച്ചും നാം കേൾക്കുന്നില്ല. അതിനുള്ള കാരണം ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യയിലുള്ള വിശ്വാസമാണ്.

> **ഹിന്ദുക്കൾക്ക് ഗീതയും മുസ്‌ലിംകൾക്ക് ഖുർആനും സിഖുകാർക്ക് ഗുരു ഗ്രന്ഥ് സാഹിബും ക്രിസ്ത്യാനികൾക്ക് ബൈബിളും പ്രധാനമാണ് എന്ന പോലെ നാം ഇന്ത്യക്കാർക്ക് നമ്മുടെ ഭരണഘടന വളരെ പ്രധാനമാണ്. ഭരണഘടനയില്ലാതെ നമുക്ക് ഒരു സമൂഹമായി നിലനിൽക്കാൻ സാധിക്കില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഇന്ത്യയിലും ഇന്ത്യയുടെ ഭരണഘടനയിലെ പൂർണമായ വിശ്വാസമുണ്ട്. അതുകൊണ്ടാണ് ആയിരക്കണക്കിന് ആത്മഹത്യാബോംബുകൾ ഇസ്‌ലാമിക രാജ്യങ്ങളിൽ നടക്കുമ്പോൾ ഇന്ത്യയിൽ ഒന്നുപോലും സംഭവിക്കാതിരിക്കുന്നത്. അതിനുള്ള കാരണം ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യയിലുള്ള വിശ്വാസമാണ്**

**മതപ്രബോധനവും ഭരണഘടനയും**

സഹിഷ്ണുത എന്ന മഹനീയമായ ആശയത്തിന്മേലാണ് ഭരണഘടനയിലെ 25ാം അനുച്ഛേദം നിർമിക്കപ്പെട്ടിരിക്കുന്നത്. ദുഷ്യന്ത് ദവെ അതിനെ സംബന്ധിച്ച് സംസാരിച്ചു തുടങ്ങുന്നതിനിടെ ജസ്റ്റിസ് ധൂലിയ ഇടപെട്ടുകൊണ്ട് ഇങ്ങനെ ചോദിച്ചു: '25ാം അനുച്ഛേദത്തിലെ 'Propagate' എന്ന പദത്തിന്റെ പ്രസക്തി എന്താണെന്ന് ഭരണഘടനാ അസംബ്ലിയിൽ ആരെങ്കിലും ചോദിച്ചിട്ടുണ്ടോ? ക്രിസ്തീയ മതം പോലെയുള്ള മതങ്ങളിൽ മതം പ്രചരിപ്പിക്കുക എന്നത് വിശ്വാസത്തിന്റെ അതിപ്രധാനമായ ഭാഗമായത് കൊണ്ടാണോ?'


**പ്രബോധനം ഹിന്ദുമതത്തിലും**

എന്നാൽ മതപ്രബോധനം ക്രിസ്തീയ മതത്തിൽ മാത്രമല്ല ഹിന്ദുമതത്തിലുമുണ്ടെന്നായിരുന്നു ദുഷ്യന്ത് ദവെയുടെ പക്ഷം. 'ഹരേ കൃഷ്ണ മൂവ്മെന്റ്' എന്ന പേരിൽ അറിയപ്പെടുന്ന The International Socitey for Krishna Consciousness (ISKCON) എന്ന പ്രസ്ഥാനം മനോഹരമായ വിധത്തിൽ ഹൈന്ദവ ദർശനത്തെ പ്രചരിപ്പിക്കുന്നവരാണ്. ഭരണഘടനാ അസംബ്ലിയിലെ അംഗമായിരുന്ന തമിഴ്നാട്ടിലെ ടി.ടി.കൃഷ്ണമാചാരിയുടെ വാചകങ്ങൾ ശ്രദ്ധിക്കുക: 'ഞാൻ ക്രിസ്ത്യൻ സ്കൂളുകളിലെ വിദ്യാർഥിയായിരിക്കെ അവിടെ മതപരിവർത്തനത്തിനുള്ള ഒരു ശ്രമവും നടന്നിട്ടില്ലെന്ന് എന്റെ സ്വന്തം അനുഭവത്തിൽനിന്ന് എനിക്ക് പറയാൻ കഴിയും.' ക്രിസ്ത്യൻ സ്കൂളുകളെ കുറിച്ച് നാം എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത്? എന്റെ മക്കൾ ക്രിസ്ത്യൻ സ്കൂളുകളിലാണ് പഠിക്കുന്നത്. അവർ ഇന്നേവരെ ഒരു ബൈബിൾ പോലും വീട്ടിൽ കൊണ്ടുവന്നിട്ടില്ല. മിഷനറിമാർ വിദൂരസ്ഥലങ്ങളിലും മറ്റും വിദ്യാഭ്യാസം നൽകിക്കൊണ്ടുള്ള സേവനപ്രവർത്തനങ്ങൾ നടത്തുകയാണ് ചെയ്യുന്നത്.

*(അടുത്ത ലക്കത്തിൽ:*
**മതസ്വാതന്ത്ര്യം ഭരണഘടന നിർമാണ ചർച്ചകളിൽ)**

# വ്യവഹാര പ്രശ്നങ്ങൾ; സംഗ്രഹം

ഡോ.മുനവ്വർ




സമൂഹം അംഗീകരിച്ചിട്ടുള്ള വ്യവഹാര നിലവാരവുമായി പൊരുത്തപ്പെടാത്ത വ്യവഹാര മാതൃകകളെ അപസാമാന്യ വ്യവഹാരം എന്നു പറയാവുന്നതാണ്. ജനനം മുതൽ കൗമാരംവരെയുള്ള ജീവിതഘട്ടത്തിൽ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികാസത്തിൽ സംഭവിക്കുന്ന കുറവുകൾ മൂലമുണ്ടാകുന്ന ക്രമരാഹിത്യങ്ങളുടെ കൂട്ടത്തെ വികാസപരമായ ക്രമരാഹിത്യങ്ങൾ എന്നുപറയാവുന്നതാണ്. സമൂഹത്തിന്റെ പ്രതീക്ഷയ്ക്കു നിരക്കാത്ത വിധത്തിലുള്ള കുട്ടികളുടെയോ കൗമാരപ്രായക്കാരുടെയോ പ്രതികരണത്തെയാണ് വ്യവഹാര പ്രശ്നമായി കരുതുന്നത്.

ബാല്യകാലത്ത് സാമൂഹിക ജീവിതക്രമവുമായി ബന്ധപ്പെട്ടു സാമാന്യജീവിതം നയിക്കുന്നതിനു കഴിവില്ലാതെവരുന്ന വികാസപരമായ ഒരു തകരാറാണ് ഓട്ടിസം. ഓട്ടിസവുമായി ബന്ധപ്പെട്ട ഏകാന്തത, ആശയവിനിമയപ്രശ്നങ്ങൾ, അനുഷ്ഠാനപരവും ശാഠ്യംപിടിക്കൽ സംബന്ധവുമായ പ്രതിഭാസം, അചേതവസ്തുക്കളോടുള്ള അമിത താൽപര്യം, സംസാരശേഷി വിമന്ദനം, താളാത്മക ചലനപ്രകടനം, വലിയ ശബ്ദത്തോടുള്ള പേടി എന്നിവ ഓട്ടിസം ബാധിച്ചിട്ടുള്ള കുട്ടികളുടെ സ്വഭാവ സവിശേഷതകളാണ്. കുടുംബബന്ധങ്ങളിലെ പരസ്പര പ്രവർത്തനത്തിന്റെ അഭാവം, സിരാസംബന്ധമായ അപസാമാന്യത, ബുദ്ധിക്കുറവ് എന്നിവയാണ് ഓട്ടിസത്തിന്റെ പ്രധാന കാരണങ്ങൾ. പ്രത്യേകതരത്തിലുള്ള വിദ്യാഭ്യാസം, വ്യവഹാര പരിഷ്കരണം, രക്ഷാകർത്താക്കൾക്കു നൽകുന്ന മാർഗനിർദേശങ്ങൾ എന്നിവവഴി ഓട്ടിസം ബാധിച്ച കുട്ടികളെ നേർവഴിക്കു കൊണ്ടുവരാവുന്നതാണ്.

ജനനം മുതൽ, അല്ലെങ്കിൽ ശൈശവം, ബാല്യം, കൗമാരം തുടങ്ങിയ മറ്റേതെങ്കിലും ഘട്ടത്തിൽ ഉണ്ടാകുന്ന ബുദ്ധിക്കുറവിനെ അഥവാ സമൂഹത്തിന്റെ പ്രതീക്ഷയ്ക്കനുസരണമായി ഉയർന്നു പ്രവർത്തിക്കാനുള്ള കഴിവില്ലായ്മയെയാണ് മാനസിക വിമന്ദനം എന്നുപറയുന്നത്. മാനസിക വിമന്ദനത്തെ വളരെ ചെറിയതോതിലുള്ളത്, സാമാന്യതോതിലുള്ളത്, കടുത്തതോതിലുള്ളത്, വളരെ കടുത്ത തോതിലുള്ളത് എന്നിങ്ങനെ നാലായി തരംതിരിക്കാവുന്നതാണ്. ഗർഭസ്ഥ ജീവിതഘട്ടത്തിലെ പ്രശ്നങ്ങൾ, പ്രസവസമയത്തുള്ള തകരാറുകൾ, ശൈശവത്തിലും ബാല്യത്തിലും ഉണ്ടാകുന്ന അപകടങ്ങൾ, ജനിതക തകരാറുകൾ, സാമൂഹിക-സാംസ്കാരികഘടകങ്ങൾ തുടങ്ങിയവ മാനസിക വിമന്ദനത്തിനു കാരണമാകാറുണ്ട്. മാനസിക വിമന്ദനം ബാധിച്ചവരുടെ ഉത്തരവാദിത്തം കുടുംബം ഏറ്റെടുക്കുകയും രക്ഷാകർത്താക്കൾ രോഗനിർണയം അംഗീകരിച്ചുകൊണ്ട് ആവശ്യമായ പരിരക്ഷകൾ നൽകുകയും ചെയ്താൽ മാനസികവിമന്ദനം ഏറക്കുറെ പരിഹരിക്കാവുന്നതാണ്. ചിലപ്പോൾ മാനസിക വിമന്ദനം ബാധിച്ചവരെ പ്രത്യേകസ്ഥാപനങ്ങളിൽ പാർപ്പിക്കേണ്ടിവരും.

സാമൂഹികവൽക്കരണം ഇല്ലായ്മ, മറ്റു വ്യക്തികളോടും സമൂഹത്തോടും സാമൂഹിക മൂല്യങ്ങളോടും ചട്ടങ്ങളോടും കൂറുപുലർത്താൻ കഴിയാതിരിക്കുക, സമൂഹവുമായി കൂടെക്കൂടെ വഴക്കുകളിൽ ഏർപ്പെടുക തുടങ്ങിയവ സാമൂഹികവിരുദ്ധരുടെ ലക്ഷണങ്ങളാണ്. ധാർമികമൂല്യ

ങ്ങളുടെ അഭാവം, ഉൽക്കണ്ഠയും കുറ്റബോധവും ഇല്ലായ്മ, നിരുത്തരവാദിത്തം, ആവേശജനകമായ വ്യവഹാരം, ന്യായീകരണമിടുക്ക്, അധികാരികളെ നിഷേധിക്കലും അനുഭവങ്ങളിൽനിന്നും നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള കഴിവില്ലായ്മയും, സാമൂഹിക ബന്ധത്തോടുള്ള നിസ്സംഗത തുടങ്ങിയവ സാമൂഹിക വിരുദ്ധ വ്യക്തികളുടെ സ്വഭാവ സവിശേഷതകളാണ്. സാമൂഹികവിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വത്തിന്റെ കാരണഘടകങ്ങൾ കുടുംബം, സാമൂഹിക പശ്ചാത്തലം, പഠനത്തിലെ ന്യൂനതകൾ, കേന്ദ്രനാഡീവ്യൂഹത്തിന്റെ അസാധാരണത്വം എന്നിവയാണ്. സാമൂഹികവിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം പരിഹരിക്കുന്നതിന് വ്യക്തിഗത മനോവിശ്ലേഷണം, സമൂഹചികിത്സ, ഔഷധചികിത്സ, വ്യവഹാരചികിത്സ തുടങ്ങിയ രീതികൾ അവലംബിച്ചുവരുന്നു.

ശരീരത്തിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഒന്നോ അതിലധികമോ ശാരീരികഘടകത്തിന്റെയോ അല്ലെങ്കിൽ മാനസിക ഘടകത്തിന്റെയോ പ്രവർത്തനത്തെ ബാധിക്കുന്ന ഏതൊരു വസ്തുവിനെയും മയക്കുമരുന്ന് (ഔഷധം) എന്നു പറയാവുന്നതാണ്. ലഹരിപദാർഥത്തിന്റെ ഒരു പ്രത്യേക അളവിലുള്ള തുടർച്ചയായ ഉപയോഗംമൂലം ഉണ്ടാകുന്ന കുറഞ്ഞ പ്രതികരണത്തെയാണ് സഹനശക്തി എന്നു പറയുന്നത്. സ്ഥിരമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു ലഹരിപദാർഥം ഉപയോഗിക്കാതിരുന്നാൽ പലതരത്തിലുള്ള അസ്വാസ്ഥ്യങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും അനുഭവപ്പെടും. ഇതിനെ പിൻവാങ്ങൽ ലക്ഷണങ്ങൾ എന്നു പറയും. വ്യക്തിയുടെയും സമൂഹത്തിന്റെയും നാശത്തിനു കാരണമാകുന്ന വിധത്തിൽ ഇടവിട്ടിടവിട്ടുള്ള അല്ലെങ്കിൽ തുടർച്ചയായിട്ടുള്ള ലഹരിയെ അഥവാ മത്തിനെയാണ് ലഹരിപദാർഥ അടിമത്തം എന്നു പറയുന്നത്. സന്തോഷത്തിനുവേണ്ടിയോ അല്ലെങ്കിൽ അസ്വസ്ഥത ഒഴിവാക്കുന്നതിനുവേണ്ടിയോ ഒരു വ്യക്തി തുടർച്ചയായി ലഹരിപദാർഥം ഉപയോഗിക്കുന്നതിനു നിർബന്ധിതനായിത്തീരുന്നതിനെയാണ് മനശ്ശാസ്ത്രപരമായ ലഹരി ആശ്രിതത്വം എന്നു പറയുന്നത്.

ജൈവ രാസഘടകങ്ങൾ, വ്യക്തിത്വ ഘടകങ്ങൾ, സാമൂഹിക-സാംസ്കാരിക പാരിസ്ഥിതിക സ്വാധീനത എന്നിവയാണ് വ്യക്തികളെ മയക്കുമരുന്ന് അടിമകളാക്കി മാറ്റുന്ന കാരണഘടകങ്ങൾ. കുടുംബത്തിന്റെയും പ്രത്യേകം വൈദഗ്ധ്യം നേടിയിട്ടുള്ളവരുടെയും സമൂഹത്തിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമെ ലഹരിപദാർഥ അടിമത്തത്തിനു വിധേയരായിട്ടുള്ളവരെ അതിൽനിന്നു വിമുക്തരാക്കി സാമൂഹികജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ കഴിയൂ.

കുട്ടികളിൽ കണ്ടുവരുന്ന ഒരു വ്യവഹാര പ്രശ്നമാണ് അടിസ്ഥാനരഹിത കോപപ്രകടനം. ലജ്ജ, മുഖം വീർപ്പിക്കൽ ശുണ്ഠികാട്ടൽ, ചവിട്ട്, നിലവിളി, ശ്വാസം പിടിച്ചുള്ള കരച്ചിൽ, നിലത്തുകിടന്നുള്ള ഉരുളൽ എന്നീ മാർഗങ്ങളിലൂടെയുള്ള നിയന്ത്രണാതീത കോപപ്രകടനത്തെ അടിസ്ഥാനരഹിത കോപപ്രകടനം എന്നു നിർവചിക്കാവുന്നതാണ്. ശരീരഘടനാപരമായ അപസാമാന്യതകൾ, രക്ഷാകർത്താക്കളുടെ അമിതസംരക്ഷണം, മാതൃക അനുകരിക്കൽ, വൈകാരിക സുരക്ഷിതത്വമില്ലായ്മ എന്നിവയാണ് അടിസ്ഥാനരഹിത കോപപ്രകടനത്തിന്റെ പ്രധാന കാരണങ്ങൾ. പൊതുവായിട്ടുള്ള ശരീരപരിശോധന, ശിശുപരിപാലന വ്യവഹാര പരിഷ്കരണം, രക്ഷാകർത്താക്കളുടെ വൈകാരിക പക്വത എന്നിവ അകാരണ കോപപ്രകടന നിയന്ത്രണത്തിന് ആവശ്യമാണ്.

മനപ്പൂർവം തെറ്റായ കാര്യങ്ങൾ പറയുക, ഇല്ലാത്ത കാര്യങ്ങൾ ഉണ്ടാക്കിപ്പറയുക, കാര്യങ്ങൾ തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തിൽ പറഞ്ഞു ഫലിപ്പിക്കുക, കാര്യങ്ങൾ വളച്ചൊടിച്ചു പറയുക എന്നിവയൊക്കെ ചേർന്നതാണ് കള്ളം പറയൽ. കള്ളം പറയൽ എട്ടു തരത്തിൽ ഉണ്ട്. തമാശയ്ക്ക് പറയുന്ന കള്ളങ്ങൾ, വിചിത്ര കൽപനാ കള്ളങ്ങൾ, തെറ്റിദ്ധരിപ്പിക്കുന്ന കള്ളങ്ങൾ, സ്വാഭിമാനം വളർത്തുന്നതിനുള്ള കള്ളങ്ങൾ, പ്രതികാരാത്മക കള്ളങ്ങൾ, സ്വാർഥ തൽപരമായ കള്ളങ്ങൾ, കൂറു പുലർത്താനുള്ള കള്ളങ്ങൾ, രോഗസംബന്ധിയായ കള്ളങ്ങൾ എന്നിവയാണിവ. കള്ളം പറയൽ സ്വഭാവത്തിന്റെ അടിസ്ഥാന കാരണത്തെക്കുറിച്ചുള്ള അന്വേഷണം, പ്രകോപനപരമായ സന്ദർഭം ഒഴിവാക്കൽ, കള്ളം പറയുന്നവന്റെ കുറ്റസമ്മതം, അനുഗുണ നിർദേശങ്ങൾ, ശിക്ഷ, കുട്ടികളുടെ ആവശ്യങ്ങളുടെ പൂർത്തീകരണം എന്നീ മാർഗങ്ങളിലൂടെ കള്ളം പറയൽ സ്വഭാവത്തെ നിയന്ത്രിക്കാവുന്നതാണ്.

സ്കൂളിൽ പോകാതിരിക്കുക, അനുവാദം കൂടാതെ ക്ലാസ്സിൽനിന്നു പുറത്തുപോയി ചുറ്റിക്കറങ്ങുക തുടങ്ങിയ വ്യവഹാരത്തെയാണ് ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറൽ എന്നു പറയുന്നത്. ഒരാളുടെ അറിവോ അനുവാദമോ കൂടാതെ അയാളുടെ ഏതെങ്കിലും വസ്തു എടുത്തുകൊണ്ടുപോകുന്നതിനെയാണ് മോഷണം എന്നു പറയുന്നത്. പത്തു വയസ്സിനും 18 വയസ്സിനും മധ്യെ പ്രായമുള്ള കുട്ടികൾ ചെയ്യുന്ന നിയമലംഘന വ്യവഹാരങ്ങളെ കൗമാരകുറ്റകൃത്യങ്ങൾ എന്നു പറയുന്നു. കൗമാരകുറ്റകൃത്യങ്ങളുടെ കാരണഘടകങ്ങൾ കുടുംബം, സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകൾ, വ്യക്തിത്വം, സാമ്പത്തികം എന്നിവയാണ്. കൗമാര കുറ്റവാളികളെ നിയന്ത്രിച്ചു പുനരധിവസി പ്പിക്കുന്നതിനുള്ള പ്രധാന മാർഗങ്ങളാണ് പരീക്ഷണകാലഘട്ടം അനുവദിക്കൽ, ദുർഗുണ പരിഹാരസ്ഥാപനങ്ങളിൽ അയക്കൽ, മനശ്ശാസ്ത്രരീതി അവലംബിച്ചുള്ള നിയന്ത്രണം എന്നിവ.

**(അവസാനിച്ചു)**

# ആരു പടച്ചു?

**ഖദീജ നാസർ, പെരുമ്പാവൂർ**

ആകാശം കണ്ടോ നീ ആകാശം,
മോനേ, നീ കണ്ടോ ആകാശം?
നീല നിറമുള്ള ആകാശം
ആഹാ കാണാൻ എന്തു ചന്തം!
ചുറ്റിലും നോക്കിയാൽ കാണാമെ
സുന്ദര കാഴ്ചകൾ എമ്പാടും.
പലതരം മരവും ചെടികളുണ്ട്,
പച്ചനിറത്തിൽ ഇലകളുണ്ട്,
പച്ചയിൽ തന്നെ പല വർഗം!
ഒത്തിരി വർണത്തിൽ പൂക്കളുണ്ട്,
പല പല മണമുള്ള പൂക്കളുണ്ട്.
പക്ഷികൾ പാറിപ്പറന്നിടുന്നു,
ഏതെല്ലാം പക്ഷി, മൃഗങ്ങളുണ്ട്
പേരുകൾ ഓർത്തു പറഞ്ഞിടാമോ?
പുഴകൾ അരുവികൾ കടലുമുണ്ട്,
അവയിലായ് പലവിധ മൽസ്യമുണ്ട്.
ആരാണിതൊക്കെ പടച്ചതെന്ന്
മോനേ, നീ നന്നായ് അറിഞ്ഞിടേണം.
എണ്ണിയാൽ തീരാത്തനുഗ്രഹങ്ങൾ
ഏകിയതാരെന്നറിഞ്ഞിടേണം.
ഏകനാം അല്ലാഹുവാണിതെല്ലാം
സൃഷ്ടിച്ചതെന്നത് ഓർത്തിടേണം.
അവനെ നാമെപ്പോഴും വാഴ്ത്തിടേണം,
അവനോടു നന്ദി നാം കാട്ടിടേണം.

■



# പുറത്തിറങ്ങി...

അടിസ്ഥാനം കാഴ്ച തന്നെ!
കണക്കിനെ അവലംബിക്കാമോ?
എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478



RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
24 DECEMBER 2022


Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി...

## സ്ത്രീ ഇസ്‌ലാമിൽ

**സ്ത്രീയെ ഇസ്‌ലാം പരിഗണിച്ചില്ല എന്ന
അജ്ഞത വിളിച്ച് പറയുന്നവർക്ക്
സുവ്യക്തമായ വൈജ്ഞാനിക വിശദീകരണമാണ്
ലോക പ്രസിദ്ധ പണ്ഡിതനും മദീനാ ഇസ്‌ലാമിക്
യൂണിവേഴ്സിറ്റിയിലെ അധ്യാപകനുമായ
ഡോ. അബ്ദുറസാക് അൽബദ്ർ രചിച്ച ഈ കൃതി.**

**അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനിയാണ്
പരിഭാഷ നിർവഹിച്ചത്.**






WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478